Reg. M. No. 2293

അപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കന്നി 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 സെപ്റ്റംബർ 23 | ലക്കം 6

## വ്യാകുലാംബികയും ദിവ്യകാരുണ്യയീശോയും

(റവ. എം. മത്തായി)

ത്രിലോകരാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തെ ദൈവം എത്രകണ്ടു മഹത്വീകരിച്ചുവോ അതിനനുസരണമായവിധം ബഹുമാനവണക്കങ്ങൾ അർപ്പിക്കുന്നതിൽ സത്യസഭാസാമ്രാജ്യമൊന്നാകെ അതീവതാല്പര്യം പ്രദർശിപ്പിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ദൈവമാതാവിൻെറ സ്തുതിക്കായി ആണ്ടുവട്ടത്തിൽ അനേകം തിരുനാളുകൾ തിരുസ്സഭ ആഘോഷിക്കുന്നുണ്ടു്. ദൈവമാതാവിൻെറ സ്ഥാനമാഹാത്മ്യങ്ങളെ എണ്ണിയെണ്ണി അനുസ്മരിപ്പിക്കുന്നതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ് ഈ തിരുനാളുകളോരോന്നും. ആത്മശരീരങ്ങളോടുകൂടിയ അവിടുത്തെ സ്വർഗ്ഗാരോപണസത്യം സാഘോഷം പ്രഖ്യാപനംചെയ്തതും, അവിടുത്തെവിമലഹൃദയത്തിരുനാൾ സകാരണം സ്ഥാപിതമായതും ഈ അടുത്തകാലത്തുമാത്രമാണെന്നു് അനുസ്മരിക്കുമ്പോൾ "എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും" എന്നുള്ള ദിവ്യജനനിയുടെ പ്രവചനം ലോകാവസാനത്തോളം ഇനിയും അനവരതമായിക്കൊണ്ടു തന്നെയിരിക്കുമെന്നു നിശ്ചയിക്കാവുന്നതാണ്. ഇങ്ങനെ അനുനിമിഷം നവംനവങ്ങളായ പുണ്യപദവികൾ നൽകി പ്രകീർത്തിച്ചാലും മറിയത്തെസംബന്ധിച്ചിടത്തോളം അതു് ഒട്ടും അധികമാകുന്നതല്ല. എന്നിരുന്നാലും ദിവ്യരക്ഷകൻെറ മരണശാസനപ്രകാരം നാം ഏറെറടുത്ത ചില കടപ്പാടുകൾ അമ്മയുടെ നേർക്കു ചെയ്തുവീട്ടേണ്ടതായി നമ്മുടെ പക്ഷത്തു പിന്നെയും അവശേഷിക്കുന്നുണ്ടെന്നു കാണാൻ കഴിയും.

കുരിശിൻചുവട്ടിൽവച്ചുള്ള ഏററവും അധികമായ വ്യാകുലാവസ്ഥയിലാണ് ദിവ്യരക്ഷകൻ മറിയത്തെ നമുക്കു് അമ്മയായി നൽകിയതു്. ആകയാൽ നമ്മുടെഅമ്മയ്ക്കു് എത്രയധികമായ സ്തുതിഗീതങ്ങൾ അർപ്പിച്ചാലും വ്യാകുലചിത്തയായ അങ്ങയെ ആശ്വസിപ്പിക്കേണ്ട പ്രഥമകർത്തവ്യം നമ്മിൽ അവശേഷിക്കുകതന്നെ ചെയ്യും. അത്ഭുതങ്ങളിൽ അത്യത്ഭുതമായവിധം ഉത്ഥാനംചെയ്ത ദിവ്യസുതനെ കണ്ടു സംതൃപ്തയും മഹത്വപൂർണ്ണയും ആയിരിക്കുന്ന അവസ്ഥയിൽ ആ നാഥയെ നമ്മുടെ അമ്മയായി പ്രഖ്യാപിക്കാമായിരുന്നു. വി. യോഹന്നാൻ വഴിയായിത്തന്നെ അതു മിശിഹായ്ക്കു സാധിക്കുമായിരുന്നു. ദിവ്യഗുരു തൻെറ ഉത്ഥാനശേഷമായി അന്നു ശ്ലീഹന്മാർക്കു സഭാഭരണാധികാരം നൽകി അവരെ സഭാപിതാക്കന്മാരായി അഭിഷേകം ചെയ്തു്. എന്നാൽ ക്രൂശിതനായ മിശിഹാ തൻെറ അന്ത്യനിമിഷത്തിലെ മരണവേദനകൾക്കിടയ്ക്കു് വി. യോഹന്നാനോടു് "ഇതാ നിൻെറ അമ്മ" എന്നു അരുളിച്ചെയ്തപ്പോൾ വ്യാകുലാധിക്യംകൊണ്ടു തളർന്നു പരവശയായ മറിയത്തെയാണ് നമ്മുടെ അമ്മയായി ഏല്പിച്ചതു്. ഭയാനകങ്ങളായ പീഡകൾക്കു വിധേയരായ അനേകം രോഗികളെപ്പോലും ഒററനിമിഷംകൊണ്ടു സ്വസ്ഥരാക്കി വിട്ടയച്ചവനായ സർവ്വശക്തൻ തൻെറ മാതാവിനെ വ്യാകുലതകൾക്കു ശമനം വരുത്തുവാനായി യോഹന്നാൻെറ പരിലാളനകൾക്കു വിധേയയാക്കുന്നു. ഇവിടെയാണ് അമ്മയോടുള്ള നമ്മുടെ പ്രഥമകർത്തവ്യം—ഏറെറടുത്ത കടമ—അമ്മയെ ആശ്വസിപ്പിക്കുക എന്നുള്ളതാണെന്നു സ്പഷ്ടമാകുന്നതു്.




വി. യോഹന്നാൻ കുരിശിൻ ചുവട്ടിൽവച്ചു ഭാവിതലമുറയ്ക്കുവേണ്ടിക്കൂടിയാണ് പ്രാതിനിധ്യം വഹിച്ചിട്ടുള്ളതെങ്കിൽ വി. യോഹന്നാനിൽനിന്നും അന്നു് അമ്മയ്ക്കു ലഭിച്ച ആശ്വാസകൃത്യങ്ങൾ ഇന്നു നമ്മിൽനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ അന്നു ഗാഗുൽത്തായിൽവച്ചുണ്ടായ കഠിനവ്യാകുലതകൾക്കു് അമ്മ ഇന്നു വിധേയയാണോ എന്നു നാം അന്വേഷിക്കേണ്ടതല്ലേ? അതിനായി നാം അത്ര ബദ്ധപ്പെടണമെന്നുമില്ല. വി: കുർബാനയെന്ന ദിവ്യബലിയെപ്പററി അല്പമൊന്നു ചിന്തിച്ചാൽമാത്രംമതി; ഗാഗുൽത്തായിലെ ബലിതന്നെ ഇന്നു ദേവാലയത്തിലെ ബലിപീഠത്തിൽ ആവർത്തിക്കുന്നിടത്തോളംകാലം ദിവ്യസുതനെ ഓർത്തു് അമ്മ ഇന്നും വ്യാകുലത അനുഭവിക്കുന്നുവെന്നു നമുക്കു കാണാൻ കഴിയും.

പരിശുദ്ധ കന്യകാമറിയത്തിൻെറ സ്വന്തം മാംസരക്തങ്ങളിൽനിന്നും ഉരുവാക്കപ്പെട്ട മിശിഹായുടെ തിരുശ്ശരീരംതന്നെയാണ് ഇന്നു പരിശുദ്ധകുർബാനയിലും എഴുന്നെള്ളിയിരിക്കുന്നതു്. അത്ഭുതങ്ങൾ കണ്ടാലും വിശ്വസിക്കാത്ത ദൈവദ്രോഹികൾ ഗാഗുൽത്തായിൽവച്ചു മിശിഹായുടെ തിരുശ്ശരീരത്തോടുചെയ്ത കഠോരോപദ്രവങ്ങളെല്ലാം ഇന്നു വിശുദ്ധ കുർബാനയുടെനേർക്കും ചെയ്യാതിരിക്കുന്നില്ല. ഇന്നു കമ്മ്യൂണിസത്തിലേക്കു തിരിഞ്ഞിരിക്കുന്ന ഒരുകൂട്ടം ജനത അവരുടെ നിരീശ്വരവാദംമൂലം വി: കുർബാനയിലുള്ള ദിവ്യസാന്നിധ്യത്തേയും നിഷേധിക്കുന്നു. എന്നുമാത്രമല്ല, മിശിഹായുടെ പ്രതിനിധികളായ പുരോഹിതന്മാരെ, അവർ നിന്ദിക്കയും കഠിനോപദ്രവങ്ങൾക്കു വിധേയരാക്കുകയും ചിലരെ വധിക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ മിശിഹായുടെ തിരുശ്ശരീരത്തിലേററ കഠിനപീഡകളെപ്രതിയുള്ള അമ്മയുടെ ദുഃഖപാരവശ്യങ്ങൾ ഗാഗുൽത്തായിൽ വച്ചാരംഭിച്ചതു് മറെറാരു പ്രകാരത്തിൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതായിക്കാണാം.

തിരുസ്സഭയുടെ ആരംഭകാലത്തു് മിശിഹായുടെ മൗതികശരീരംതന്നെയായ സഭയെ ശത്രുക്കൾ മർദ്ദനങ്ങളഴിച്ചുവിട്ടു പീഡകളേല്പിച്ചു. അന്നു് തൻെറ ദിവ്യസുതനോടൊപ്പം അമ്മ അനുഭവിച്ച വ്യാകുലതകൾക്കാശ്വാസം നൽകുന്നതിനായി വി. യോഹന്നാൻെറ അനുയായികളായ മക്കൾ വിശ്വാസത്തെപ്രതി രക്തംചിന്തി അമ്മയ്ക്കു കാഴ്ചസമർപ്പിച്ചു. അങ്ങനെ മറിയം വേദസാക്ഷികളുടെ രാജ്ഞിയായി ബഹുമാനിക്കപ്പെട്ടു. അതുപോലെതന്നെ മദ്ധ്യശതകങ്ങളിൽ സഭാശരീരത്തെ കുത്തിമുറിവേല്പിച്ച പാഷണ്ഡതകളോടു് വിജയപൂർവ്വം തപസ്സുംപ്രാർത്ഥനയുംകൊണ്ടെതിരിട്ട വന്ദകന്മാരായ പുണ്യാത്മാക്കളും ദിവ്യയീശോയേയും മാതാവിനേയും ആശ്വസിപ്പിക്കുകയാണ് ചെയ്തതു്. എന്നാൽ ഇതിലെല്ലാം ഉപരിയായവിധം തൻെറ സ്വന്തം മാംസരക്തങ്ങളാകുന്ന വി: കുർബാനയോടു് ദൈവദ്രോഹികൾചെയ്യുന്ന നിന്ദാവമാനങ്ങളെപ്പററി ചിന്തിക്കുമ്പോൾ, ഇന്നത്തെ നമ്മുടെ കടപ്പാടു് എത്രയോ വലുതാണ്. ഗാഗുൽത്തായിൽവച്ചെന്നപോലെതന്നെ തൻെറ ദിവ്യ

# പുനരൈക്യജൂബിലിമഹം

(മോൺ. ജോൺ കച്ചിറമററം)

ആ മഹാസംഭവത്തിനു് ഇനിയും രണ്ടുവർഷക്കാലമേ ശേഷിച്ചിട്ടുള്ളു. തേജോമയമായ ആ വെള്ളിനക്ഷത്രം, മലങ്കരസഭാമണ്ഡലത്തിൽ ഉദയംചെയ്യുന്നതു് 1955 സെപ്റ്റംബർ 20-ാംനു ചൊവ്വാഴ്ചയാണു്. നവജീവന്റെ പൊൻപുലരിയിൽ കേരളം പുളകംകൊള്ളും അന്നു്. കൃതജ്ഞതയുടെ കുളുർമ്മയേറിയ ഗീതങ്ങൾ നാടെങ്ങും മാറൊലിക്കൊള്ളും. സ്മരണയുടെ വെള്ളിത്തിരയിൽ നൂറായിരം ചരിത്രസംഭവങ്ങൾ അന്നു് നൃത്തമാടും. മോഹനപ്രതീക്ഷകളുടെ തേൻതുള്ളികൾ നിറഞ്ഞ പൂമൊട്ടുകൾ, സ്നേഹസമ്പന്നങ്ങളായ അനേകഹൃത്തടങ്ങളിൽ വിരിഞ്ഞു ചാഞ്ചാടും. മുന്തിരിത്തോട്ടത്തിലെ പണിക്കാർക്കു് അന്നു സമൃദ്ധിയുടെ മലർക്കാവിൽക്കൂടെയുള്ള ഉല്ലാസവേട്ടയാണു്. വിളവിന്റെ പെരുപ്പം കണ്ടു്, അവർ കൃതജ്ഞതാലഹരിയിൽ നീന്തിത്തുടിക്കുകയാണു്. ഓട്ടം തികച്ചിട്ടു്, നിത്യവിശ്രമവേദിയിലേക്കു് പറന്നുകയറിയ ശില്പവിദഗ്ദ്ധന്മാർ, വേർപെട്ടുനില്ക്കുന്നവരെ ഐക്യത്തിന്റെ ശീതളച്ഛായയിൽ ഒരുമിച്ചുകൂട്ടുവാൻ ഉത്സാഹഭരിതരായി കുഡ്മളിതകരങ്ങളോടെ രക്ഷകന്റെമുറ്റംഓടിക്കൂടുകയാണു്.

സെപ്റ്റംബർ 20. അന്നാണു് വാശിയുടെ കനത്ത ഇഴകൾകൊണ്ടു് കൊടുമ്പിരിക്കൊണ്ടിരുന്ന മട്ടാഞ്ചേരിയിലെ ആലാത്തുകയർ പൊട്ടിച്ചുമാററിയതു്. 1653-ൽ മലങ്കരസഭയുടെ മുതുകിൽ അടിച്ചേല്പിച്ച ആപ്പു് അന്നാണു വലിച്ചൂരിയതു്. തന്മൂലം അവളെ ബാധിച്ചിരുന്ന "കൂനു്" നിവന്നുതുടങ്ങിയതും അന്നുമുതലാണു്.

ഒന്നാം മാർത്തോമ്മായുടെ കാലംമുതൽ ഭിന്നിപ്പവസാനിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. നാലാംമാർത്തോമ്മാ പുത്തൻകൂറും പഴയകൂറും തമ്മിലുള്ള ഭിന്നിപ്പവസാനിപ്പിക്കുവാൻവേണ്ടി സ്വഭരണത്തിൽപ്പെട്ട 79 പള്ളിക്കാരുടേയും 12 വൈദികരുടേയും കൈയൊപ്പോടുകൂടിയ ഒരപേക്ഷ 1704-ൽ മാർപ്പാപ്പായുടെ സന്നിധിയിലേക്കു് അയക്കുകയുണ്ടായി. 5-ാംമാർത്തോമ്മായും ഈ ആഗ്രഹസിദ്ധിക്കായി 1748-ൽ റോമിൽ വാണിരുന്ന മാർപ്പാപ്പാക്കു് അപേക്ഷ അയച്ചിട്ടുണ്ടു്. ആറാംമാർത്തോമ്മാ, അഥവാ മാർ ദിവന്ന്യാസിയോസു് പ്രഥമൻ നടത്തിയ പുനരൈക്യശ്രമം പ്രസിദ്ധമാണു്. ശീമക്കാരായ മാർ ഗ്രീഗോറിയോസു്, മാർ യോഹന്നാൻ എന്നീ മെത്രാന്മാരിൽനിന്നു് നിരണത്തുവച്ചു് 1772-ൽ മെത്രാൻപട്ടം സ്വീകരിച്ചുവെങ്കിലും പുനരൈക്യശ്രമങ്ങൾ തുടരെത്തുടരെ നടത്തിക്കൊണ്ടിരുന്നു. വരാപ്പുഴമെത്രാൻ മാർത്തോമ്മായുടെ അപേക്ഷകൾ അവഗണിച്ചപ്പോൾ, അന്നു് ആലങ്ങാട്ടു് സെമിനാരി പ്രൊഫസരായിരുന്ന ഡോക്ടർ കരിയാററിൽ ജോസപ്പു് മാർത്തോമ്മായുടെ ആഗ്രഹസിദ്ധിക്കായി റോമായാത്രയ്ക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ യാത്രോദ്ദേശ്യം ദൈവപരിപാലനയാൽ സാധിച്ചുകിട്ടിയെങ്കിലും നാട്ടിൽ തിരിച്ചെത്തുവാൻ കഴിയാതെ ഗോവായിൽവച്ചു് അകാലനിര്യാണം പ്രാപിക്കുകയും, തൽഫലമായി മാർത്തോമ്മായുടെ ആഗ്രഹം സാധിക്കാൻ വീണ്ടും തടസ്സമുണ്ടാകുകയുംചെയ്തു. എന്നിട്ടും അന്നത്തെ ഭരണാധികാരികളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി 1799 ജൂൺ 22-ാം തീയതി തത്തമ്പള്ളിദേവാലയത്തിൽവച്ചു് പരസ്യമായി കത്തോലിക്കാവിശ്വാസം ഏററുപറഞ്ഞുകൊണ്ടു് സഭാപ്രവേശനം നടത്തി. പക്ഷെ കൊച്ചിമെത്രാന്റെ അനുഭാവക്കുറവുമൂലം മാർത്തോമ്മാ ആറുമാസങ്ങൾക്കുശേഷം പുത്തൻകൂറിലേക്കു് തിരിച്ചുപോവുകയാണുണ്ടായതു്. വെല്ലാട്ടു മാർ ദിവന്ന്യാസിയോസു് മെത്രാപ്പോലീത്താ, നിധീരിക്കൽ മാണിക്കത്തനാരേയും കട്ടക്കയത്തിൽ ചാണ്ടിക്കത്തനാരേയും കൂട്ടിക്കൊണ്ടു് ഊട്ടക്കമണ്ടിൽ പോയി ഡലഗാട്ടു് അപ്പസ്തോലിക്കായുമായി പുനരൈക്യാലോചന നടത്തുകയും വ്യവസ്ഥകൾ നിശ്ചയിക്കുകയും ചെയ്തതാണു്. കൂടാതെ പുനരൈക്യശ്രമം ത്വരിതപ്പെടുത്തുവാനായി പഴയ കൂററുകാരും പുത്തൻകൂററുകാരും യോജിച്ചു് കോട്ടയത്തു് ഒരു കോളെജാരംഭിക്കുന്നതിനുവേണ്ട പ്രാരംഭനടപടികൾ കൈക്കൊള്ളുകയുംചെയ്തു. എങ്കിലും ഇവയെല്ലാം പരാജയമടയുകയാണുണ്ടായതു്. 19-ാംനൂററാണ്ടിൽ കാര്യമായ പുനരൈക്യപരിശ്രമങ്ങൾ ഒന്നും നടന്നില്ല. കാരണം, അക്കാലത്തു് പ്രോട്ടസ്റ്റൻറു് മിഷനറിമാർ ഗവമ്മെൻറുസ്വാധീനത്തോടുകൂടി അവരുടെ മിഷൻവേല ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു.

1896-ൽ ഏതദ്ദേശീയ മെത്രാന്മാർ ഭരണഭാരം കൈയേററതോടുകൂടി യാക്കോബായസഹോദരങ്ങളോടു് കൂടുതൽ അനുഭാവം സമുദായികാരികൾ പ്രദർശിപ്പിച്ചുതുടങ്ങി. ചില യാക്കോബായകേന്ദ്രങ്ങളിൽ മിഷൻസങ്കേതങ്ങൾ തുറക്കപ്പെട്ടു. പുണ്യശ്ലോകനായ ബെൻസിഗർ തിരുമേനിയുടെ മിഷൻപ്രവർത്തനഫലമായി പല വൈദികരും അത്മായരും സത്യവിശ്വാസം കൈക്കൊണ്ടു.

ഇതിനകം യാക്കോബായസമുദായത്തിൽ വീണ്ടുമുണ്ടായ പിളർപ്പുമൂലം, സമുദായം രണ്ടു വൻപാളയങ്ങളായി തിരിഞ്ഞു. മെത്രാൻകക്ഷിയിൽപ്പെട്ട മാർ ദിവന്ന്യാസിയോസു് 1924-ൽ യാക്കോബായ പാത്രിയർക്കീസുമായി നടത്തിയ ഒത്തുതീർപ്പുശ്രമം പാടെ വിഫലമായി. തദവസരത്തിൽ ബാഗ്ദാദിലേയും അന്ത്യോഖ്യായിലേയും കത്തോലിക്കാ മെത്രാന്മാർ റോമായുമായി ഐക്യപ്പെടുന്നതിനു് അദ്ദേഹത്തെ ഗുണദോഷിച്ചു. വിനാവിളംബം, മെത്രാൻകക്ഷിയിൽപ്പെട്ട വൈദികാദ്ധ്യക്ഷന്മാർ ഒരുമിച്ചുകൂടി റോമായുമായി നേരിട്ടു എഴുത്തുകുത്തു നടത്തുന്നതിനു് 1926-ൽ ബഥനിയുടെ മെത്രാനായിരുന്ന മാർ ഇവാനിയോസു് തിരുമേനിയെ ചുമതലപ്പെടുത്തി. റീത്തുസംബന്ധിച്ചു് ആവശ്യപ്പെട്ടിരുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടു് അനുകൂലമായ മറുപടി റോമിൽനിന്നു് ലഭിച്ചുവെങ്കിലും, അന്നത്തെ നിശ്ചയങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ മെത്രാൻസംഘം മുമ്പോട്ടുവന്നില്ല.

എന്നാൽ ധിഷണാസമ്പന്നനും പക്വമതിയും മഹർഷിപ്രവീണനുമായ ബഥനി തിരുമേനി, സൗമ്യശീലനും സൽഗുണനിധിയുമായ മാർ തിയോഫിലോസു് തിരുമേനിയുമൊന്നിച്ചു് 1930 സെപ്റ്റംബർ 20-ാം തീയതി ഡോക്ടർ ബെൻസിഗർ മെത്രാപ്പോലീത്തായുടെ മുമ്പിൽ വച്ചു് വിശ്വാസപ്രഖ്യാപനം ചെയ്തുകൊണ്ടു് സത്യസഭാപ്രവേശനം നിർവ്വഹിച്ചു. 1653 മുതൽ പിതാക്കന്മാർ ആഗ്രഹിച്ചിരുന്നതും, അതിനായി അവർ അത്യദ്ധ്വാനം ചെയ്തിരുന്നതുമായ ആ മഹാകാര്യം അന്നാണു് നിറവേറിയതു്. വിദേശത്തും സ്വദേശത്തും തുടർച്ചയായി നടന്നുകൊണ്ടിരുന്ന പ്രാർത്ഥനയുടേയും ത്യാഗത്തിന്റേയും ഫലമായി, ക്രിസ്തുവിന്റെ മലർവാടിയിൽ നവമായി വികസിച്ച പുനരൈക്യകുസുമം താമസംവിനാ പരിപക്വഫലങ്ങളെ പുറപ്പെടുത്തുകയും, അമാനുഷികകഴിവുകളുടെ വിളനിലമായിരുന്ന മാർ ഇവാനിയോസു് തിരുമേനി നൽകിയ സുധീരനേതൃത്വം ആയിരങ്ങളേയും പതിനായിരങ്ങളേയും ശാശ്വതശാന്തിയുടെ വഴിത്താരയിലേക്കു് ആനയിക്കുകയുംചെയ്തു. അത്ഭുതമേ! പുനരൈക്യബീജം 23 കൊല്ലക്കാലംകൊണ്ടു്, ഇന്നിതാ, തഴച്ച ശാഖകളും കൊഴുത്ത ഇലകളും സുരഭിലകുസുമങ്ങളും പാകമൊത്ത പഴങ്ങളുമായി പടർന്നുനില്ക്കുന്ന വൻവൃക്ഷമാണു്. ഭരണകർത്താക്കളായ അഞ്ചു മെത്രാന്മാരേയും, വേലസ്ഥലമായി വിസ്തൃതങ്ങളായ രണ്ടു രൂപതകളേയും, അദ്ധ്വാനശീലരായ 200-ൽപ്പരം വൈദികരേയും, പ്രാർത്ഥനകൊണ്ടും തപസ്സുകൊണ്ടും പ്രേഷിതവേലയ്ക്കു് നവജീവൻ നൽകുന്ന 160 ഓളം കന്യകകളേയും, യുവത്വം തുളുമ്പുന്ന പ്രേഷിതരേയും, മുക്കാൽലക്ഷം വിശ്വാസികളുടെ കൂട്ടത്തേയും അതു പുറപ്പെടുത്തികഴിഞ്ഞു. എന്താണു് ദൈവാനുഗ്രഹത്തിനു കഴിയാത്തതു്!

പുനരൈക്യജൂബിലി സമുചിതമായി ആഘോഷിക്കുവാൻ കേരളസഭ എപ്രകാരമാണു് ഒരുങ്ങേണ്ടതു്? നമ്മുടെ മുമ്പിൽ രക്ഷകനായ ക്രിസ്തു വയ്ക്കുന്ന അതിഗൗരവമായ ഒരു പ്രശ്നമാണിതു്. ഇതു് ക്രിസ്തുവിന്റെ അരുമശിഷ്യനും നമ്മുടെ പിതാവുമായ വി. തോമ്മാശ്ലീഹായോടുള്ള കടപ്പാടിനെ നിറവേററുവാൻ നൽകപ്പെടുന്ന സുവർണ്ണാവസരമാണു്. 2000 കൊല്ലത്തെ പൂർവ്വികത്വത്തിന്റെ ദുരഭിമാനക്കോട്ട പൊളിച്ചുമാററുവാനുള്ള സന്ദർഭം; ഒരു തിരിഞ്ഞുനോട്ടത്തിനുള്ള ഘട്ടം; നിഷ്കൃഷ്ടമായ ഒരു സ്വയപരിശോധനയ്ക്കു് ഏവരേയും ക്ഷണിക്കുന്ന അസുലഭവേള.

നമ്മൾ എന്തുചെയ്തു? പള്ളികളും, പള്ളിക്കൂടങ്ങളും പണിതു; വസ്തുവകകൾ സമ്പാദിച്ചു; വിശ്വാസചൈതന്യം നിലനിറുത്തുവാൻ സഖ്യങ്ങളും സംഘടനകളും സ്ഥാപിച്ചു. എന്നാൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പുവിലയുടെ പങ്കു് വേർപെട്ടുനില്ക്കുന്ന സഹോദരർക്കു നൽകുവാൻ, നാം എന്തുചെയ്തു? സ്വന്തശരീരത്തിൽ ഏററതായ ആ വിടവു നികത്തുവാൻ സ്നേഹത്തിന്റെ തൈലം പകർന്നുകൊടുത്തുവോ?

ജൂബിലിക്കൊരുക്കമായി വിശ്വാസികളായ നാം നിർവ്വഹിക്കേണ്ട ചില കാര്യങ്ങൾമാത്രം നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ. നമ്മുടെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായിരിക്കുന്ന, നമ്മിൽനിന്നു് വേർപെട്ടുനില്ക്കുന്ന, നമ്മുടെ സഹോദരങ്ങളുടെ തിരിച്ചുവരവിനുവേണ്ടി ദിവസംതോറും പ്രാർത്ഥിക്കുക. നൂറായിരം കാര്യങ്ങൾ ദൈവത്തോടു നമുക്കു പറയുവാനുണ്ടു്. എന്നാൽ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ നിർജ്ജീവാംഗങ്ങളായിരിക്കുന്ന വിഭിന്നസഹോദരങ്ങൾക്കു് ജീവൻ ലഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കേണ്ടതു് ഓരോരുത്തന്റേയും ചുമതലയാണെന്നു് എത്രപേർ ഇതിനകം ചിന്തിച്ചിട്ടുണ്ടു്. അവരോടു സ്നേഹമുണ്ടെങ്കിൽ അവർക്കുവേണ്ടി നാം ഹൃദയംചുട്ടു പ്രാർത്ഥിക്കുകതന്നെ ചെയ്യും. വിശ്വാസസത്യങ്ങൾ യുക്തിപൂർവ്വം അവരുടെ മുമ്പിൽ നിരത്തിവച്ചാലും, ദൈവം അവരുടെ ഹൃദയങ്ങളെ അനുഗ്രഹവർഷംകൊണ്ടു് സ്പർശിക്കുന്നില്ലെങ്കിൽ അവർക്കു വെളിച്ചം ലഭിക്കുകയില്ല. ഈ പ്രകാശത്തിനുവേണ്ടിയാണു്, മഹാനായ ജോൺ ഹെൻറി ന്യൂമൻ പ്രാർത്ഥിച്ചതുപോലെ നാമും പ്രാർത്ഥിക്കേണ്ടതു്. മലങ്കരയുള്ള വിഭിന്ന ക്രൈസ്തവസഭകളെ സത്യവിശ്വാസത്തിന്റെ ഐക്യത്തിലേക്കു് ഒന്നിച്ചുകൂട്ടുവാനായി ഈ അവസരത്തിൽ ഒരു പ്രാർത്ഥനാസമരംതന്നെ നമുക്കു നടത്താം. അതിനായി സംഘടനകളേയും സമൂഹങ്ങളേയും വ്യക്തികളേയും സ്നേഹത്തിന്റെപേരിൽ ക്ഷണിച്ചുകൊള്ളുന്നു.

ചെറുപുഷ്പ മിഷൻലീഗുവഴി നമ്മുടെ അടുത്ത തലമുറയെ യഥാർത്ഥ പ്രേഷിതാരൂപിയുള്ള അൽമായപ്രേഷിതരാക്കുവാൻ നമ്മുടെ ഇടവകകൾ ശ്രദ്ധിച്ചുവരുന്നതു് ഏററവും ശുഭോദർക്കമാണു്. വിദേശമിഷനെ സ്നേഹിക്കുവാനും അവരെ തഴക്കുന്നുണ്ടു്. അവർ അതിനായി പ്രാർത്ഥനയും ത്യാഗവും അർപ്പിക്കുന്നതിനുപുറമെ പണശേഖരവും നടത്തുന്നു. അവരുടെ സമീപെ വർത്തിക്കുന്ന ശീശ്മസഹോദരങ്ങളുടെ കാര്യംകൂടി ആ കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും, അവരെക്കൂടെ അവരുടെ മിഷൻപരിപാടിയിൽ ഉൾപ്പെടുത്തുവാൻ അഭ്യസിപ്പിക്കുകയും ചെയ്യേണ്ടതു് ഇന്നത്തെ തലമുറയുടെ കർത്തവ്യമാണു്.

ഇതോടൊപ്പം ഒരു "പുനരൈക്യഫണ്ടു്" ശേഖരണംകൂടി ആരംഭിച്ചാൽ, "ഏററവും അടുത്തവരെ ഇതുവരെയും മറന്നതിനു്" ഒരു പരിഹാരംകൂടിയായിരിക്കും. ധനബലമുള്ള ഇടവകകൾ കേരളത്തിൽ പല രൂപതകളിലും ഉണ്ടെന്നുള്ളതു് തീർച്ചയായും അഭിമാനകരംതന്നെ. എന്നാൽ കർത്താവിന്റെ രാജ്യപ്രചരണവിഷയത്തിൽ, വരവിനത്തിൽ എത്ര തുച്ഛമായഭാഗം വ്യയംചെയ്തു എന്നുള്ളതു് വേദനാജനകമാണു്. മാത്രമല്ല, സ്വന്ത ഇടവകയിലെ നല്ല പ്രവർത്തനങ്ങൾക്കുപോലും പള്ളിവരുമാനമിച്ചത്തിൽനിന്നു് സഹായധനം ലഭിക്കുന്നില്ലെന്നുള്ള പരമാർത്ഥം, ക്രിസ്തുവിനേയും സമുദായത്തേയും സ്നേഹിക്കുന്നവരുടെ കണ്ണുകൾ തുറപ്പിക്കേണ്ടതാണു്. ദുശ്ചെലവുകൾപലവിധത്തിൽവന്നുപോകുന്നുണ്ടു്. "Union that Nothing be Lost" എന്ന ആദർശത്തോടുകൂടി ഗ്രെയ്മൂർ ഫാദേഴ്സ് നടത്തിപ്പോരുന്ന നിസ്തുലമായ സേവനം തീർച്ചയായും നമുക്കു് മാർഗ്ഗദർശകമായിരിക്കേണ്ടതാണു്. വിധവയുടെ തുട്ടുകാശിന്റെ വില ആരുകണ്ടു! അമൂല്യമായ മനുഷ്യാത്മാവിനെ വിലയ്ക്കുവാങ്ങുവാൻപര്യാപ്തവുമായിത്തീരാം. പുനരൈക്യഫണ്ടു് ശേഖരിക്കുവാൻ ഒരു പുനരൈക്യവാരംതന്നെ നമ്മുടെകേരളത്തിൽ നടപ്പിലാക്കുവാനും ആലോചിക്കുന്നതു് അനുപേക്ഷണീയമായ ഒരു സംഗതിയല്ലേയെന്നു മഹാനുഭാവന്മാർ ചിന്തിക്കണം.

പുനരൈക്യജൂബിലിക്കു മകുടംചാർത്തുവാനായി കേരളസഭ ഒരു കാര്യംകൂടി നിർവ്വഹിക്കേണ്ടതുണ്ടു്. പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരത്തു് ചെറുതെങ്കിലും മനോഹരമായ ഒരു ഇടവകദേവാലയം പണിയിക്കുകയെന്നുള്ളതാണു്. പുനരൈക്യത്തിനു് മുമ്പുതന്നെ മാർ ഇവാനിയോസു തിരുമേനി പണികഴിപ്പിച്ച ഒരു എളിയ ദൈവഭവനമാണു് ഇപ്പോഴും ഉപയോഗത്തിലിരിക്കുന്നതു്. അഭിവൃദ്ധ്യുന്മുഖമായ ഒരിടവക, വിൻസെൻറു് ഡിപോൾ കോൺഫറൻസു്, ലീജിയൻ ഓഫ് മേരിപ്രസിദിയം, സൊഡാലിററി, വീടുതോറുമുള്ള പ്രതിവാര പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയ കത്തോലിക്കാപ്രവർത്തനങ്ങൾ ഭംഗിയായി അവിടെ നടത്തിവരുന്നു. അഭ്യസ്തവിദ്യരും, പ്രവർത്തനകഴിവും പ്രേഷിതാരൂപിയുമുള്ളവരുമായ യുവജനങ്ങളുടെ ഒരു "മുന്നണി" ആ ഇടവകയുടെ ഭൂഷണമാണു്. അടുത്ത നവമ്പറിൽ അത്യുന്നതകർദ്ദിനാൾ തിസരാംഗു് തിരുമനസ്സുകൊണ്ടു് തിരുവല്ലായിൽ എഴുന്നെള്ളുമ്പോൾ, പുനരൈക്യപ്രസ്ഥാനത്തിന്റെ ആസ്ഥാനകേന്ദ്രത്തിൽ 1955 സെപ്റ്റംബർ 20-ാം തീയതി കൂദാശചെയ്യപ്പെടേണ്ടതായ ആ മണിമന്ദിരത്തിനു് അടിസ്ഥാനക്കല്ലിടിക്കാമെന്നു് അഭിവന്ദ്യരൂപതാദ്ധ്യക്ഷൻ സമ്മതിച്ചിട്ടുണ്ടെന്നുള്ളതും ശുഭപ്രതീക്ഷയ്ക്കു കാരണമാണു്.

പുനരൈക്യവിജയം കർത്താവിന്റെ വിജയമാണു്. രക്തപങ്കിലമായ തന്റെ കുരിശുമരണപീഡ സമാരംഭിക്കുന്നതിനുമുമ്പായി, ഹൃദയം നൊമ്പരപ്പെട്ടുകൊണ്ടു്, "എല്ലാവരും ഒന്നായിത്തീരുന്നതിനു്," നിത്യപിതാവിനോടു പ്രാർത്ഥിച്ചുവല്ലോ. അതിന്റെ പൂർത്തീകരണത്തിനായിട്ടാണു് വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനകളും ത്യാഗാർപ്പണങ്ങളും, "രജതജൂബിലി"സമാഗതമാകുന്ന ഈ അനുഗ്രഹവേളയിൽ അഭ്യർത്ഥിക്കുന്നതു്.

---

കുമാരന്റെ തിരുമേനിയെക്കുറിച്ചു് അമ്മ കഠിനവ്യാകുലത അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്കു് അമ്മയെ ആശ്വസിപ്പിക്കുക എന്നതാണു് നമ്മുടെ പ്രഥമമായ കർത്തവ്യം.

ആകയാൽ വി: കുർബ്ബാനവഴിയായി ദിവ്യയീശോ പരമപിതാവിനു ബലി സമർപ്പിക്കുന്ന അവസരത്തിൽ ഇന്നും മനുഷ്യമക്കൾ ദൈവത്തോടു ചെയ്യുന്ന പാപദ്രോഹങ്ങളെപ്രതി ദുഃഖിതയായ ദൈവമാതാവിനു തുണയും ആശ്വാസവുമായി ദേവാലയത്തിലെ ബലിപീഠത്തിനരികെ നമുക്കു സന്നിഹിതരാകാം. മിശിഹായുടെ ശരീരത്തെ അടക്കംചെയ്ത അന്നുരാത്രി ദിവ്യസുതന്റെ വേർപാടിനാൽ അനുഭവിച്ച കഠിനസങ്കടങ്ങൾക്കു തുല്യം വി: കുർബ്ബാനയെ ധിക്കരിച്ചുപേക്ഷിക്കുന്ന പാപികളെ പ്രതി മാതാവനുഭവിക്കുന്ന വ്യാകുലതകൾക്കു് ആശ്വാസം നൽകുന്നതിനായി അടുത്തടുത്തു് യോഗ്യതാപൂർവ്വം ദിവ്യഭോജനം നമുക്കു് അനുഭവിക്കാം. വി: കുർബ്ബാനയെ ഭക്തിപൂർവ്വം സന്ദർശിച്ചു് ആരാധനാസ്തോത്രങ്ങൾ സമർപ്പിക്കുന്നതും തന്റെ ദൈവികത്വത്തെ മറച്ചുവച്ചുകൊണ്ടു് മനുഷ്യമക്കളോടുള്ള സ്നേഹം മൂലം ഏകാന്തവാസമനുഭവിക്കുന്ന ഈശോയെപ്രതി ദുഃഖിതയായ മാതാവിനു് ആശ്വാസപ്രദമായ ഒരു കൃത്യമായിരിക്കും. ഇങ്ങനെ ഇന്നും വ്യാകുലാവസ്ഥയിൽ അമ്മയെ ദർശിക്കുന്ന നാം നമ്മുടെ സൽകൃത്യങ്ങളും പുണ്യജീവിതവുംകൊണ്ടു് അമ്മയെ ആശ്വസിപ്പിക്കുക എന്ന മക്കൾക്കടുത്ത കടമ നിർവ്വഹിക്കുമ്പോൾ നമ്മുടെ ദുഃഖാനർത്ഥങ്ങളിൽ അമ്മ നമ്മെയും ആശ്വസിപ്പിക്കും. കൂടാതെ അമ്മയുടെ മഹത്വത്തിൽ നമ്മെ പങ്കുകാരാക്കുകയും ചെയ്യും.

ചെറുകഥ

# ക്ഷണക്കത്ത്

(വറുഗീസ് കിളിച്ചിമല)

"കൊച്ചുട്ടീയും കുഞ്ചെറിയായും മാത്തുച്ചനും റോമ്മാസഭയിൽച്ചേർന്നു. ജഡ്ജിമാരും വക്കീലന്മാരും അദ്ധ്യാപകന്മാരും അവിടെ ചേരുന്നുണ്ട്. എല്ലാവരും പണംമോഹിച്ചാണെന്നു പറയുന്നതു ശരിയല്ല.

"കാലത്തും ഉച്ചയ്ക്കും വൈകിട്ടും കത്തോലിക്കപ്പള്ളിയിൽനിന്നു മണിനാദം കേൾക്കാം. അപ്പോൾ ത്രേസ്യാമ്മയും മറിയക്കുട്ടിയും കുഞ്ഞാക്കോയും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കും.

"കത്തോലിക്കർക്ക് അച്ചന്മാരെ ബഹുമാനമാണ്. ജനങ്ങൾ അച്ചന്മാരെ അനുസരിക്കും, അച്ചന്മാർ മെത്രാന്മാരെയും. എല്ലാവരും പാപ്പായ്ക്കു കീഴ്‌വഴങ്ങും. യാക്കോബായസഭയിൽ അനുസരണമില്ല. ജനങ്ങളും അച്ചന്മാരും തമ്മിൽ വഴക്ക്. മെത്രാന്മാരും ബാവായും തമ്മിൽ അഭിപ്രായവ്യത്യാസം. ബാവായും പാത്രിയർക്കീസുംതമ്മിൽ വ്യവഹാരം. സമാധാനമില്ലാത്തിടത്തു പരിശുദ്ധാത്മാവ് എങ്ങനെ വസിക്കും."

മാത്തന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകളാണിവ. ഇതുപോലെ പലതും അയാൾക്കു തോന്നിയിട്ടുണ്ട്. കത്തോലിക്കാസഭയെപ്പറ്റി മതിപ്പും ബഹുമാനവും ഉളവാക്കുന്നവയായിരുന്നു അവയെല്ലാം. എങ്കിലും അയാൾ കത്തോലിക്കാസഭയിൽ ചേർന്നില്ല.

ഒരു അകത്തോലിക്കാകുടിയിലാണ് മാത്തന്റെ വാസം. മെത്രാന്മാരും കോർഎപ്പിസ്കോപ്പാമാരും ഉണ്ടായിട്ടുള്ള ഒന്നാണു തന്റെ കുടുംബമെന്നു അയാൾ അഭിമാനിക്കുന്നു. ഭാര്യയുടെ സ്വന്തം സഹോദരൻ പേരെടുത്ത ഒരു റമ്പാനാണ്. ഇടവകപ്പള്ളിയിൽ മൂന്നുകൊല്ലം കൈക്കാരനായി ഭരിച്ചിട്ടുണ്ട് മാത്തൻ. നിലയും വിലയുമുള്ള ഒരു വ്യക്തിയായി ഇടവകക്കാർ അയാളെ ഗണിക്കുന്നു. റോമ്മാസഭയിൽ ചേർന്നുപോയാൽ തനിക്കു ലഭിച്ചിട്ടുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമെന്നത്രേ മാത്തന്റെ ഭയം.

അപ്പനപ്പൂപ്പന്മാർ നിന്നിടത്തു നിന്നാൽ പോരേ എന്നാണു ചില സ്നേഹിതന്മാർ മാത്തനോടു ചോദിക്കുന്നത്. നല്ല പള്ളികളും സ്ഥാപനങ്ങളുമുപേക്ഷിച്ചു വേറൊരുസഭയിൽ ചേരുന്നകാര്യത്തിലും അയാൾ മടിച്ചു. റോമ്മാക്കാരോടു കൂടിയാൽ സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നു മററു ചിലർ മാത്തനെ ഭയപ്പെടുത്തി.

നാലു പെൺമക്കളും രണ്ടു ആൺമക്കളുമാണ് മാത്തന്റെ സന്താനസമ്പത്ത്. ഒന്നുരണ്ടു പെൺമക്കൾ കെട്ടുപ്രായമായി നില്ക്കുയാണ്. തറവാടിത്തവും മററു ഇരിപ്പുനിരപ്പുകളുമുള്ളിടത്തു മക്കളെ കെട്ടിക്കണമെന്നാണ് ആ അഭിമാനിയുടെ ആശ. കത്തോലിക്കാസഭയിൽ ചേർന്നാൽ പെൺകുട്ടികളെ കെട്ടിക്കുക പ്രയാസമാണെന്നു അവിടത്തുകാർ കരുതുന്നു. മക്കളുടെ കല്യാണം ഉടനെ നടക്കേണ്ടതാവശ്യമാണ്. അതിനു് അസൗകര്യമുണ്ടാകുന്ന സംഗതികളിൽ തലയിടാൻ മാത്തനു മനസ്സുവന്നില്ല.

ചില കത്തോലിക്കരോട് മാത്തൻ അടുത്തു പെരുമാറിയിട്ടുണ്ട്. അതിൽ എടുത്തുപറയേണ്ട ഒരു പേരാണ് ദേവസി. പലബന്ധങ്ങളുമുണ്ട് മാത്തനും ദേവസിയും തമ്മിൽ. അവർ അയൽപക്കക്കാരാണ്. പോരെങ്കിൽ, ചാർച്ചയുമുണ്ട്. ഒന്നുംരണ്ടും സംഗതികളിലല്ല ആ ചങ്ങാതികൾ ഇടപെട്ടിട്ടുള്ളത്. കൂട്ടുകച്ചവടവും പങ്കുകൃഷിയും ആ സുഹൃത്തുക്കൾ പലനാൾ നടത്തിയിട്ടുണ്ട്. അവരുടെ ഇടപാടുകൾക്കിടയിൽ കത്തോലിക്കാസഭയെക്കുറിച്ചു സംസാരിക്കാവുന്ന പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സംഗതികളിൽ മാത്തൻ നല്ലവനാണെന്ന കാര്യവും ദേവസിക്കറിയാം. എങ്കിലും, കത്തോലിക്കാസഭയിൽ ചേരേണ്ട ആവശ്യകതയെപ്പററി ആ ചങ്ങാതി തന്നോടു മിണ്ടിയിട്ടില്ലെന്നുള്ളതത്രേ മാത്തന്റെ പരാതി. "നോക്കാത്തരാജാവിനെ തൊഴുന്നില്ല" എന്നു വാശിക്കാരനായ മാത്തൻ കരുതി.

ചില ദോഷങ്ങളുണ്ടെങ്കിൽ ചില ഗുണങ്ങളുമുണ്ട് മാത്തനു്. ഒരു നല്ല വായനക്കാരനാണയാൾ. കൈയിൽ കിട്ടുന്നതെല്ലാം വായിക്കും. ആദിമുതൽ അന്ത്യംവരെ ശ്രദ്ധിച്ചുവായിക്കും. അയാൾ ക്രമമായി വായിക്കുന്ന ഒരു പത്രമാണു സത്യദീപം. മൂന്നുവർഷമായി മുടക്കംകൂടാതെ അതു വായിക്കാൻ തുടങ്ങിയിട്ട്.

സത്യദീപത്തിലെ ആശയങ്ങൾ മാത്തനു പിടിച്ചു. അവ സ്വീകരിക്കണമോ വേണ്ടയോ എന്നു അയാൾക്കു തർക്കമായി. സ്വീകരിക്കുന്നെങ്കിൽ കത്തോലിക്കാസഭയിൽ ചേരണം. രണ്ടായിരം കുടുംബങ്ങളുള്ള ഇടവകപ്പള്ളി ഉപേക്ഷിച്ചെങ്കിലേ അതു സാധിക്കൂ. സാമൂഹ്യവിഷമതകൾ വേറെയുമുണ്ട് സഭ മാറിയാൽ. അടുത്തുള്ള കത്തോലിക്കർ തന്നെ വേണ്ടതുപോലെ സ്വീകരിക്കുമോ? പുനരൈക്യത്തിനു് ആരും തന്നെ പ്രേരിപ്പിക്കുന്നില്ല.

ഒരു കാര്യത്തിൽ ജിജ്ഞാസുവായി മാത്തൻ. ഒരു പൈസപോലും മുടക്കാതെയാണ് സത്യദീപം അയാൾക്കു ലഭിക്കുന്നത്. ആരുടെ ഔദാര്യഫലമാണ് അതെന്നു് അറിയുവാൻ അയാൾ കൊതിച്ചു. ഒരു കത്തോലിക്കാസഹൃദയൻ എന്നുമാത്രമാണ് പത്രമാപ്പീസിൽനിന്നു അറിവുലഭിച്ചത്. പത്രാധിപരുടെ C/o ൽ മാത്തൻ ആ കത്തോലിക്കാസഹൃദയനു് എഴുത്തുകളയച്ചു. രണ്ടുമൂന്നുപ്രാവശ്യം എഴുതിയിട്ടും മറുപടിയില്ല. നാലാമത്തെ കത്തെഴുതി രണ്ടാഴ്ചകഴിഞ്ഞപ്പോൾ ഒരെഴുത്തുവന്നു.

നോട്ടുബുക്കിൽനിന്നു കീറിയെടുത്ത ഒരു കടലാസിലായിരുന്നു എഴുത്ത്. കൈയക്ഷരത്തിനു വടിവോ ഭംഗിയോ ഉണ്ടായിരുന്നില്ല. അക്ഷരപ്പിശകുകളും കുറവല്ലായിരുന്നു. മാത്തൻ കത്തു് ഇങ്ങനെ വായിച്ചു:

"ദൈവത്തിനു സ്തുതി.

പ്രിയ സഹോദരാ,

രണ്ടുമൂന്നു് എഴുത്തുകൾ എനിക്കു കിട്ടി. മറുപടി അയക്കുവാൻ കഴിയാഞ്ഞതു ക്ഷമിക്കണേ. എഴുത്തെഴുതി പരിചയമുള്ളവനല്ല ഞാൻ. സമയച്ചുരുക്കവുമുണ്ട്. വാഴക്കൊലക്കച്ചോടമാണ് സ്നേഹിതാ, എന്റെ തൊഴിൽ. മല്ലപ്പള്ളിച്ചന്തയിൽനിന്നു വാഴക്കൊലയും പച്ചക്കറിസാമാനങ്ങളും വാങ്ങിക്കും. ചങ്ങനാശേരിയിൽ കൊണ്ടുപോയി വില്ക്കും. ഒരാഴ്ചയിൽ രണ്ടുതവണ കച്ചോടത്തിനു സൗകര്യമുണ്ട്. ബദ്ധപ്പാടുള്ള ജോലിയാണു കേട്ടോ. എങ്കിലും, രണ്ടും മൂന്നും നാലും ചിലപ്പോൾ അതിൽക്കൂടുതലും രൂപാ ഒരു ചന്തയ്ക്കു ലാഭം കിട്ടും. നഷ്ടം വരുന്ന സന്ദർഭങ്ങളുമുണ്ടാകാറുണ്ട്. നഷ്ടമായാലും ലാഭമായാലും ഓരോ ചന്തയ്ക്കും ഓരോ അണ ഞാൻ മിച്ചംവയ്ക്കും. ഒരു പ്രത്യേക ആവശ്യത്തിനാണ് അതു ഞാൻ കരുതുന്നതു്.

എല്ലാ ക്രിസ്തീയസഭക്കാരുമുണ്ട് ഞങ്ങളുടെചുററും. യാക്കോബായക്കാരും മാർത്തോമ്മാക്കാരുമാണ് ധാരാളം. ഞാൻ അവരെ വളരെ സ്നേഹിക്കുന്നു. എന്റെ അമ്മവീട്ടുകാർ ഇന്നും യാക്കോബായക്കാരാണ്. അവരുടെ കൂട്ടത്തിൽ പല നല്ല ആളുകളുമുണ്ടെന്നെനിക്കറിയാം. "ദൈവമേ, എല്ലാവരും ഒരേ ഒരു ശുദ്ധമാനപള്ളിയിൽ കൂടുവാൻ ഇടവരുത്തണേ" എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

പാവപ്പെട്ട എന്നെക്കൊണ്ട് എന്തു കഴിയും? ഞങ്ങളുടെ അച്ചൻ പറഞ്ഞതനുസരിച്ച് എന്നും ഞാൻ അതിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്.

ഓരോ ചന്തയ്ക്കും ഓരോ അണവീതം ഞാൻ മിച്ചംവയ്ക്കുന്നതു് എന്തിനാണെന്നു അറിയേണ്ടേ? അതു ഞാൻ പ്രത്യേകം ഒരു ഡപ്പിയിൽ സൂക്ഷിക്കും. ഒരു സംഖ്യയാകുമ്പോൾ സത്യദീപം ആഫീസിൽ അയച്ചുകൊടുക്കും.

കത്തോലിക്കാപുസ്തകങ്ങളും പത്രങ്ങളും വായിച്ചു പലരും സഭയിൽ ചേർന്നിട്ടുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. സത്യദീപം വായിച്ചതുകൊണ്ടുമാത്രം കത്തോലിക്കരായ ചിലരെ എനിക്കു നേരിട്ടറിയാം. ഒരു യാക്കോബായക്കാരനു പത്രം അയച്ചുകൊടുക്കുന്നതിനാണു് എന്റെ എളിയ സമ്പാദ്യം വിനിയോഗിച്ചതു്. എന്റെ ശ്രമഫലമായി ഒരുവനെങ്കിലും സഭയിൽ ചേരുന്നതിനു പ്രേരണ ലഭിക്കുമെങ്കിൽ പ്രിയ സ്നേഹിതാ, എനിക്കു പ്രതിഫലമായി.

സഹോദരാ, അങ്ങു സത്യദീപം മുടങ്ങാതെ വായിക്കുന്നുണ്ടെന്നറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. ദൈവം ഫലംതരട്ടെ. ആത്മാവിന്റെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

എന്നു്, കർത്താവിൽ അങ്ങേ
സഹോദരൻ ശൗരി. (ഒപ്പ്)"

മാത്തൻ എഴുത്തു വായിച്ചു. തുടിക്കുന്ന ഹൃദയത്തോടുകൂടി വീണ്ടും വീണ്ടും വായിച്ചു: അയാൾ അറിയാതെ പറഞ്ഞുപോയി, "ഹാ! കേരളകത്തോലിക്കാസഭേ, അഭിമാനിക്കൂ! കരിയാററി മല്പാന്റെയും നിധിയിരിയ്ക്കലിന്റെയും ചൈതന്യം ആ വീരനായകന്മാരുടെ പിൻമുറക്കാർ മറന്നിട്ടില്ല."

എഴുത്തുകടലാസും പേനയും എടുത്തുകൊണ്ടാണ് മാത്തൻ ആ കത്തു താഴെവച്ചതു്. അയാൾ എഴുതി:

"ഏററം പ്രിയപ്പെട്ട സഹോദരാ,

കത്തു ഞാൻ വായിച്ചു. ആവർത്തിച്ചാവർത്തിച്ചു വായിച്ചു. അങ്ങയുടെ സൗമനസ്യത്തിന്റെയും ചൈതന്യത്തിന്റെയും മുമ്പിൽ ഞാൻ തലകുനിക്കുന്നു. പാവപ്പെട്ടവരെങ്കിലും കത്തോലിക്കാസഭയ്ക്കു അഭിമാനിക്കാവുന്ന വ്യക്തികൾ ഇന്നുമുണ്ടെന്നു് എന്നെ ബോദ്ധ്യപ്പെടുത്തി ആ കത്തു്. ഇതുപോലെയുള്ള വ്യക്തികളെ ഇതിനുമുമ്പു് കണ്ടുമുട്ടിയിരുന്നുവെങ്കിൽ ഞാനെത്രപണ്ടേ കത്തോലിക്കാസഭയിൽ ചേർന്നുകഴിയുമായിരുന്നു.

പ്രിയ സഹോദരാ, ഞാനുറച്ചുകഴിഞ്ഞു. ഇനിയും തടസ്സമില്ല. ഇതൊരു വെറും കത്തായി ഗണിക്കരുതു്. ഒരു ക്ഷണക്കത്തായി കരുതണം. അടുത്ത ഞായറാഴ്ച സഹോദരൻ ഇത്രടം വരണമെന്നാണ് എന്റെ എളിയ അപേക്ഷ. എനിക്കുവേണ്ടി ത്യാഗം സഹിക്കുന്ന അങ്ങു് ഇതിൽ മടിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഏതൊന്നിനുവേണ്ടി അങ്ങു് ഈ മൂന്നു വത്സരമായി പ്രാർത്ഥിക്കയും ത്യാഗം സഹിക്കയും ചെയ്തുവോ അതിനു്, സഹോദരൻ ആഗ്രഹിക്കുന്ന ആ വ്യക്തി സകുടുംബം കത്തോലിക്കാസഭയിൽ പ്രവേശിക്കുന്ന ആ സംഭവത്തിനു് സാക്ഷിനിൽക്കുവാൻ വരണം. അങ്ങയുടെ അസാന്നിദ്ധ്യം ആ ചടങ്ങിനു് ഒരു പോരായ്മയായി ഞാൻ കരുതുന്നു.

എന്നു്, സ്വന്തം മാത്തൻ
(ഒപ്പ്)"

## ചോദ്യോത്തരപംക്തി

പത്രോസിന്റെ പരമാധികാരത്തിനെതിരായി ഒരു മാന്യലേഖകൻ ഉദ്ധരിച്ചിരുന്ന വേദവാക്യങ്ങളെത്തുടർന്നു്, അദ്ദേഹം കത്തോലിക്കാസഭയെപ്പററി പൊതുവിൽ താഴെ ചേർക്കുന്ന ആക്ഷേപങ്ങൾ കൊണ്ടുവന്നിട്ടുണ്ടായിരുന്നു: 1) മാർപ്പാപ്പാ "പിന്തിരിപ്പൻ കുത്തകമുതലാളി"യാണ്. 2) മെത്രാന്മാർ സുഖലോലുപരാണ്. 3) പുരോഹിതന്മാർ മതകർമ്മങ്ങൾക്കു പണംവാങ്ങിക്കുന്നു. 4) പുരോഹിതന്മാർ കോൺഗ്രസ്സനുഭാവികളാണ്. ഇക്കാരണങ്ങളാൽ കത്തോലിക്കാസഭ ദൈവസ്ഥാപിതമായിരിക്കയില്ല എന്നാണ് അദ്ദേഹത്തിന്റെവാദം.

ഈ ആക്ഷേപങ്ങളുടെ വിശദാംശങ്ങളിലേക്കു പ്രവേശിക്കുന്നതിനുമുമ്പ്, എല്ലാ മാർപ്പാപ്പമാരും എല്ലാ മെത്രാന്മാരും എല്ലാ പുരോഹിതരും വിശുദ്ധന്മാരായിരുന്നെന്നോ ആണെന്നോ കത്തോലിക്കർ വാദിക്കുന്നില്ലെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. അങ്ങനെയായിരുന്നെങ്കിൽ മാത്രമേ കത്തോലിക്കാസഭ ദൈവസ്ഥാപിതമായിരിക്കയുള്ളു എന്ന വാദം അടിസ്ഥാനരഹിതമാണെന്നുള്ളതിനു് അപ്പസ്തോലഗണത്തിൽ ഒരു യൂദാസുണ്ടായിരുന്നുവെന്ന സംഗതി മതിയാകുന്ന തെളിവാണ്. മാർപ്പാപ്പമാർ, മെത്രാന്മാർ, പുരോഹിതന്മാർ ഇടങ്ങിയവർ അവരവരുടെ സ്ഥാനമാഹാത്മ്യത്തിനു യോജിച്ചവിധത്തിൽ ജീവിതവിശുദ്ധി പ്രാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നിട്ടുള്ളവരും ശ്രമിച്ചുകൊണ്ടിരിക്കുന്നവരുമാണെന്നു് പൊതുവിൽ പറയാവുന്നതാണ്. അതുകൊണ്ടാണു കത്തോലിക്കാസഭ കോട്ടംതട്ടാതെ 20 നൂററാണ്ടുകാലത്തേക്കു നിലനിന്നിട്ടുള്ളതും ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചിട്ടുള്ളതും. മേൽപ്പറഞ്ഞ ഗണങ്ങളിൽപ്പെട്ട ചിലർ അവരുടെ വ്യക്തിപരമായ ജീവിതത്തിൽ പരാജയമടഞ്ഞിട്ടുണ്ടെങ്കിൽ, അതു തെളിയിക്കുന്നതു് കത്തോലിക്കാസഭ ദൈവസ്ഥാപിതമല്ലെന്നല്ല, പ്രത്യുത ദൈവസ്ഥാപിതമാണെന്നാണ്. സഭ ദൈവസ്ഥാപിതമായതുകൊണ്ടാണ് അതിനു സ്വനേതാക്കളുടെ വ്യക്തിപരമായ ജീവിതപരാജയത്തെ അതിജീവിക്കുവാനും മറ്റുള്ളവരെ ചെറുത്തുനില്ക്കുവാനും കഴിഞ്ഞിട്ടുള്ളതു്.

വൈദികഗണത്തിന്റെ ജീവിതം പൊതുവിൽ എല്ലാക്കാലത്തും അവൈദികരുടെ ജീവിതത്തെ അപേക്ഷിച്ച് മെച്ചമായിരുന്നിട്ടുണ്ട്. ഒരകത്തോലിക്ക ചരിത്രകാരനായ ഡീൻ മെയ്റ്റ്‌ലൻഡ് (Dean Maitland) ഇപ്രകാരമെഴുതിയിരിക്കുന്നു: "സന്യാസികളും വൈദികരും എല്ലാ കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും സാമാന്യജനങ്ങളെക്കാൾ നല്ലവരായിരുന്നുവെന്നു് ചരിത്രം സാക്ഷിക്കുന്നതായിട്ടാണു കാണുന്നതു്." ക്രിസ്തുമതത്തിന്റെ ബദ്ധശത്രുവായ വോൾട്ടേയറും ഈ സംഗതി ഏററുപറഞ്ഞിട്ടുണ്ട്. (See The Question Box P. 126) സഭാംഗങ്ങളിൽ കുറെപ്പേർ തെററിപ്പോയാലും, സഭ വിശുദ്ധയായിത്തന്നെ നിലകൊള്ളുന്നു. മാവിൽനിന്നു ഞെട്ടററുവീണു ചീഞ്ഞുപോയ കുറെ മാമ്പഴങ്ങൾ ചുവട്ടിൽക്കിടക്കുന്നതു കണ്ടാൽ, ആ മാവു് ചീത്തയാണെന്നു നാം വിധിക്കുകയില്ലല്ലോ. ആ മാവിൽ പഴുത്തു പാകംവന്നു കിടക്കുന്ന നല്ല സ്വാദുള്ള മാമ്പഴങ്ങളെ ആധാരമാക്കിയല്ലേ നാം ആ വൃക്ഷത്തെ വിധിക്കുകയുള്ളൂ.

മാർപ്പാപ്പമാരെ സംബന്ധിച്ചു പറകയാണെങ്കിൽ ഇതിനകം ഭരണംനടത്തിയിട്ടുള്ള 262 മാർപ്പാപ്പമാരിൽ 76 പേർ വിരോചിതമായതോതിൽ സുകൃതമനുഷ്ഠിച്ചു പുണ്യപദം പ്രാപിച്ചിട്ടുള്ളവരാണ്. അടുത്തകാലത്തുതന്നെ പത്താംപീയൂസുമാർപ്പാപ്പ "സിദ്ധൻ" എന്നു പ്രഖ്യാപിക്കപ്പെട്ടല്ലോ. താമസംവിനാ തിരുമേനി വിശുദ്ധൻ എന്നു നാമകരണം ചെയ്യപ്പെട്ടുവാനിടയുണ്ട്.

മാർപ്പാപ്പ "പിന്തിരിപ്പൻ കുത്തകമുതലാളി"യാണെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. ഇത്തരങ്ങളായ ആരോപണങ്ങൾ ചോദ്യകാരന്റെ സത്യാന്വേഷണമനോഭാവമില്ലായ്മയെയാണു ചൂണ്ടിക്കാണിക്കുന്നതു്. തൊഴിലാളികളുടെ അവകാശങ്ങളേയും മുതലാളികളുടെകർത്തവ്യങ്ങളേയും പുരസ്കരിച്ചു ലെയോമാർപ്പാപ്പ പുരോഗമനാത്മകമായ "റേരും നൊവാരും" എന്ന വിശ്വലേഖനം എഴുതിയിട്ട് ഇപ്പോൾ 60-ൽ പ്പരം കൊല്ലങ്ങളായിരിക്കുന്നു. അതു പ്രസിദ്ധപ്പെടുത്തി 40 കൊല്ലം കഴിഞ്ഞപ്പോൾ 11-ാം പീയൂസു മാർപ്പാപ്പ അതിലെ ആശയങ്ങളെ വിശദീകരിച്ചുകൊണ്ടും സ്ഥിരീകരിച്ചുകൊണ്ടും "ക്വാദ്രജെസിമോ ആന്നോ" എന്ന പേരിൽ ഒരു വിശ്വലേഖനംകൂടി പ്രസിദ്ധപ്പെടുത്തി. ഇപ്പോഴത്തെ മാർപ്പാപ്പയും തൊഴിലാളിമുതലാളി പ്രശ്നങ്ങളെയും മററുമാറേ ധാർമ്മികപ്രശ്നങ്ങളേയുമധികരിച്ച് കാലോചിതങ്ങളും പണ്ഡിതോചിതങ്ങളുമായ എത്രയേറെ പ്രഭാഷണങ്ങളാണു നടത്തിക്കൊണ്ടിരിക്കുന്നതു്. എത്രയേറെ തിരുവെഴുത്തുകളാണു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. ഏവംവിധം പുരോഗമനാത്മകമായ വീക്ഷണഗതിയുള്ളവരും അധുനാതനങ്ങളായ പ്രശ്നങ്ങളെ നേരിടുന്നതിൽ അന്യാദൃശമായ വൈദഗ്ധ്യം പ്രദർശിപ്പിച്ചുവരുന്നവരുമായ മാർപ്പാപ്പമാരെ "പിന്തിരിപ്പ"ന്മാരായി പരിഗണിക്കുന്നതു അന്യായമല്ലയോ? സനാതനതത്വങ്ങളെ മാർപ്പാപ്പ മുറുകെപ്പിടിക്കുന്നുവെന്നതു പരമാർത്ഥമാണ്. അതാണു ചോദ്യകാരൻ "പിന്തിരിപ്പൻ" മനോഭാവമായി മുദ്രയടിക്കുന്നതെങ്കിൽ, അതിൽ തിരുമേനിക്കും അവിടുത്തെ ആത്മീയമക്കളായ കത്തോലിക്കർക്കും അഭിമാനംകൊള്ളാവുന്നതാണ്.

"കുത്തകമുതലാളി"യെന്നും ചോദ്യകാരൻ മാർപ്പാപ്പയെ അപലപിക്കുന്നു. ആത്മീയകാര്യങ്ങളുടേതല്ലാത്ത യാതൊരു "കുത്തക"യും മാർപ്പാപ്പയ്ക്കില്ല. ലോകത്തിലെ ഏററവും പ്രധാനപ്പെട്ട ഭരണാധികാരിയായ അവിടുത്തെ രാജ്യത്തി

ന്റെ വിസ്തീർണ്ണം ഏതാണ്ട് ഒരു ചതുരശ്രമൈൽ മാത്രമാണ്. സ്വകാര്യലാഭത്തിനുവേണ്ടി തിരുമേനി വ്യവസായശാലകൾ നടത്തുകയോ തൊഴിലാളികളെക്കൊണ്ട് പണിചെയ്യിക്കുകയോ ഒന്നും ചെയ്യുന്നില്ല. ലോകമാസകലമുള്ള കത്തോലിക്കരുടെ സംഭാവനകൾകൊണ്ടാണു തിരുമേനിയുടേയും സഭയുടേയും ആവശ്യങ്ങൾ നടന്നുപോകുന്നതു്. സംഭാവനയായി ലഭിക്കുന്ന പണത്തിൽ സിംഹഭാഗവും ദുരിതനിവാരണാർത്ഥമാണ് തിരുമേനി വിനിയോഗിക്കുന്നതു്. ഉദാഹരണത്തിനു്, ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ 250000 ഇററാലിയൻ കുട്ടികൾ മാർപ്പാപ്പയുടെ ചെലവിൽ വേനൽക്കാലവസതികളിൽപ്പോയി വിശ്രമിക്കുകയുണ്ടായി. ഏതാനും മാസങ്ങൾക്കുമുമ്പ് നെതർലണ്ടിലും ഇംഗ്ലണ്ടിലും ജലപ്രളയംനിമിത്തം നാശനഷ്ടങ്ങൾ സംഭവിച്ചപ്പോൾ പ. പിതാവ് ഹോളണ്ടിലേയും ബൽജിയത്തിലേയും പേപ്പൽ പ്രതിനിധിവഴി 18000 പവനും ലണ്ടനിലെ ലെഗാപ്പസ്റ്റോലിക്കവഴി 3600 പവനും ആ രാജ്യങ്ങളിലേക്ക് ഉടനടി അയച്ചുകൊടുത്തു. കൂടാതെ ഹോളണ്ടിൽനിന്നു രണ്ടായിരവും ഇംഗ്ലണ്ടിലും ബെൽജിയത്തിലും നിന്നു് ആയിരംവീതവും കുട്ടികളെ ഇററലിയിൽ സ്വീകരിച്ചു സംരക്ഷിക്കുന്നതിനു പൊൻറിഫിക്കൽ എയിഡ് സൊസൈററിവഴി തിരുമേനി ഏർപ്പാടുചെയ്തു. ഏവംവിധം ജീവകാരുണ്യപ്രവൃത്തനങ്ങളിൽ സദാ വ്യാപൃതനായിരിക്കുന്ന ഒരാദ്ധ്യാത്മികപുരുഷനാണു് ചോദ്യകർത്താവിന്റെ ദൃഷ്ടിയിൽ "കുത്തകമുതലാളി"യായിരിക്കുന്നതു്.

മെത്രാന്മാർ സുഖലോലുപന്മാരാണെന്നാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്ന മറെറാരാക്ഷേപം. ഒരു രൂപതയുടെ ഭരണചക്രം തിരിക്കുന്നതിനുവേണ്ടി ഒരു മെത്രാൻ എത്രമാത്രം ക്ലേശിക്കുന്നുണ്ടെന്നും ദിനംപ്രതി എത്ര മണിക്കൂർസമയം തലചുറ്റാലോചിക്കുന്നുണ്ടെന്നും, അദ്ദേഹത്തിനു് അറിവില്ലെന്നേ ഇതിൽനിന്നും അനുമാനിക്കേണ്ടതുള്ളു. മെത്രാന്മാർ വലിയ അരമനകളിൽ വസിക്കുന്നു, കാർ ഉപയോഗിക്കുന്നു എന്നും മററുമുള്ള വിമർശനങ്ങൾക്കു ഞങ്ങൾ മുന്നൊരവസരത്തിൽ മറുപടിപറഞ്ഞിട്ടുള്ളതാണ്. അരമനയിൽ ഒരു മുറിമാത്രമേ ഒരു മെത്രാൻ ഉപയോഗിക്കുന്നുള്ളു. ബാക്കി മുറികൾ ഉപയോഗിക്കുന്നതു് അരമനയിൽ വസിക്കുന്ന അച്ചന്മാരും മററുദ്യോഗസ്ഥന്മാരുമാണ്. അരമനക്കച്ചേരിക്കും വിശാലമായ ഒരു മുറി ആവശ്യമാണ്. ഇന്നത്തെ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ, സമയം ലാഭിക്കുന്നതിനും സ്വന്തം സ്ഥാനമാഹാത്മ്യം സംരക്ഷിക്കുന്നതിനും കൃത്യാന്തരബാഹുല്യവും ഉന്നതസ്ഥാനീയനുമായ ഒരു മെത്രാനു് ഒരു കാർ ഉണ്ടായിരിക്കുക എന്നതു് ഉചിതമായിരിക്കുന്നു. "സമത്വം, സമത്വം" എന്നുൽഘോഷിക്കുന്ന കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽപ്പോലും ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും കാറുപയോഗിക്കുന്നുണ്ടല്ലോ. മെത്രാന്മാർ ബാഹ്യരംഗത്തു പ്രത്യക്ഷപ്പെടുമ്പോൾ വിശേഷവസ്ത്രങ്ങളാലുംമററും അലംകൃതരാണെങ്കിലും സ്വന്തം മുറികളിൽ അവർ തപോജീവിതമാണു് അനുഷ്ഠിക്കുന്നതെന്നും ഓർത്തിരിക്കണം.

പുരോഹിതന്മാർ ചില മതകർമ്മങ്ങൾക്കു് (ജ്ഞാനസ്നാനം, കുമ്പസാരം തുടങ്ങി അവശ്യം ആവശ്യകമായ കർമ്മങ്ങൾക്കു യാതൊന്നും കൊടുക്കേണ്ടതില്ല) സാധാരണമായി എന്തെങ്കിലും വേതനം സ്വീകരിക്കുന്നതു്, അവരുടെ ജീവിതസന്ധാരണത്തിനുള്ള ഏററവും പ്രായോഗികമായ മാർഗ്ഗമായി തിരുസ്സഭ അനുനിർദ്ദേശിച്ചിട്ടുള്ളതുകൊണ്ടാണ്. ജനങ്ങളുടെ ആത്മീയശുശ്രൂഷയ്ക്കായി മുഴുവൻ സമയവും ഉഴിഞ്ഞുവച്ചിരിക്കുന്ന വൈദികർ ജീവസന്ധാരണാർത്ഥം കൃഷി, കച്ചവടം മുതലായവ നടത്തുക സാദ്ധ്യമല്ലല്ലോ. ജനങ്ങൾക്കുവേണ്ടി കാര്യമായ ആത്മീയശുശ്രൂഷയൊന്നും നടത്താത്ത ബുദ്ധസന്യാസികൾ, ഹൈന്ദവസന്യാസികൾ തുടങ്ങിയവർപോലും സാമാന്യജനങ്ങളിൽനിന്നും ധർമ്മം സ്വീകരിച്ചാണല്ലോ ജീവിക്കുന്നതു്.

താഴെചേർക്കുന്ന വേദവാക്യങ്ങൾ മതശുശ്രൂഷകരെ സംരക്ഷിക്കുവാൻ ജനങ്ങൾക്കു കടമയുണ്ടെന്നു വ്യക്തമാക്കുന്നു: "നിങ്ങൾ ഏതെങ്കിലും ഒരു വീട്ടിൽ പ്രവേശിക്കുമ്പോൾ, ഈ വീടിനു സമാധാനം എന്നു ആദ്യമേ പറയുവിൻ......അവരുടെ വകയിൽനിന്നു ഭക്ഷിച്ചും പാനം ചെയ്തും അവിടെ വസിക്കുവിൻ, എന്തുകൊണ്ടെന്നാൽ വേലക്കാരൻ തന്റെ കൂലിക്കു് അർഹനാകുന്നു" (ലൂക്ക 10: 5, 7). "സ്വന്ത ചെലവുകളിൽ യുദ്ധസേവനം ചെയ്യുന്നവൻ ആരുണ്ടു? അല്ലെങ്കിൽ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചിട്ടു് അതിന്റെ ഫലങ്ങൾ ഭക്ഷിക്കാത്തവൻ ആരുണ്ടു? അല്ലെങ്കിൽ ആടുകളെ മേയിച്ചിട്ടു തന്റെ ആട്ടിൻകൂട്ടത്തിന്റെ പാലിൽ കുറെ അനുഭവിക്കാത്തവൻ ആരുണ്ടു?......മെതിക്കുന്ന കാളയുടെ വായ് കെട്ടരുതെന്നു നിയമത്തിൽത്തന്നെയും എഴുതപ്പെട്ടിരിക്കുന്നു. ദൈവത്തിനു കാളയെക്കുറിച്ചു് (ഇത്ര) ശ്രദ്ധയുണ്ടോ? മറിച്ചു്, നമ്മെക്കുറിച്ചാകുന്നു പറഞ്ഞിരിക്കുന്നതെന്നും നമ്മെക്കുറിച്ചു് അതു് എഴുതപ്പെട്ടിരിക്കുന്നു എന്നും സ്പഷ്ടമാകുന്നു......ഞങ്ങൾ ആത്മീയമായവ നിങ്ങളിൽ വിതച്ചിട്ടു് ശാരീരികമായവ നിങ്ങളിൽനിന്നു കൊയ്യുന്നുവെങ്കിൽ അതു വലിയ കാര്യമാകുന്നുവോ?" (I കൊറി. 9: 7—11) വിശ്വാസികളാൽ സംരക്ഷിക്കപ്പെടുവാൻ തനിക്കുള്ള അർഹതയാണു് വി. പൗലോസു് ഇവിടെ വ്യക്തമാക്കുന്നതു്.

കത്തോലിക്കാ പുരോഹിതന്മാർ കോൺഗ്രസ്സനുഭാവികളാണെന്ന സംഗതിയും ചോദ്യകാരന്റെ വിമർശനത്തിനു വിഷയമായിരിക്കുന്നു. കത്തോലിക്കാ പുരോഹിതന്മാർ എല്ലാവരും കോൺഗ്രസ്സിനു പിന്തുണ നൽകിക്കൊള്ളണമെന്നു യാതൊരു നിയമവുമില്ല. പൗരന്മാർ എന്ന നിലയിൽ, ധർമ്മബോധമുള്ള ഏതൊരു രാഷ്ട്രീയപാർട്ടിയേയും പിന്താങ്ങുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടു്. കേരളത്തിലെയോ ഭാരതത്തിലെതന്നെയോ ക. പുരോഹിതന്മാർ കോൺഗ്രസ്സിനു പിന്തുണ നൽകുന്നെങ്കിൽ അതിനു കാരണം ആദ്ധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളെ സംരക്ഷിക്കുവാൻ മററു രാഷ്ട്രീയ പാർട്ടികളെ അപേക്ഷിച്ചു കോൺഗ്രസ്സാണു് ഭേദമെന്നു് അവർക്കുള്ള ബോദ്ധ്യംനിമിത്തമായിരിക്കണം. കമ്മ്യൂണിസ്റ്റുപാർട്ടിയേയും ഐക്യമുന്നണിയേയും മററും പിന്താങ്ങുക അവർക്കു യാതൊരു കാരണവശാലും സാദ്ധ്യമല്ലതാനും.

സൗജന്യ വിതരണഫണ്ടിലേക്കു് സംഭാവനകൾ അയക്കുവിൻ.

ആദ്ധ്യാത്മികവീഥി (5)

# നിത്യശിക്ഷയിൽനിന്നു് നിശ്ചയമായുമൊഴിയാം

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവമക്കളെപ്പോലെ പരിപൂർണ്ണതയ്ക്കായി ശ്രമിച്ചുകൊണ്ടു ജീവിച്ചാൽ പക്ഷേ വലിയ പുണ്യപദവിയിലെങ്ങും എത്തിച്ചേരാൻ കഴിഞ്ഞില്ലെങ്കിലും കുറഞ്ഞപക്ഷം സ്വർഗ്ഗത്തിൽ കയറിപ്പററാനെങ്കിലും നിശ്ചയമായും സാധിക്കുമെന്നാണല്ലോ ഞാൻ കഴിഞ്ഞപ്രാവശ്യം പറഞ്ഞതു്. 75 ശതമാനം മാർക്കു ലഭിക്കണമെന്നുദ്ദേശിച്ചു പരിശ്രമിക്കുന്ന കുട്ടിക്കു 35 ശതമാനമെങ്കിലും വാങ്ങി നിശ്ചയമായിട്ടും പാസ്സാകാം എന്ന വസ്തുതയാണു് അതിനെ സ്ഥാപിക്കുന്നതിനു ഞാൻ ഉപയോഗിച്ചതു്.

എന്നാൽ ആ ഉദാഹരണത്തിനു് ഒരു ചെറിയ ന്യൂനതയുണ്ടു്. ചില മടിയന്മാർ കുട്ടികൾ പറയും, "എനിക്കു ബുദ്ധിമുട്ടി പാസ്സാകണമെന്നും മററുമില്ല. പാസ്സായി ഉദ്യോഗത്തിനു പോകാതെതന്നെ സുഖമായി കഴിക്കാൻ കാരണവന്മാർക്കുണ്ടു മുതലുണ്ടു്. അല്ലെങ്കിൽ ഈ പാസ്സൊന്നും ആവശ്യമില്ലാത്ത എത്ര 'ബിസിനസു'ണ്ടു് നടത്താൻ" എന്നു്. അവർ പറയുന്നതു വാസ്തവമാണുതാനും. എന്നാൽ നിത്യരക്ഷയുടെ കാര്യത്തിൽ വലിയൊരു വ്യത്യാസമുണ്ടു്. അതു കിട്ടിയില്ലെങ്കിൽ പകരം വാങ്ങാൻ വേറെ സുഖവാസസ്ഥലമൊന്നുമില്ല. എന്നുതന്നെയല്ല അതു കിട്ടാതെ പോയാൽ ശേഷിക്കുന്നതു നിത്യശിക്ഷമാത്രവുമാണ്. അതിനാൽ ഒരാൾക്കു മോക്ഷസൗഭാഗ്യം വേണ്ടെന്നുവച്ചാൽപ്പോലും പുണ്യപൂർണ്ണതയ്ക്കായി ശ്രമിക്കാതിരിക്കാൻ പാടില്ല. കാരണം നിത്യദുരിതമെങ്കിലും കൂടാതെ കഴിക്കണമെന്നു് അയാൾക്കു് ആഗ്രഹിക്കാതിരിക്കാൻ നിവൃത്തിയില്ലല്ലോ.

നമുക്കു ചിലപ്പോൾ തോന്നിയേക്കും സ്വർഗ്ഗം വേണ്ടെന്നുവയ്ക്കുന്നവർക്കു നരകം കൊടുക്കുമെന്നു പറയുന്നതു ദൈവത്തിന്റെ ഭാഗത്തു വലിയ ക്രൂരതയല്ലയോ എന്നു്. അല്പം ആലോചിച്ചാൽ കാണാം അതു അവിടുത്തെ അനന്തസ്നേഹത്തിന്റെ ലക്ഷണമാണെന്നു്. സുഖക്കേടുള്ള ഒരു കുട്ടിയോടു് "കുഞ്ഞേ, ഈ മരുന്നു കുടിക്കു്. ഇതു കുടിച്ചാൽ നിനക്കു് സുഖമായി എഴുന്നേററു ഓടിനടന്നു മററുള്ളവരുടെകൂടെ കളിക്കാം. ചക്കപ്പഴവും മാമ്പഴവും എല്ലാം തിന്നാം" എന്നു പറയുമ്പോൾ "എനിക്കതൊന്നും വേണ്ട, മരുന്നു കുടിക്കാനും കഴികയില്ല" എന്നു പറഞ്ഞാൽ നമ്മളെന്താണു ചെയ്യുന്നതു്? ഉടനെ വടിയെടുക്കും. "വേഗം കുടിച്ചോ, അല്ലെങ്കിൽ കാണിച്ചുതരാം" എന്നുപറഞ്ഞു ഭയപ്പെടുത്തും. അപ്പോൾ അടി ഭയന്നെങ്കിലും കുടിക്കുംചെയ്യും. അതുപോലെ ഭയപ്പെടുത്തിയെങ്കിലും നമ്മെ സ്വർഗ്ഗത്തിലേക്കു് ആനയിച്ചു തന്നോടുകൂടി നിത്യം ആനന്ദിക്കുന്നതിനു് ഇടയാക്കണം എന്നു കരുതിയിട്ടുകൂടിയാണു് നമ്മുടെ വത്സലപിതാവു് ഇങ്ങനെയൊരു ശിക്ഷ വച്ചിരിക്കുന്നതു്.

അതിന്റെ ന്യായം നമുക്കു മനസ്സിലാകുന്നുണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി "എനിക്കു് സ്വർഗ്ഗം വേണ്ടാ, അതിനുവേണ്ടി ബുദ്ധിമുട്ടാനും കഴിയുകയില്ല" എന്നു പറഞ്ഞിരുന്നാൽ നരകത്തിൽ പോകാതെ ഗത്യന്തരമില്ല. ബുദ്ധിയുള്ള മനുഷ്യർ അതു കരുതി പ്രവർത്തിക്കതന്നെ ചെയ്യും. വലിയ കീഴ്ക്കാംതൂക്കായ മലഞ്ചരിവിൽക്കൂടി വെട്ടിയിരിക്കുന്ന റോഡു് നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കുമല്ലോ. ആളുകളോ വാഹനങ്ങളോ കുഴിയിലേക്കു മറിഞ്ഞുവീഴാതിരിക്കാനായി കുഴിയുടെവശത്തു അരഭിത്തി കെട്ടിയിട്ടുണ്ടായിരിക്കും. നമ്മുടെകൂടെ നടക്കാൻവരുന്ന കുട്ടികൾ വല്ലവരും ആ ഭിത്തിയുടെ മുകളിൽ കയറി ഓടാനോ നടക്കാൻതന്നെയോ ശ്രമിച്ചാൽ നാം അതിനു സമ്മതിക്കുമോ? ഒരിക്കലുമില്ല. അവന്റെ കാലൊന്നു തെററിയാൽ അഗാധഗർത്തത്തിൽ വീണു മരിച്ചുപോകും. ഇനി പരുക്കേററു മരിച്ചില്ലെങ്കിൽത്തന്നെ വല്ല ദുഷ്ടമൃഗങ്ങൾക്കും ഇരയാകാൻ എളുപ്പമുണ്ടു്. അതുകൊണ്ടു് കാലുതെററി വീണു് ഒന്നുരണ്ടാൾപ്പോലും കുഴിയിൽ വീഴാതിരിക്കത്തക്കവണ്ണം റോഡിന്റെ എതിർവശത്തുകൂടിയേ നടക്കാവൂ എന്നു നാം നിഷ്കർഷിക്കും.

അത്യാവശ്യത്തിനുള്ള പ്രമാണംമാത്രം കാത്തുകൊള്ളാമെന്നു പറയുന്നവർ മേല്പറഞ്ഞ ഭിത്തിയുടെ മുകളിൽക്കയറി അലക്ഷ്യമായി ഓടുന്ന കുട്ടികളെപ്പോലെയാണു് പ്രവർത്തിക്കുന്നതു്. ഒരു കാലുതെററിയാൽമതി ഒരിക്കലും കയറിപ്പോരാൻ സാദ്ധ്യമല്ലാത്ത നരകക്കുഴിയിൽ പതിക്കുവാൻ. നേരെമറിച്ചു പരിപൂർണ്ണതയ്ക്കായി ശ്രമിക്കുന്നവർ റോഡിന്റെ മറെറ അരികുചേർന്നു നടക്കുന്നവർക്കു തുല്യരാണു്. വല്ല ചില്ലറ വീഴ്ചയുണ്ടായാൽപ്പോലും എഴുന്നേല്ക്കാൻ സൗകര്യമുണ്ടായിരിക്കും. നിശ്ചയമായും കുഴിയിൽ പതിക്കയില്ല. ഇക്കാരണംമാത്രം ആലോചിച്ചുനോക്കിയാലും കാണാം പുണ്യജീവിതം നയിക്കുന്നതു് എത്ര ഉപകാരപ്രദമാണെന്നു്.

നമ്മുടെ പിതാവായ ദൈവം നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

തൈക്കാട്ടുമൂസ്സ വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ഗ്രാമോദ്ധാരണപംക്തി.

# മൃഗങ്ങളുടെ സാംക്രമികരോഗങ്ങൾ

# തൊണ്ടവീക്കം

കാർഷികരാജ്യമായ ഭാരതത്തിന്റെ നട്ടെല്ലായ കന്നുകാലിസമ്പത്തിനെ അധഃപതിപ്പിക്കുന്ന പകർച്ചവ്യാധികളിൽ ഏററവും പ്രധാനസ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന "ഗോമാരി"യുടെ സാമാന്യരൂപം കഴിഞ്ഞ ഒരു ലക്കത്തിൽ നാം വായിച്ചുവല്ലോ. രണ്ടാമത്തെ സ്ഥാനമർഹിക്കുന്നതു് "തൊണ്ടവീക്കം" അഥവാ "ഹെമറേജിക് സെപ്റ്റിസീമിയ" എന്ന രോഗമാണ്. ഈ രോഗം നമ്മുടെ നാട്ടിൻപുറത്തും ഈജിപ്റ്റ്, ഇൻഡോചൈന, മലയാപെനിൻസുല, ഫിലിപ്പയിൻദ്വീപുകൾ, ജാവാ എന്നീ പ്രദേശങ്ങളിലും ധാരാളമായി കണ്ടുവരുന്നു.

തൊണ്ടവീക്കം നമ്മുടെനാടിന്റെ എല്ലാഭാഗങ്ങളിലും സാധാരണയാണ്. താണുകിടക്കുന്ന സമതലങ്ങളിലും ജലസേചനംകൊണ്ടു കൃഷിനടത്തുന്ന പ്രദേശങ്ങളിലും ആണ്ടുവട്ടം മുഴുവനും ഒരു സാംക്രമികരോഗമെന്നനിലയിൽ ഇതു് പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കും.

പകർച്ചവ്യാധിമൂലം ഉണ്ടാകുന്ന ആകെ നാശത്തിൽ 24ശതമാനവും ഈരോഗംമൂലമാണുണ്ടാകുന്നതെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. കന്നുകാലികളിൽ കൂടുതലായി ഈരോഗം ബാധിക്കുന്നതു് എരുമ, പോത്തു് ഇവയ്ക്കാണു്. മനുഷ്യർ, പട്ടി മുതലായ ചുരുക്കംചില ജീവികൾ മാത്രമേ ഈ രോഗത്തിന്റെ ആക്രമണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളു.

വളരെ സൂക്ഷ്മമെങ്കിലും ഭൂതക്കണ്ണാടിയിൽക്കൂടി കാണാവുന്ന ഒരുതരം അണുക്കൾമൂലമാണു് ഈ രോഗം ഉണ്ടാകുന്നതു്. സാധാരണ അണുസംഹാരിണിലായനി ഉപയോഗിച്ചു് ഇവയെ നശിപ്പിക്കുവാൻ സാധിക്കുന്നു. ഇവ മൃഗശരീരത്തിൽ പ്രവേശിച്ചാൽ വളരെശീഘ്രം വളന്നു് ശരീരമാസകലം വിഷാംശം (Toxins) പരത്തുന്നു. ഈ അണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധം ഇനിയും സുവ്യക്തമല്ല. മേയുന്നതിനിടയ്ക്കു് ഉണ്ടാകുന്ന ചെറിയ മുറിവുകളിൽക്കൂടി ഇവ രക്തത്തിൽ പ്രവേശിക്കുന്നതായി കരുതിപ്പോരുന്നു. മഴക്കാലാനന്തരം കാണുന്ന ഒരുതരം ക്ഷുദ്രപ്രാണികൾ ഈ രോഗം പരത്തുന്നതിനുപകരണമായിത്തീരുന്നതായും കരുതപ്പെടുന്നു.

ഏതെങ്കിലും ലക്ഷണം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനുമുമ്പു് ചില കന്നുകാലികൾ അപ്രതീക്ഷിതമായി തൊഴുത്തിൽ ചത്തുകിടക്കുന്നതായിക്കാണാം. ഇതു് ഈ രോഗത്തിന്റെ ഒരു ലക്ഷണമാണ്. (ഇങ്ങനെയുള്ള മററു രോഗങ്ങളും ഉണ്ടു്.) രോഗം ബാധിച്ച മൃഗങ്ങൾക്കു് അത്യുഗ്രമായ പനിയുണ്ടായിരിക്കും. ഏകദേശം 107° F മുതൽ 110° F വരെ പനിയുണ്ടായിരിക്കും. വലിയ മന്ദത കാണപ്പെടും. താട, കഴുത്തു്, താഴത്തെ അണ എന്നീ ഭാഗങ്ങളിൽ നീരു് കാണപ്പെടുന്നു. ഇതു ചിലപ്പോൾ മാറിലും തോളിലും വ്യാപിച്ചുകാണാം. അതിനാൽ ചില ഗ്രാമീണർ ഇതിനെ "ചുളവൻനീരു്" എന്നും

(ശേഷം 10-ാം പേജിൽ)

# മാർ ഇവാനിയോസും അന്ത്യോക്യൻ റീത്തും

(ഐ. സി. ചാക്കൊ)

ഈ വിഷയത്തെക്കുറിച്ച് ഈ സെപ്റ്റംബർ രണ്ടാം തീയതിയിലെ "സത്യദീപ"ത്തിൽ ഷെവ. തളിയത്തു പ്രസിദ്ധം ചെയ്തിരുന്ന ലേഖനം ഞാൻ കാണുകയുണ്ടായി. അതു കണ്ടതിന്റെ ശേഷം ആഗസ്റ്റ് പത്തൊൻപതാം തീയതിയിലെ ദീപത്തിൽ പ്രസിദ്ധം ചെയ്തിരുന്ന അദ്ദേഹത്തിന്റെ ആദ്യലേഖനവും ഞാൻ വായിച്ചു. ആദ്യത്തേ ലേഖനത്തിൽ അന്ത്യോക്യാറീത്തിനു മലങ്കരയിൽ കത്തോലിക്കാസഭയുടെ സ്വീകാരം ലഭിച്ചതു മാർ ഇവാനിയോസിന്റെ പ്രയത്നം കൊണ്ടാണെന്നു ഷെവലിയർ പറഞ്ഞിരുന്നു. ഈ പ്രസ്താവനത്തെ പ്രതിഷേധിച്ച് ആരോ തനിക്കെഴുതിയ ലേഖനത്തെ സമ്മതിച്ചുകൊണ്ടുള്ളതാണ് രണ്ടാമത്തെ ലേഖനം.

മാർ ഇവാനിയോസിന്റെ പ്രസ്ഥാനത്തിനു മുൻപുതന്നേ അന്ത്യോക്യാറീത്തു മലങ്കരയിൽ കത്തോലിക്കാസഭയാൽ സ്വീകൃതമായിരുന്നുവെന്നുള്ളതു ശരിതന്നെ. അന്ത്യോക്യാറീത്തു മാർ ഇവാനിയോസിന്റെ പ്രത്യാഗമനത്തോടുകൂടെയാണു മലങ്കരയിൽ സ്ഥിരപ്രതിഷ്ഠമായിത്തീർന്നതെന്നുള്ളതും ശരിയാണ്. ഈ വിപ്രതിഷേധങ്ങൾ രണ്ടും തമ്മിൽ പൊരുത്തം വരുത്തേണ്ടിയിരിക്കുന്നു.

ഷെവ. തളിയത്തിന്റെ ലേഖകൻ ഇംഗ്ലീഷിൽ ഉദ്ധരിച്ചിരിക്കുന്ന കല്പന വായിച്ചുനോക്കാം. അതു കേവലം വ്യക്തികളെ സംബന്ധിച്ചുള്ളതാണ്. യാക്കോബായസഭയിൽനിന്നു കത്തോലിക്കാസഭയിലേക്കു പ്രത്യാഗമിക്കുന്ന വൈദികരെ അവരുടെ റീത്തോടുകൂടെ സ്വീകരിക്കാമെന്നാണ് ആ കല്പന ശാസിക്കുന്നതു്. യാക്കോബായസഭയിൽനിന്നു പ്രത്യാഗമിക്കുന്ന ഒരു ലൗകികൻ തനിക്ക് അന്ത്യോക്യാറീത്തിൽ കർമ്മങ്ങൾ അനുഷ്ഠിക്കത്തക്കവണ്ണം പട്ടം കിട്ടണമെന്നാവശ്യപ്പെട്ടാൽ അതു സാധിച്ചുകൊടുക്കുന്നതിനു കല്പന അനുവദിക്കുന്നില്ല. മാർ ഇവാനിയോസ് സാധിച്ചതിതാണ്. ഇതു രണ്ടും തമ്മിൽ വ്യത്യാസമുണ്ടല്ലോ.

ലേഖകൻ ഉദ്ധരിച്ചിരിക്കുന്ന കല്പന അതിന്റെ പരിധിക്കുള്ളിൽ പ്രയോഗിക്കുന്നതിലും വൈഷമ്യങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടു്. മാർ അലക്സാണ്ഡർ മൂളപ്പറമ്പിൽ വിശാലമനസ്കനും കാര്യനിർവ്വഹണസമർത്ഥനുമായ ഒരു മെത്രാനായിരുന്നു. യാക്കോബായക്കാരെയും അവരുടെ ഇഷ്ടമനുസരിച്ചു ചേർത്തു താരതമ്യേന ചെറുതായ തന്റെ സമുദായത്തെ ബലപ്പെടുത്തണമെന്നുള്ള ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നിരിക്കാം. എന്നാൽ ബൃഹത്തായ ഒരു ജനസമുദായത്തെ ഭരിച്ചിരുന്ന വടക്കുംഭാഗമെത്രാന്മാർ ഈ പ്രശ്നത്തെ വീക്ഷിച്ചതു് മാർ അലക്സാണ്ഡർ വീക്ഷിച്ചിരുന്ന ദൃഷ്ടിപഥത്തിൽക്കൂടെയല്ലായിരുന്നു. ഇതിനുദാഹരണമായി എന്റെ ഒരനുഭവം വിവരിക്കാം.

കുട്ടാളച്ചേരിൽ മാർ തോമാമെത്രാന്റെ കാലത്തു മല്ലപ്പള്ളിയിലെ ചില യാക്കോബായക്കാർ കത്തോലിക്കാസഭയിലേക്ക് പ്രത്യാഗമിക്കുകയോ പ്രത്യാഗമിക്കുവാൻ സന്നദ്ധരാകയോ ചെയ്തല്ലോ. പഴുമ്പള്ളിൽ ദാവീദ് (പേരും വീട്ടുപേരും ഇവയായിരുന്നുവെന്നാണെന്റെ ഓർമ്മ) കത്തനാരായിരുന്നു ഇവരിൽ ഒരുവൻ. ഈ വൃത്താന്തംകേട്ട് സന്തുഷ്ടനായി ഞാൻ തിരുവനന്തപുരത്തു താമസിക്കയായിരുന്നു. കുറേനാളുകൾ കഴിഞ്ഞപ്പോൾ ദാവീദച്ചന്റെ ഒരെഴുത്തെനിക്കു കിട്ടി. ഞങ്ങൾ തമ്മിൽ യാതൊരു പരിചയവുമില്ലായിരുന്നു. അതിൽപ്പിന്നെയും ഞങ്ങൾ തമ്മിൽ കണ്ടിട്ടില്ല. തന്റെ റീത്തു സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിച്ചുകൊണ്ടു് ചങ്ങനാശേരി മെത്രാൻ തന്നെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചുവെന്നും എന്നാൽ തന്റെ പ്രത്യാഗമനത്തിനുശേഷം ആവശ്യമില്ലാത്ത പല ഭേദഗതികൾ തന്റെ റീത്തിൽ വരുത്തേണമെന്നാവശ്യപ്പെട്ടുകൊണ്ടു് തന്നെ ക്ലേശിപ്പിക്കുന്നുവെന്നുമായിരുന്നു എഴുത്തിന്റെ സാരം. ഈ കാര്യത്തിൽ എന്തു സഹായമാണ് ഞാൻ ചെയ്യേണ്ടതെന്നെനിക്കു നിശ്ചയമില്ലായിരുന്നു. എങ്കിലും ഒന്നും ചെയ്യാതിരിക്കുന്നതു് വലിയ ഒരു കൃത്യവിലോപമായിരിക്കുമെന്നെനിക്കു തോന്നി. ഞാൻ മാർ തോമാമെത്രാന്റെ പേർക്കൊരെഴുത്തയച്ചു. കത്തോലിക്കാസഭയിലേക്ക് പ്രത്യാഗമിക്കുന്ന നമ്മുടെ സഹോദരന്മാരുടെ മാർഗ്ഗം സുഗമമാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകതയെ പ്രതിപാദിച്ചുകൊണ്ടായിരുന്നു എന്റെ എഴുത്തു്.

അന്നു മല്ലപ്പള്ളി മിഷ്യന്റെ നേതാവ് പരേതനായ കൈപ്പൻപ്ലാക്കൽ ഫാ. അബ്രഹാമായിരുന്നു. എന്റെ എഴുത്തിനു മറുപടി അയക്കുവാൻ മെത്രാനച്ചൻ അദ്ദേഹത്തെ നിയോഗിച്ചു. ഇദ്ദേഹവും ഞാനും തമ്മിൽ പല എഴുത്തുകൾ വിനിമയം ചെയ്തു. അദ്ദേഹത്തിന്റെ വാദം ഇങ്ങനെ സമാഹരിക്കാം:

1. മലങ്കരയാക്കോബായക്കാർ മലങ്കരസുറിയാനിക്കാരുടെ പിതൃപൈതാമഹമായ കൽദായറീത്തു വിട്ടുപോയവരാണ്. അവർക്കു തിരിച്ചുവരണമെങ്കിൽ പിതൃപൈതാമഹമായ ആ റീത്ത് അവർ സ്വീകരിക്കണം.

2 അന്ത്യോക്യാറീത്തനുവദിച്ചുകൊടുത്താൽ അതു ശരിദ്മത്തിലേക്കും പാഷണ്ഡതയിലേക്കുമുള്ള ഒരു പാലമായിത്തീരും.

3. അന്ത്യോക്യാറീത്തനുവദിച്ചുകൊടുത്താൽ ആ റീത്തിൽ ആളുകൂടുമ്പോൾ അവർക്കായി ഒരു മെത്രാനെ നിയമിക്കേണ്ടതായി വരും.

ഇങ്ങനെയുള്ള വാദങ്ങൾ ഉന്നയിച്ചുകണ്ടതിൽ എനിക്കു വലിയ വിസ്മയവും വ്യസനവും ലജ്ജയുമുണ്ടായി. ഫാ. അബ്രഹാമിന്റെ വാദങ്ങൾക്കു ഞാൻ മറുപടി നൽകി. കൽദായറീത്തു വിട്ടുപോയി അന്ത്യോക്യാറീത്തു സ്വീകരിച്ച വ്യക്തികൾക്കു തിരിച്ചുവരണമെങ്കിൽ അവർ കൽദായറീത്തു സ്വീകരിക്കണമെന്നു പറഞ്ഞിരുന്നുവെങ്കിൽ അതു യുക്തമായിരുന്നേനെ. നവീനമായ അന്ത്യോക്യാറീത്തുപേക്ഷിച്ചിട്ട് ചിരപരിചിതമായ കൽദായറീത്തു സ്വീകരിക്കുന്നതിൽ അവർക്ക് യാതൊരു വൈഷമ്യവുമുണ്ടാകുമായിരുന്നില്ല. മലങ്കരയിൽ അന്ത്യോക്യാറീത്തിന്റെ ആഗമനം എങ്ങനെ സംഭവിച്ചതായിരുന്നാലും അതു ചിരപരിചിതമായിത്തീർന്നിരിക്കുന്ന ഒരു തലമുറയോട്ട് അതുപേക്ഷിക്കണമെന്നു പറഞ്ഞാൽ അവർക്കു പല വൈഷമ്യങ്ങളും തോന്നുന്നതാണ്. ആ വൈഷമ്യങ്ങളെ അനുഭാവപൂർവ്വം നാം പരിഗണിക്കേണ്ടതാകുന്നു. പാലത്തിന്റെ കാര്യത്തിൽ റോമാസിംഹാസനം കണ്ടതിന്റെ അപ്പുറം നാം നോക്കേണമെന്നില്ല. ശരിദ്മങ്ങളും പാഷണ്ഡതകളും പ്രത്യാഗമനങ്ങളും പലതു കണ്ടിട്ടുള്ളതാണല്ലോ റോമാസിംഹാസനം. അന്ത്യോക്യാറീത്തിൽ കത്തോലിക്കരുടെ സംഖ്യ കൂടുമ്പോൾ അവർക്കൊരു മെത്രാനെ കൊടുക്കുന്നതിൽ നമുക്കു സന്തോഷത്തിനല്ലാതെ വ്യസനത്തിനവകാശമില്ലല്ലോ. ഇങ്ങനെയെല്ലാമായിരുന്നു എന്റെ പ്രത്യാഖ്യാനങ്ങൾ. എങ്കിലും ഇങ്ങനെയുള്ള കാര്യങ്ങളിൽ ലൗകികർക്ക് കാര്യമൊന്നുമില്ലെന്നു പറഞ്ഞു ഫാ. അബ്രഹാം ഒടുവിൽ എന്നെ മടക്കി. ലൗകികപ്രേഷിതത്വത്തെക്കുറിച്ചുള്ള പ്രോപ്പഗാൻഡാ അന്നു നടപ്പില്ലായിരുന്നു.

മാർ ഇവാനിയോസ് വളരെ ബുദ്ധിമാനായിരുന്നുവെന്ന് എവരും സമ്മതിക്കും. അദ്ദേഹം കത്തോലിക്കാസഭയിലേക്ക് പ്രത്യാഗമിക്കുവാൻ നിശ്ചയിച്ചതിന്റെശേഷം സ്വാഭാവികമായി സ്വജാതികളായ മെത്രാന്മാരെയാണ് സാഹായ്യത്തിനായി അഭിഗമിക്കേണ്ടിയിരുന്നതു്. അതിനുപകരം ഭാഗ്യസ്മരണാർഹനായ ബെൻസിജർ മെത്രാനെ (അന്നു മെത്രാൻ) അഭിഗമിച്ചതു് അദ്ദേഹത്തിന്റെ ബുദ്ധിവൈഭവത്തിന്റെ ഒരു ദൃഷ്ടാന്തമായിട്ടാണ് അന്നുമുതൽക്കേ ഞാൻ ഗണിക്കാറുള്ളതു്. പദരംഗിതം ഗ്രഹിക്കുന്നതിനു് അദ്ദേഹത്തിനു വലിയ സാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിസ്മയകരമായ വിജയത്തിന്റെ പ്രധാനകാരണങ്ങളിലൊന്നിതായിരുന്നു.

---

## 3-ാം ചരമവാർഷികം



ശ്രീ കഴികച്ചാലിൽ ഉലഹന്നാൻ അവിരാ

R. I. P.

By Fr. G. Kazhikachalil

---

## വിദ്യാഭ്യാസ വേതനങ്ങൾ

അ. കേ. ക. കോൺഗ്രസ് ഹെഡാഫീസിൽനിന്നും അറിയിക്കുന്നതു്:—

അഖിലകേരള കത്തോലിക്കാ കോൺഗ്രസിൽനിന്നു ഇക്കൊല്ലവും കത്തോലിക്കാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഏതാനും വിദ്യാഭ്യാസ വേതനങ്ങൾ നൽകുന്നതിനു് ഈ മാസം 13-ാം വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. വേതനം ലഭിക്കണമെന്നാഗ്രഹിക്കുന്നവർ നിർദ്ദിഷ്ടഫാറത്തിൽ അപേക്ഷ അയക്കേണ്ടതാകുന്നു. അപേക്ഷാഫാറം നേരിട്ടോ അല്ലാത്തപക്ഷം ഒരണാസ്റ്റാമ്പ സഹിതമോ ആവശ്യപ്പെട്ടാൽ ഹെഡാഫീസിൽനിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ സെപ്തംബർ 29-ാം തീയതിക്കകം ഹെഡാഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. അപേക്ഷയോടുകൂടി അപേക്ഷകന്റെ സാമ്പത്തികനിലയേയും കോണ്ടക്റ്റിനേയുംപറ്റി ബ. ഇടവകവികാരിയുടെയും കോളെജ് പ്രിൻസിപ്പലിന്റെയും ഓരോ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാകുന്നു. സെപ്തംബർ 29-ാം തീയതി കഴിഞ്ഞോ നിർദ്ദിഷ്ടഫാറത്തിൽ അല്ലാതെയോ സംഗതമായ രേഖകൾ കൂടാതെയോ അയക്കുന്ന അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല.

---

# ജനനനിരോധനം

(ജോ. മീനാട്ടൂർ)

"ജനസംഖ്യയിലുള്ള വർദ്ധനം ദാരിദ്ര്യത്തിനു കാരണമല്ല, പ്രത്യുത ദാരിദ്ര്യം ജനസംഖ്യയുടെ വർദ്ധനത്തിനു കാരണമാണ്" എന്ന നിഗമനത്തിലാണ് ഗണനീയമായ ഗവേഷണങ്ങൾക്കു ശേഷം ജോസേ ദെ കാസ്ട്രോ എത്തിച്ചേർന്നതു്. "വിശപ്പിന്റെ ഭൂമിശാസ്ത്രം" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇതിനെപ്പറ്റി സമ്യക്കായി പ്രതിപാദിക്കുന്നുണ്ടു്.



മൃഗങ്ങളിൽ നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി ഒരു കാര്യംവെളിവായി; അതായതു്, അധിക പോഷകാംശങ്ങളുള്ള ഭക്ഷ്യപദാർത്ഥങ്ങൾ കഴിക്കുന്നതുകൊണ്ടു് വന്ധ്യത വർദ്ധിക്കുന്നു എന്നു്. മാംസം, മുട്ട, പാൽ, മുതലായ ഭക്ഷ്യങ്ങൾ കഴിക്കുന്നവരുടെ ഇടയിൽ സന്താനങ്ങൾ കുറയുന്നു ധനികന്മാരുടെ ഇടയിൽ സന്താനദാരിദ്ര്യത്തിനുള്ള പ്രധാനകാരണം ഇതാണ്. അതിനാലാണ് ദെ കാസ്ട്രോ പറയുന്നതു് ദാരിദ്ര്യം ജനസംഖ്യയുടെ വർദ്ധനത്തിനു കാരണമാണ്; ജനസംഖ്യയുടെ വർദ്ധനം ദാരിദ്ര്യത്തിനു കാരണമല്ല എന്നു്.

ദെ കാസ്ട്രോ ലോകത്തിലെ നാനാഭാഗങ്ങളിലെ ഭക്ഷ്യപ്രശ്നങ്ങളെപ്പറ്റി പ്രാമാണികജ്ഞാനം സമ്പാദിച്ചിട്ടുണ്ടു്. ഫുഡ് ആൻഡ് ആഗ്രിക്കൾച്ചറൽ ഓർഗ്ഗനൈസേഷന്റെ നിർവ്വാഹകസമിതിയുടെ അദ്ധ്യക്ഷനാണ് അദ്ദേഹം.

അദ്ദേഹം പറയുന്നു, അന്നന്നിയപ്പത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ചരിത്രമാണ് ലോകാരംഭംമുതൽ ഇന്നുവരെ മനുഷ്യന്റേതു് എന്നു്.

പ്രസ്തുതഗ്രന്ഥത്തിന്റെമറൊരു ഭാഗത്തു് അദ്ദേഹം പറയുന്നുണ്ടു്, ഉല്പാദനം അനന്തമായി വർദ്ധിപ്പിക്കാമെന്നുള്ള മാർക്സിന്റെ അഭിപ്രായത്തോടു ഞാൻ വിയോജിക്കുന്നുവെങ്കിലും ഇന്നു് ഉല്പാദനപരിധി നമ്മിൽനിന്നു വളരെ വിദൂരമാണെന്നു ഞാൻ വിശ്വസിക്കുന്നു" എന്നു്.

ലോകത്തിൽ ഇന്നും പട്ടിണിയുള്ളതു് മനുഷ്യന്റെ താന്മാത്രതയും അതിനെത്തുടർന്നുള്ള കലാപങ്ങളും നിമിത്തമാണെന്നു് അദ്ദേഹം ഉറന്നിപ്പറയുന്നു. സാമൂഹികഘടനയിലുള്ള കുറവുകളുമാണ് പട്ടിണിയെ വലിച്ചിഴച്ചു നമ്മുടെമുമ്പിൽ കൊണ്ടുവരുന്നതെന്നും അങ്ങനെ സാംസ്കാരികഘടകങ്ങളാണ്, പ്രകൃതിയുടെ ചാപല്യത്തെക്കാൾ ദാരിദ്ര്യത്തിന് കാരണമെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

ധനികന്മാരുടെ ഇടയിൽ സന്താനങ്ങൾ കുറയുകയും ദരിദ്രരുടെ ഇടയിൽ അവർ വർദ്ധിക്കുകയും ചെയ്യുന്നതിനു പ്രധാനമായ കാരണം ഇരുകൂട്ടരും കഴിക്കുന്ന വിഭിന്നമായ ഭക്ഷ്യപദാർത്ഥങ്ങളാണെങ്കിൽ, ഭക്ഷ്യലബ്ധിയിലുള്ള ഈ വ്യത്യാസം മെച്ചമായ ഒരു സാമൂഹികവ്യവസ്ഥനിമിത്തം പരിഹരിക്കാവുന്നതാണ്. അതിനാൽ പട്ടിണിയെവാതില്ക്കൽനിന്നും അകററിനിർത്തുന്നതിനു് ജനനനിയന്ത്രണമല്ല, നീതിനിറഞ്ഞ ഒരു സാമൂഹികവ്യവസ്ഥയാണ് ആവശ്യമെന്നു സിദ്ധിക്കുന്നു.

## വിനോദവീഥി

പല്ലുവേദനമൂലം വിഷമിച്ച ഒരു ഗ്രാമീണൻ ഒടുവിൽ ദന്തവൈദ്യന്റെ പക്കൽ പോകുവാനുള്ള ധൈര്യം പ്രദർശിപ്പിച്ചു. പക്ഷേ, കസേരയിൽ കയറി ഇരിക്കുവാൻ പറഞ്ഞപ്പോൾ അയാളുടെ ധൈര്യമെല്ലാം നശിച്ചു. ധൈര്യം വരുത്തുവാൻ ദന്തവൈദ്യൻ അയാൾക്ക് ഒരു ഡ്റാം ചാരായം കൊടുത്തു.


"ഇപ്പോൾ ധൈര്യം തിരിച്ചു കിട്ടിയോ?" വൈദ്യൻ ചോദിച്ചു.

"ഇല്ല" എന്നായിരുന്നു മറുപടി. ഉടനെ ഒരു ഡ്റാംകൂടി കൊടുത്തു: മൂന്നാമതും ഒന്നുകൂടി.

"ഇപ്പോൾ എന്താ ധൈര്യം കിട്ടിയോ?"

ഗ്രാമീണൻ തലയൊന്നാട്ടി, കണ്ണു തുറിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: "എന്റെ പല്ലുതൊടാൻ ധൈര്യമുള്ളവനുണ്ടെങ്കിൽ വരട്ടെ ഇപ്പോൾ!"

* * *




ഫോട്ടോഗ്രാഫർ: സ്വല്പമൊന്നു ചിരിക്കു. ദാ, എന്റെ മുഖത്തേക്കുനോക്കിച്ചിരിക്കു.

മററയാൾ: പാസ്പോർട്ട്സൈസ് ഫോട്ടോയ്ക്കു പത്തുരൂപാ വാങ്ങിയ തന്റെ മുഖത്തേക്കുനോക്കിയാൽ എങ്ങനെ എനിക്കു ചിരിവരും മിസ്റ്റർ!

* * *




"ഹെ! മാസ്റ്ററുസാറെന്ത്യേ കുട്ടീ. ഇവനെയൊന്നു ചേർക്കണാല്ലോ."

"ഈ ടസ്റ്റു ബുക്കിന്റെ തെരക്കൊന്നു കഴിയുംവരെ സാറുവരില്ല. സാറു ദേ ആ മുക്കിലൊരു പുസ്തകക്കട തുറന്നിരിക്കാ."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, SEPTEMBER 23, 1953 || No. 6


# ഒസ്സാനാമിൻെറ വിശ്വാസചൈതന്യം

ഫ്റെഡറിക്ക് ഒസ്സാനാം സ്ഥാപിച്ച വിൻസെൻറ് ഡി പോൾ സഖ്യം അത്ഭുതാവഹമായ വിജയം വരിച്ചിരിക്കുന്നു. എന്താണ് ഈ വിജയത്തിൻെറ രഹസ്യം? ഫലത്തിൽനിന്നു വൃക്ഷത്തെ അറിയാം; നല്ല വൃക്ഷമേ നല്ല ഫലം പുറപ്പെടുത്തുകയുള്ളൂ. ഇവ സർവ്വസമ്മതങ്ങളായ തത്വങ്ങളാണ്. ഒസ്സാനാമിനു നല്ല ഫലങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതു് അദ്ദേഹം ഒരു നല്ല വൃക്ഷമായിരുന്നതുകൊണ്ടാകുന്നു. ഇതത്രെ അദ്ദേഹത്തിൻെറ വിജയരഹസ്യം. അതുകൊണ്ടു്, നമ്മളും അദ്ദേഹത്തെപ്പോലെ നല്ല വൃക്ഷങ്ങളായിത്തീർന്നാൽ നമുക്കും വിജയംവരിക്കുവാനും നല്ല ഫലങ്ങൾ ഉല്പാദിപ്പിക്കുവാനും സാധിക്കുന്നതായിരിക്കും. നല്ല വൃക്ഷങ്ങൾ ആയിത്തീരുക എന്നുവച്ചാൽ നല്ല മനുഷ്യരായിത്തീരുക എന്നർത്ഥം. കേവലം സ്വാഭാവികദൃഷ്ട്യാ നല്ലവരായാൽപ്പോരാ; അതിസ്വാഭാവികദൃഷ്ട്യാ നല്ലവരാകണം. ക്രിസ്തുവിൻെറ ജീവനിൽ, വരപ്രസാദജീവനിൽ പങ്കുവഹിക്കുന്നവരാണ് അതിസ്വാഭാവികദൃഷ്ട്യാ നല്ലവർ. അവരിൽ വിശ്വാസം, ശരണം, ഉപവി എന്ന ദൈവികപുണ്യങ്ങളും വിവേകം, നീതി, ആത്മശക്തി, മിതത്വം എന്നീ സാന്മാർഗ്ഗികപുണ്യങ്ങളും സമ്യക്കായി സമ്മേളിച്ചിരിക്കും. ഇവ പുറപ്പെടുവിക്കുന്ന ജീവകാരുണ്യപ്രവൃത്തികളാണ് "പരിപൂർണ്ണതയുടെ സുരക്ഷിതമായ അടിസ്ഥാനം" ആയിരിക്കുന്നതെന്നു മാർപ്പാപ്പാ തിരുമേനി 1952 ഏപ്രിൽ 27-ാംനു വിൻസെൻറ് ഡി പോൾ സംഘാംഗങ്ങളോടു ചെയ്ത പ്രഭാഷണത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഈ പുണ്യങ്ങളെല്ലാം ഫ്റെഡറിക്ക് ഒസ്സാനാമിൽ വിളങ്ങിയിരുന്നു. വിശിഷ്യ, അദ്ദേഹത്തിൻെറ സജീവമായ ദൈവവിശ്വാസമായിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിൻേറയും പ്രവർത്തനങ്ങളുടേയും നോദനശക്തി. അതുതന്നെയായിരിക്കണം നമ്മുടെ ജീവിതത്തിൻേറയും പ്രവൃത്തികളുടേയും നോദനശക്തി.

## ഒസ്സാനാമിൻെറ സജീവമായ ദൈവവിശ്വാസം

താൻ പരിപൂർണ്ണമായും ദൈവത്തിൻെറ സ്വന്തമാണ്, അവിടുത്തെ സ്നേഹമസൃണമായ പരിപാലനയ്ക്കു താൻ സർവ്വദാ വിഷയമായിരിക്കുന്നു, അവിടുത്തെ തിരുവുള്ളം നിറവേറുകയാണ് തൻെറ പരമപ്രധാനമായ കർത്തവ്യം ഇത്യാദി ആശയങ്ങൾ ഒസ്സാനാമിൻെറ കത്തുകളിലും മററു കൃതികളിലും പ്രസംഗങ്ങളിലും സദാ നിഴലിച്ചിരുന്നു. അദ്ദേഹം തൻെറ യൗവനത്തിൻെറ ആരംഭത്തിൽ ഒരു സ്നേഹിതനയച്ച ഒരു കത്തിൽ, ദൈവം തൻെറ നേർക്കു കാണിച്ചിട്ടുള്ള സ്നേഹം അനുസ്മരിച്ചുകൊണ്ടു് വിനയസമന്വിതം തന്നെ കുറപ്പെടുത്തുന്നതു നോക്കുക: "ഒരുപക്ഷേ നിത്യപിതാവിൻെറ മുന്തിരിത്തോട്ടത്തിൽ അവിടുത്തെ ശ്രദ്ധയ്ക്കും പരിചരണത്തിനും ഇത്രമാത്രം വിഷയമായ മറെറാരു മുന്തിരിച്ചെടി ഉണ്ടായിരിക്കയില്ല. 'എൻെറ മുന്തിരിച്ചെടിക്കുവേണ്ടി ചെയ്യാൻ സാധിക്കുമായിരുന്ന എന്താണു ഞാൻ ചെയ്യാതിരുന്നിട്ടുള്ളതു്', എന്നു മററു യാതൊരു ചെടിയെപ്പററിയും കൂടുതൽ സാംഗത്യത്തോടെ പറയാമെന്നും തോന്നുന്നില്ല. ഒരു നികൃഷ്ടച്ചെടിയാകുന്ന ഞാനാകട്ടെ ദൈവികനിശ്വസനത്തിനു് ഒത്തവണ്ണം എൻെറ ഇലകൾ വിടർത്തിയിട്ടില്ല. എൻെറ വേരുകൾ നല്ലമണ്ണിൽ ഞാൻ ഊന്നിയിട്ടില്ല; ഞാൻ വരണ്ടു വാടിപ്പോയിരിക്കുന്നു. നിശ്ചേഷ്ടമായ ഒരു സൃഷ്ടിയായി ഞാൻ നിലകൊണ്ടു. ഭീരുത്വംനിറഞ്ഞ ഒരു പ്രവൃത്തിമാന്ദ്യത്തിൽ ഞാൻ എന്നെത്തന്നെ പൊതിഞ്ഞിരിക്കുകയാണ്."

പാരീസിലെ സൊർബോൺ സർവ്വകലാശാലയിൽ വിദേശഭാഷാ പ്രഫസ്സറുടെ ഉദ്യോഗം ഒഴിവുവന്നപ്പോൾ അതിനുവേണ്ടി ഒസ്സാനാമിനെക്കൂടാതെ ഏഴുപേർ മത്സരിക്കുന്നുണ്ടായിരുന്നു. ഒസ്സാനാമിൻെറ ക്രിസ്തീയ വിശ്വാസംനിമിത്തം അദ്ദേഹത്തിനു വിജയസാദ്ധ്യത വളരെ കുറവായിരുന്നു. ഏതത്സംബന്ധമായി അദ്ദേഹം പ്രസ്താവിച്ചതു് ഇപ്രകാരമാണ്: "വിജയത്തിനുവേണ്ടി മത്സരിക്കുക എന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല എന്നാണെൻെറ ബോദ്ധ്യം. ആകയാൽ ബഹുമാനത്തിനുവേണ്ടി, സർവ്വോപരി ദൈവത്തിൻെറ ബഹുമാനത്തിനുവേണ്ടി മത്സരിക്കുവാൻ എനിക്കു അത്രയ്ക്കും സ്വാതന്ത്ര്യം കൂടുതലുണ്ടു്." മത്സരപ്പരീക്ഷയുടെ സമയത്തു് അദ്ദേഹം തൻെറ വിശ്വാസചൈതന്യത്തെ പ്രകടമായി പ്രകാശിപ്പിച്ചു. നിയമം സംബന്ധിച്ചു് വി. തോമസ് അക്വിനാസ് ചെയ്തിട്ടുള്ള പ്രസ്താവങ്ങൾ അദ്ദേഹം ഉദ്ധരിക്കുകയും ഫ്റഞ്ചു് പദ്യസാഹിത്യത്തിൽ ജാൻസനിസ്റ്റ് പാഷണ്ഡകർ ചെലുത്തിയ ദുഷിച്ച പ്രേരണാശക്തി ചൂണ്ടിക്കാണിക്കുകയും വി. ഫ്റാൻസിസ് സെയ്ൽസ് ഫ്റഞ്ചുസാഹിത്യത്തിൽ സമുന്നതസ്ഥാനം അർഹിക്കുന്ന ഒരാളാണെന്നു വ്യക്തമാക്കുകയും ചെയ്തു. ഒസ്സാനാം പ്രദർശിപ്പിച്ച ആദർശനിഷ്ഠ പരീക്ഷകരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചതിനാൽ അദ്ദേഹത്തിനു പ്രഫസ്സർസ്ഥാനം ലഭിച്ചു. മനുഷ്യരെ തൃപ്തിപ്പെടുത്താൻ ശ്രമിക്കാതെ ദൈവത്തെ തൃപ്തിപ്പെടുത്താൻ ശ്രമിച്ചുകൊണ്ടു താൻ നിർവ്വഹിക്കേണ്ട ഒരു വിനീതസേവനമായിട്ടാണ് തൻെറ ഉദ്യോഗം അദ്ദേഹം കണക്കാക്കിയതു്.

## ദൈവഹിതത്തിനുള്ള വിധേയത്വം

ദൈവഹിതത്തിനുള്ള പരിപൂർണ്ണവിധേയത്വമാണ് ഒരാളുടെ ആദ്ധ്യാത്മികത്വത്തിൻെറ ഉരകല്ലെന്നു അദ്ധ്യാത്മശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നു. ഈ നികഷത്തിൽ ഫ്റെഡറിക്ക് ഒസ്സാനാമിൻെറ ജീവിതത്തെ നമുക്കൊന്നു് ഉരച്ചുനോക്കാം.

ഞായറാഴ്ചതോറും ഒസ്സാനാം പള്ളിയോടനുബന്ധമായ ഒരു ഹാളിൽവച്ചു സാധുതൊഴിലാളികൾക്കു് ഉപദേശങ്ങൾ നൽകിവന്നു. ഒരിക്കൽ അദ്ദേഹം നൽകിയ ഉപദേശമിതാണ്: "ഗൊബലിൻസിലെ* തൊഴിൽക്കാർ നെയ്ത്തുവേല ചെയ്തതുപോലെ, നമ്മൾ അറിയുന്നില്ലെങ്കിലും നമ്മൾതന്നെയാണ് ഭൂമിയിൽവച്ചു നമ്മുടെ അന്ത്യത്തെ കരുപ്പിടിപ്പിക്കുന്നതു്. അജ്ഞാതനായ ഒരു കലാകാരൻ മുൻകൂട്ടി നിശ്ചയിച്ചുവച്ചിരുന്ന പ്ലാൻ വിനയപൂർവ്വം അവർ അനുസരിച്ചു. അദ്ദേഹത്താൽ നിർദ്ദിഷ്ടമായ വിവിധവർണ്ണങ്ങൾ നൂലുപാകിയതിൻെറ മറുവശത്തു് അവർ ക്രമപ്പെടുത്തി. അവരുടെ വേലയുടെ ഫലം എന്തായിരിക്കുമെന്നു് അവർക്കു് അറിഞ്ഞുകൂടായിരുന്നു. പിന്നീടു് അവരുടെ വേല പൂർത്തിയായപ്പോൾ അവർ ആ പുഷ്പങ്ങളേയും ചിത്രങ്ങളേയും ഛായകളേയും കലയുടെ അത്ഭുതസൃഷ്ടികളേയും കണ്ടാശ്ചര്യപ്പെട്ടു. അനന്തരം അവ അവരുടെ കരങ്ങൾവിട്ടു് രാജകൊട്ടാരങ്ങളെ അലങ്കരിക്കുന്നതിനായി പോകുകയുംചെയ്തു. സ്നേഹിതരേ! അപ്രകാരംതന്നെ നമുക്കും ഈ ഭൂമിയിൽ വിനയപൂർവ്വം ദൈവഹിതത്തിനു വിധേയരായി വേല ചെയ്യാം. നാം മുഖേന അവിടുന്നു നിവൃത്തിയാക്കുന്നതു് എന്താണെന്നു് നമുക്കു രൂപമുണ്ടായിരിക്കുകയില്ല. ദൈവമാകുന്ന കലാകാരൻ അതു കാണുകയും അറിയുകയും ചെയ്യുന്നുണ്ടു്. നമ്മുടെ ജീവിതത്തിൻേറയും നമ്മുടെ അദ്ധ്വാനത്തിൻേറയും കഷ്ടാരിഷ്ടതകളുടേയും പൂർത്തിയായ ചിത്രം അവിടുന്നു നമ്മെ കാണിച്ചുതരുമ്പോൾ നാം ഹർഷോന്മത്തരാകുന്നതാണ്. നമ്മുടെ പാവപ്പെട്ട പണിത്തരങ്ങൾ സ്വീകരിക്കുവാനും അവയെ തൻെറ നിത്യഭവനത്തിൽ വയ്ക്കുവാനും കനിവുണ്ടായതിനു നാം അവിടുത്തെ വാഴ്ത്തുന്നതായിരിക്കും." ഈ പ്രഭാഷണത്തിൻെറ പശ്ചാത്തലത്തിൽ ഒസ്സാനാമിൻെറ മനോഭാവം വ്യക്തമായി പ്രതിഫലിക്കുന്നുണ്ടു്. അദ്ദേഹം ദൈവഹിതത്തിനു സ്വയം ഭരമേല്പിച്ചിരുന്നു. പരമപിതാവിൻെറ തൃക്കരങ്ങളിൽ ഒരെളിയ ഉപകരണമായി വർത്തിക്കുവാനായിരുന്നു അദ്ദേഹത്തിൻെറ തീവ്രമായ അഭിലാഷം.

തൻെറ ഭാവിയെപ്പററി ഖണ്ഡിതമായ യാതൊരു തീരുമാനവും ചെയ്യാൻ സാധിക്കാതെ സംശയഗ്രസ്തനായി ഒസ്സാനാം ഏതാനും കൊല്ലങ്ങൾ കഴിച്ചുകൂട്ടി. അഭിഭാഷകവൃത്തി സ്വീകരിക്കണമോ സാഹിതീസേവനം തുടരണമോ, ഇതായിരുന്നു അദ്ദേഹത്തെ അലട്ടിയിരുന്ന പ്രശ്നം. അക്കാലമത്രയും അദ്ദേഹം തന്നാലാവതു ചെയ്യുകയും ദൈവത്തിൻെറ തിരുവുള്ളം നിർവ്വഹിക്കാനുള്ള സന്നദ്ധതയോടെ അവിടുത്തെ ദിവ്യപ്രകാശത്തിനായി കാത്തുനില്ക്കുകയും ചെയ്തു. പ്രസ്തുത കാലഘട്ടത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക: "അനുദിനം ദൈവഹിതം നിവൃത്തിയാക്കപ്പെടുന്നു. ബുദ്ധിമാന്മാരിലും മഹാന്മാരിലും അഗ്രഗണ്യരായിട്ടുള്ളവർ ദൈവതൃക്കരത്താൽ നയിക്കപ്പെടുന്നതിനു് ഇഷ്ടപ്പെട്ടിരുന്നവരാണ്. ദൈവമാകുന്ന പിതാവിൽ നമുക്കു് അല്പമെങ്കിലും വിശ്വാസമുണ്ടാകട്ടെ. അവിടുന്നു തിരുമനസ്സാകാതെ, മനുഷ്യൻെറ തലയിൽനിന്നു് ഒരൊററ മുടിപോലും നിലംപതിക്കുന്നതല്ലല്ലോ." ഒസ്സാനാമിൻെറ പ്രതീക്ഷ അസ്ഥാനത്തായില്ല. ദൈവപരിപാലനപ്രകാരം അദ്ദേഹം സൊർബോൺ സർവ്വകലാശാലയിലെ ഭാഷാപണ്ഡിതനായി ഭവിച്ചു. അങ്ങനെ തൻെറ പരോപകാരകൃത്യങ്ങളെ വിജയമകുടം ചൂടിക്കുവാൻ അദ്ദേഹത്തിനു അവസരവും ലഭിച്ചു.

1848-ൽ, മററുള്ളവരുടെ നിർബന്ധപ്രകാരം ലയൺസിൽനിന്നും നിയമസഭയ്ക്കുള്ള സ്ഥാനാർത്ഥിയായിനിന്നു് ഒസ്സാനാം മത്സരിക്കുകയുണ്ടായി. തത്സംബന്ധമായി അദ്ദേഹം തൻെറ സഹോദരവൈദികനു് എഴുതിയതു് ഇപ്രകാരമാണ്: "എൻെറ ജീവിതമുറകൾക്കും പഠനങ്ങൾക്കും യോജിക്കാത്ത ആ ഭാരം ഉപേക്ഷിക്കാനാണ് എനിക്കു് ആദ്യം തോന്നിയതു്. എന്നുവരികിലും ഇക്കാര്യം ദൈവസന്നിധിയിൽവച്ചു് പരിചിന്തനം ചെയ്തശേഷം......ആ ത്യാഗമനുഷ്ഠിക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു......ജനപ്രതിനിധിയാകുകയെന്ന അപകടകരമായ ബഹുമതി ദൈവം എന്നിൽനിന്നു് ഒഴിച്ചുനിർത്തുമെന്നാണെൻെറ പ്രതീക്ഷ. എന്നാൽ എൻെറ വിധി മറിച്ചാണെങ്കിൽ, ദൈവത്തിൻെറ ഉദ്ദേശ്യങ്ങൾ സഫലമാക്കാൻവേണ്ട ധൈര്യം എനിക്കു ലഭിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു." ഒസ്സാനാം സ്വന്തം അഭീഷ്ടങ്ങളും സുഖസൗകര്യങ്ങളും ദൈവഹിതം നിവൃത്തിയാകുന്നതിനുവേണ്ടി ബലിവേദിയിൽ സമർപ്പിക്കുന്നതായിട്ടാണ് നാമിവിടെ കാണുന്നതു്. ദൈവം ആ ബലി സ്വീകരിച്ചു; എന്നാൽ നിയമസഭാസാമാജികത്വത്തിൻെറ ഭാരം അദ്ദേഹത്തിൻെറമേൽ ചുമത്തിയില്ല. 16000 വോട്ടുകൾ കിട്ടിയെങ്കിലും, അദ്ദേഹം പരാജിതനായി.

മരണം തന്നെ സമീപിക്കുന്നുവെന്നു് അറിഞ്ഞപ്പോൾ ഒസ്സാനാം പ്രദർശിപ്പിച്ച ദൈവഹിതത്തോടുള്ള വിധേയത്വം വീരോചിതമാണ്. അതിയായ ദൈവസ്നേഹത്തോടെ അദ്ദേഹം ഇപ്രകാരം ആവർത്തിച്ചുപറഞ്ഞിരുന്നു: "അങ്ങു് ആഗ്രഹിക്കുന്നതിനെ ഞാനുമാഗ്രഹിക്കുന്നു. എപ്പോഴതു വേണമെന്നു്, ഏതുപ്രകാരമതു വേണമെന്നു് അവിടുന്നാഗ്രഹിക്കുന്നുവോ അതേപടി ഞാനുമതിനെ ആഗ്രഹിക്കുന്നു. അവിടുന്നു് അതാഗ്രഹിക്കുന്നതിനാൽ ഞാനുമതു് ആഗ്രഹിക്കുന്നു."

## ക്രിസ്തീയവിശ്വാസം

ഒസ്സാനാമിൻെറ ആഴമേറിയ ഈശ്വരവിശ്വാസത്തിൻെറ പരിണതഫലമായി, ക്രിസ്തുവിലും അവിടുന്നു സ്ഥാപിച്ച കത്തോലിക്കാസഭയിലും അചഞ്ചലമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. സഭാദ്ധ്യക്ഷന്മാരിൽ എന്തു ന്യൂനത ദർശിച്ചാലും അതദ്ദേഹത്തിൻെറ വിശ്വാസത്തെ ഇളക്കുന്നതിനു പര്യാപ്തമായിരുന്നില്ല. അത്തരമൊരവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചതു് ഇപ്രകാരമാണ്: "ജീവനെക്കാൾ കൂടുതലായി ഞാൻ അവികലമായ കത്തോലിക്കാവിശ്വാസത്തെ മുറുകെപ്പിടിക്കുന്നു. റോമൻകത്തോലിക്കാസഭയെ ഞാൻ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു.....അതാണ് ഏകസത്യവിശ്വാസം; ഉപചാരമുറകളും ഭീരുത്വവും മൂഢന്ന അതിനെ നിഷേധിക്കുകയോ തരംതാഴ്ത്തുകയോ ചെയ്യുന്നതിനു നമുക്കു അധികാരമില്ല." ഞങ്ങൾ നേരത്തെ ഉദ്ധരിച്ചിരുന്ന അദ്ദേഹത്തിൻെറ അന്ത്യശാസനത്തിൽ ഇതുസംബന്ധിച്ചുള്ള ഒരു ഭാഗം പ്രത്യേകം ശ്രദ്ധാർഹമാണ്. "വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ റോമാസഭയുടെ മടിയിൽ ഞാൻ മരിക്കുന്നു. അധുനാതനകാലത്തു വിശ്വാസത്തിനെതിരായി തലപൊക്കിയിട്ടുള്ള ആക്ഷേപങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ കത്തോലിക്കാസഭയിലും ആ സഭയോടുള്ള വിധേയത്വത്തിലുമല്ലാതെ മനശ്ശാന്തിയും ഹൃദയസമാധാനവും കണ്ടെത്തുക സാദ്ധ്യമല്ലെന്നു് എൻെറ അനുഭവജ്ഞാനം എന്നെ പഠിപ്പിക്കുന്നു." തുടർന്നു, ആ വിശ്വാസത്തിൽ സുസ്ഥിരമായി നിലനില്ക്കുവാൻ തൻെറ അനുയായികളെ അദ്ദേഹം ആഹ്വാനംചെയ്യുന്നുണ്ടു്.

## കൂദാശകളെപ്പററിയുള്ള മതിപ്പ്

യഥാർത്ഥക്രിസ്തീയജീവിതത്തിൻെറ അവിഭാജ്യഘടകമാണ് വരപ്രസാദത്തിൻെറ നീർച്ചാലുകളായ കൂദാശകളെപ്പററിയുള്ള മതിപ്പ്. ഈ വിഷയത്തിൽ ഒസ്സാനാം അദ്വിതീയനാണ്. മിലാനിൽ, പരിശുദ്ധമറിയത്തിൻെറ നാമത്തിലുള്ള ഒരു ദേവാലയത്തിൽവച്ചാണ് അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചതു്. പില്ക്കാലത്തു് അവിടത്തെ ജ്ഞാനസ്നാനത്തൊട്ടിക്കുസമീപംമുട്ടുകുത്തിപ്രാർത്ഥിക്കാൻ അവസരംലഭിച്ചപ്പോൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ദൈവസ്നേഹത്തിൻേറയും ഭക്തവികാരങ്ങളുടേയും ഒരു വേലിയേററമുണ്ടായി. കാരണം, അവിടെവച്ചാണല്ലോ താൻ ദൈവത്തിൻെറ പുത്രനായി ഭവിച്ചതെന്നു് അദ്ദേഹമോർത്തു.

ബാല്യകാലത്തു താനൊരുവികൃതിയായിരുന്നുവെന്നു്, അദ്ദേഹത്തിൻെറ വിനയാതിരേകത്താലായിരിക്കാം, അദ്ദേഹം രേഖപ്പെടുത്തുന്നുണ്ടു്. 8 വയസ്സായിരുന്നപ്പോൾ അദ്ദേഹം "അഹങ്കാരിയും വികാരാധീനനും അനുസരണയില്ലാത്തവനും" ആയിരുന്നത്രെ. അദ്ദേഹം തുടരുന്നു: "എന്നെ ആരെങ്കിലും ശിക്ഷിച്ചാൽ ഞാൻ കയർക്കുമായിരുന്നു. ഞാൻ അങ്ങേ അററത്തെ മടിയനുമായിരുന്നു." എന്നാൽ പ്രഥമദിവ്യകാരുണ്യസ്വീകരണം അദ്ദേഹത്തിലൊരു മാററംവരുത്തി. "ഞാൻ വിനീതനും പ്രശാന്തനും വഴക്കമുള്ളവനുമായിത്തീർന്നു. എന്നിട്ടും അഹങ്കരിക്കുവാനും വികാരാധീനനാകുവാനും എനിക്കു കഴിയുമായിരുന്നു." ഒസ്സാനാം സ്ഥൈര്യലേപനം സ്വീകരിച്ചതിനെപ്പററി കത്തുകളിൽ വ്യക്തമായൊന്നും കാണുന്നില്ലെങ്കിലും അതിനെ അനുസ്മരിച്ചായിരിക്കണം ഒരിക്കൽ അദ്ദേഹം ഇപ്രകാരം എഴുതിയതു്: "14 വയസ്സുമുതൽ സത്യപ്രചാരണത്തിനായി ജീവിതമർപ്പിക്കുവാനുള്ള ഒരാഹ്വാനം എനിക്കനുഭവപ്പെട്ടു. എൻെറ അനന്തരാനുഭവങ്ങൾ ആ ദൈവവിളിയിലുള്ള എൻെറ വിശ്വാസം സ്ഥിരീകരിക്കുന്നതിനു പര്യാപ്തമായിരിക്കുന്നു." പാപസങ്കീർത്തനം എന്ന കൂദാശയെപ്പററി 17-ാമത്തെ വയസ്സിൽ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്: "കുമ്പസാരം എന്നെ സംബന്ധിച്ചിട

* പാരീസിൽ സ്ഥാപിതമായ ഒരു കൈത്തൊഴിൽശാലയാണിതു്. ഇതിൻെറ സ്ഥാപകരിൽനിന്നാണ് ഈ പേരിതിനു കിട്ടിയതു്.

ത്തോളം ദാരുണമായ ഒരു പരീക്ഷണമാണ്. എന്റെ അഹങ്കാരവും എന്നെത്തന്നെ തിരുത്തുന്നതിലുള്ള എന്റെ അലസതയുമാണ് അതിനു നിദാനം."

ദിവ്യകാരുണ്യസ്വീകരണത്തെപ്പററി ഒസ്സാനം പ്രകാശിപ്പിച്ചിട്ടുള്ള ആശയങ്ങൾ ആലോചനാമൃതങ്ങളായിരിക്കുന്നു. ഒരിക്കൽ റോമ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഭാര്യക്കും 9-ാം പീയൂസു മാർപ്പാപ്പായുടെ തൃക്കരങ്ങളിൽനിന്നും പരി. കുർബാന സ്വീകരിപ്പാനുള്ള ഭാഗ്യമുണ്ടായി. അതു സംബന്ധിച്ച് അദ്ദേഹം എഴുതിയിരിക്കുന്നു: "9-ാം പീയൂസിന്റെ അത്ഭുതാകാരം മെഴുകുതിരികളാൽ പ്രദീപ്തമായ അഴികളെ (Rails) സമീപിക്കുന്നതു ഞാൻ കണ്ടു. അടുത്തുവരുന്തോറും അദ്ദേഹം വർദ്ധമാനമായ ഗാംഭീര്യവും പ്രശാന്തതയും കൈവരിക്കുന്നതുപോലെ എനിക്കു തോന്നി. ഞാനദ്ദേഹത്തിന്റെ മോതിരം ചുംബിച്ചു. കഴിഞ്ഞ 18 നൂററാണ്ടുകാലത്തിനിടയിൽ ശാശ്വതസ്മരണോർഹങ്ങളായ നിരവധികൃത്യങ്ങൾക്കു മുദ്രവച്ചിട്ടുള്ള മുക്കുവന്റെ മോതിരമാണതു്. പിന്നെ ഞാനതു സൂക്ഷിച്ചില്ല. എന്തുകൊണ്ടെന്നാൽ സകലത്തിന്റെയും നാഥനായ ദിവ്യപുരുഷനിൽ എന്റെ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഞാനാഗ്രഹിച്ചു. അവിടുത്തെ സന്നിധിയിൽ മാർപ്പാപ്പാമാർപോലും ധൂളീസമാനരാണല്ലോ."

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ശക്തികേന്ദ്രം പ. കുർബാനയായിരുന്നെന്നു മറെറാരവസരത്തിൽ അദ്ദേഹം തന്റെയൊരു സ്നേഹിതനു വെളിപ്പെടുത്തുകയുണ്ടായി. "ലോകം മുഴുവനും ക്രിസ്തുവിനെ ഉപേക്ഷിച്ചാലും കുരിശിനെ ആശ്ലേഷിക്കാനും അവിശ്വാസത്തെ വെല്ലുവിളിക്കാനും എന്നെ പ്രാപ്തനാക്കുന്ന ഒരു പ്രേരണാശക്തി, ദിവ്യകാരുണ്യസ്വീകരണത്തിന്റെ അവാച്യമായ മാധുര്യത്തിലും തജ്ജന്യമായ വികാരാവേശത്തിലും കുടികൊള്ളുന്നുണ്ടു്." പരി. കുർബാന സ്വീകരിക്കുമ്പോൾ ഒസ്സാനം തന്റെ സ്നേഹിതർക്കുവേണ്ടി പ്രാർത്ഥിച്ചുവന്നുവെന്നുമാത്രമല്ല, അവരോടുള്ള ഐക്യം ദൃഢതരമാക്കുവാൻ ശ്രമിക്കുകയും ചെയ്തുവന്നു. സാക്ഷാത്തായ ഐക്യത്തിന്റെ ഉറവിടമാണല്ലോ ഈ കൂദാശ. അദ്ദേഹം എഴുതിയിരിക്കുന്നതു നോക്കുക: "വലിയ തിരുനാളുകളിൽ നിങ്ങളോടുകൂടി സന്നിഹിതനാകുവാൻ എനിക്കു കഴിയാതിരുന്നപ്പോൾ, നിങ്ങളെ ഞാൻ ബലിപീഠത്തിൽ കണ്ടിട്ടുണ്ടു്. ഞാൻ കർത്താവിനെ സ്വീകരിക്കുമ്പോൾ, എന്റെ സ്നേഹിതരുമായി, ഒരേ രക്ഷകനുമായി ഐക്യപ്പെട്ടിരിക്കുന്ന അവരെല്ലാവരുമായി സമ്പർക്കത്തിലേർപ്പെടുന്നുവെന്നാണ് എന്റെ ദൃഢമായ വിശ്വാസം." ഒസ്സാനം അന്ത്യലേപനവും തിരുപ്പാഥേയവും സ്വീകരിച്ചപ്പോൾ പ്രദർശിപ്പിച്ച ഭക്തിതീക്ഷ്ണതയെപ്പററി മുന്നൊരു ലക്കത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ അതിലേക്കു വീണ്ടും പ്രവേശിക്കുന്നില്ല. അദ്ദേഹത്തിന്റെ വിശ്വാസചൈതന്യം എല്ലാവർക്കും, വിശിഷ്യ വിൻസെൻറു് ഡി പോൾ സഖ്യാംഗങ്ങൾക്കു് ഉത്തേജകമായ മാതൃകയായിരിക്കട്ടെ.

---


സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |


## പ്രസാധകക്കുറിപ്പുകൾ

### ഉല്പാദനശക്തി കെടുത്തലിനെ മാർപ്പാപ്പാ അപലപിക്കുന്നു

"സ്റ്റെറിലൈസേഷൻ" (ഉല്പാദനശക്തി കെടുത്തൽ) സംബന്ധിച്ച് ഇക്കഴിഞ്ഞ ആഗസ്റ്റ് 28-ാംനു മിസ്സസ് ലീലാവതി മുൻഷി ഇൻഡ്യൻ പാർലമെൻറിന്റെ ഉപരിസഭയായ "കൗൺസിൽ ഓഫ് സ്റ്റേററ്സി"ൽ അവതരിപ്പിച്ച പ്രമേയത്തെപ്പററിയും അതേത്തുടർന്ന് പ്രസ്തുത സഭയിലുണ്ടായ വാദപ്രതിവാദത്തെപ്പററിയും കഴിഞ്ഞ ലക്കം വിമർശനവീഥിയിൽ പ്രതിപാദിച്ചിരുന്നല്ലോ. ഈ സെപ്ററംബർ 7-ാംനു 12-ാം പീയൂസ് മാർപ്പാപ്പാ ഉല്പാദനശാസ്ത്രവിദഗ്ദ്ധന്മാരുടെ (Geneticists) ഒരു സാർവ്വദേശീയ സംഘത്തോടു് തിരുമേനിയുടെ ഗ്രീഷ്മകാലവസതിയായ കാസ്റ്റൽ ഗൊണ്ടോൾഫോയിൽവച്ചു ചെയ്ത പ്രഭാഷണത്തിൽ, ഉല്പാദനശക്തി കെടുത്തുന്നതിനുവേണ്ടി മനുഷ്യരുടെ മേൽ ചെയ്യുന്ന ഏതൊരുതരം ശസ്ത്രക്രിയയും നിഷിദ്ധമാണെന്ന കത്തോലിക്കാസിദ്ധാന്തം ശക്തിയുക്തം ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്നു. തിരുമേനി ഇപ്രകാരം തുടർന്നു: മനുഷ്യരെ സംബന്ധിച്ചിടത്തോളം വർഗ്ഗസംസ്കാരശാസ്ത്രം (Eugenics) മാററമില്ലാത്ത ധാർമ്മികനിയമങ്ങളാൽ ഭരിക്കപ്പെടണം. സസ്യലോകത്തിലും ജന്തുലോകത്തിലും വർഗ്ഗസംസ്കാരശാസ്ത്രം ഏററവും പ്രയോജനപ്രദമാണ്. ഓരോ ഇനത്തേയും നന്നാക്കുന്നതിനുള്ള എല്ലാ ഉപാധികളും സ്വീകരിക്കുവാൻ അതിനു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ മനുഷ്യരുടെകാര്യത്തിൽ, അലംഘനീയങ്ങളായ അവകാശങ്ങളുള്ള പുരുഷാത്മകരായ വ്യക്തികളുമായിട്ടാണ് അതു് ഇടപെടുന്നതു്. ആ വ്യക്തികളാകട്ടെ ഒരു നവജീവനെ ഉല്പാദിപ്പിക്കുവാനുള്ള തങ്ങളുടെ ശക്തിയെ വിനിയോഗിക്കുമ്പോൾ അചഞ്ചലമായ ധാർമ്മികപ്രമാണങ്ങൾക്കു വിധേയരാണ്.

പുരുഷന്റേയോ സ്ത്രീയുടേയോ ഉല്പാദനശക്തിയെ മനഃപൂർവ്വം നശിപ്പിക്കുന്നതു സ്വാഭാവികനിയമങ്ങൾക്കു് എതിരാണെന്നു മാർപ്പാപ്പാ തിരുമേനി ഊന്നിപ്പറഞ്ഞു. തങ്ങളുടെ വംശത്തെ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി നാസികൾ പ്രയോഗത്തിൽ വരുത്തിയിരുന്ന വംശസിദ്ധാന്തങ്ങളെ പരിശുദ്ധ പിതാവു് പ്രത്യേകം അപലപിച്ചു.

* * *

### മിഷനറിമാരുടെകാര്യം വീണ്ടും പാർലമെൻറിൽ

സെപ്ററംബർ 15-ാം തീയതി "കൗൺസിൽ ഓഫ് സ്റ്റേററ്സി"ൽ മി. ആർ. തൻഖ ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി, 1947-നുശേഷം മൂന്നു വിദേശീയ ക്രിസ്ത്യൻ മിഷനറിമാരെ അവരുടെ "അനാശാസ്യമായ പ്രവർത്തനങ്ങൾമൂലം" ഇൻഡ്യയിൽനിന്നും ബഹിഷ്കരിച്ചിട്ടുണ്ടെന്നു ഡെപ്യൂട്ടി ആഭ്യന്തരകാര്യമന്ത്രി ശ്രീ ബി. എൻ. ദത്തർ പ്രസ്താവിച്ചിരിക്കുന്നു. ഒരു മിഷനറിക്കു് ഇൻഡ്യയിൽ പ്രവേശിക്കുവാൻ അനുവാദം നൽകിക്കഴിഞ്ഞാൽ, പ്രവേശനത്തിനു സ്പെഷൽ പെർമിററ് ആവശ്യമായിരിക്കുന്ന പ്രദേശങ്ങൾ ഒഴിച്ചു്, ഇൻഡ്യയിൽ എവിടെയെങ്കിലും അദ്ദേഹത്തെ നിയമിക്കാവുന്നതാണെന്നു ശ്രീ ദത്തർ വിശദമാക്കി. ഓരോ ക്രിസ്ത്യൻ മിഷനും ഇത്ര ആളുകളേ പാടുള്ളുവെന്നു് നിബന്ധനയൊന്നുമില്ല. ഓരോ അപേക്ഷയേയും അതാതിന്റെ യോഗ്യത അനുസരിച്ച് പരിഗണിക്കുകയാണ് ചെയ്യുന്നതത്രെ.

ഉപചോദ്യങ്ങൾക്കു മറുപടി പറകയിൽ ആഭ്യന്തരകാര്യമന്ത്രി ഡോക്ടർ കട്ജു, ഓരോ മിഷനും ഒഴിവുവന്നസ്ഥാനങ്ങളിൽ പുതിയ ആളുകളെ നിയമിക്കുമ്പോൾ വിശദവിവരങ്ങൾ നൽകണമെന്നാണ് ഗവമ്മെൻറിന്റെ ആജ്ഞയെന്നു പ്രസ്താവിച്ചു. ആസ്പത്രികളും വിദ്യാലയങ്ങളും കുഷ്ഠരോഗാലയങ്ങളും നടത്തുക തുടങ്ങിയ സാമൂഹികപ്രവർത്തനങ്ങളിലേ തങ്ങൾ ഏർപ്പെടുന്നുള്ളുവെന്നു മിഷനറിമാർ പറഞ്ഞുവത്രെ. അവർ സ്വമതമനുഷ്ഠിക്കുകയും പ്രസംഗിക്കുകയും ചെയ്തുപോന്നു. ഡോക്ടർ കട്ജു തുടർന്നു: തങ്ങൾ ആരേയും മതപരിവർത്തനം ചെയ്യിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും, എന്നാൽ ആരെങ്കിലും ആന്തരികപ്രചോദനം നിമിത്തം തങ്ങളുടെപക്കൽ വന്നാൽ, അവർക്കു ജ്ഞാനസ്നാനം ആവശ്യപ്പെടാവുന്നതാണെന്നും മിഷനറിമാർ പറഞ്ഞു. അങ്ങനെ വരുന്നവർക്കു സഭയിൽ പ്രവേശിക്കുവാൻ ആന്തരികപ്രചോദനം തോന്നിയിരുന്നെങ്കിൽ മാത്രമേ അവരുടെ അഭിലാഷം മിഷനറിമാർ സാധിച്ചുകൊടുക്കുമായിരുന്നുള്ളുവെന്നും അവർ പറഞ്ഞു. എന്നാൽ ഒരഭിപ്രായമുണ്ടായിട്ടുണ്ടു് — അതിന്റെ അടിസ്ഥാനമെന്തെന്നു് അറിഞ്ഞുകൂടാ — ആ ആളുകൾക്കു മതപരിവർത്തനംവഴി ലഭിക്കാവുന്ന ഭൗതികഗുണങ്ങൾ ചൂണ്ടിക്കാണിച്ചു് അവരെ പ്രലോഭിപ്പിച്ചിട്ടുണ്ടെന്നും തന്നിമിത്തമാണ് അവരുടെ മതപരിവർത്തനം നടന്നിട്ടുള്ളതെന്നും.

ആ സമയം സാമാജികരിലൊരാൾ ഒരു ചോദ്യമുന്നയിച്ചു: "ഈ മിഷനറിമാരെ ബഹിഷ്കരിക്കുന്നതിന് ഇടയാക്കിയ അവരുടെ "അനാശാസ്യപ്രവർത്തനങ്ങൾ" ഏവയെന്നു സദയം ഞങ്ങളെ അറിയിക്കുമോ?" അതിനു ഡോക്ടർ കട്ജു ഇപ്രകാരം മറുപടി പറഞ്ഞു: "ഇക്കാര്യം സംബന്ധിച്ചു മെംബർമാർ എന്നെ കൂടുതലായി ബുദ്ധിമുട്ടിക്കരുതെന്നാണ് എന്റെ ആഗ്രഹം. അവർ ആദിവാസികളുടെയിടയിൽ ചുററിനടക്കുകയും പലതരം പ്രവർത്തനങ്ങളിലേർപ്പെടുകയുംചെയ്തു. അവ ദേശീയവീക്ഷണകോണത്തിൽക്കൂടി നോക്കുമ്പോൾ തൃപ്തികരമായി പരിഗണിക്കപ്പെടുന്നില്ല. പ്രാസംഗികരുടെ കാര്യം ഉദിക്കുന്നില്ല. ഞങ്ങൾക്കിവ തൃപ്തികരമല്ല; ആകയാൽ നിങ്ങൾ നിങ്ങളുടെ രാജ്യത്തേക്കു തിരിച്ചുപോകുന്നതായിരിക്കും ഭേദം എന്നുമാത്രം നാം അവരോടു പറയുന്നു."

ഡോക്ടർ കട്ജുവിന്റെ പ്രസ്താവനയുടെ അന്തരാർത്ഥം മിഷനറിമാർ പരിത്യക്തരായിരുന്ന ആദിവാസികളെ ഉദ്ധരിക്കാൻ ശ്രമിച്ചെന്നും ആ സാമൂഹികപ്രവർത്തനങ്ങൾ അവരുടെ കണ്ണു തുറന്നെന്നുമാണെന്നു തോന്നുന്നു. ഇപ്രകാരം തങ്ങളോടു കരുണകാണിക്കാൻ പ്രചോദനം നൽകിയ മതം നല്ലതാണെന്ന ബോധം അവരുടെ ഹൃദയത്തിൽ ഉദയംചെയ്തിരിക്കാം. "ഫലത്തിൽനിന്നും അവർ വൃക്ഷത്തെ അറിഞ്ഞു"വെന്നു സാരം. ഇവയെല്ലാം ദേശീയവിരുദ്ധപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതു് എങ്ങനെയെന്നു മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു.

* * *

### ഇററാല്യൻ വൈദികരെപ്പററിയുള്ള ആരോപണങ്ങളുടെ ഉള്ളുകള്ളികൾ

ഫോർട്ടുകൊച്ചിയിലെ രണ്ടിററാല്യൻ വൈദികരെക്കുറിച്ചുള്ള ആരോപണങ്ങളെപ്പററി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അവയുടെ ഉള്ളുകള്ളികൾ ഇപ്പോൾ മിക്കവാറും പുറത്തായി കഴിഞ്ഞിരിക്കുന്നു. അതൃപ്തനായ ഏതോ ഒരദ്ധ്യാപകൻ കമ്മ്യൂണിസ്റ്റുകൂട്ടുകെട്ടോടുകൂടി സൃഷ്ടിച്ച കുഴപ്പമാണത്രെ അതു്? ഏതത്സംബന്ധമായി ഫോർട്ടുകൊച്ചിൻകോൺഗ്രസ്സ്കമ്മിററിയുടെ പ്രസിഡൻറും ഫോർട്ടുകൊച്ചിൻ മുനിസിപ്പൽ കൗൺസിലിന്റെ ചെയർമനുമായ മി. കെ. ജെ. ഹെർഷൽ ആഭ്യന്തരകാര്യമന്ത്രി ഡോ. കട്ജുവിനെഴുതിയ ഒരു കത്തിൽ താഴെ ചേർക്കുന്ന സംഗതികൾ വിശദമാക്കിയിരിക്കുന്നു.

പ്രസ്തുത രണ്ടു ഇററാല്യൻ മിഷനറിമാർ കഴിഞ്ഞ അഞ്ചുവർഷമായി ഫോർട്ടുകൊച്ചിയിൽ ആൺകുട്ടികൾക്കായുള്ള രണ്ടു വിദ്യാലയങ്ങൾ നടത്തിവരികയാണ്. അവരിലൊരാൾ അവരുടെ സന്യാസസഭവകയായുള്ളതും ആ സഭയുടെ അംഗങ്ങളുടെ ഇടയിൽമാത്രം പ്രചാരമുള്ളതുമായ ഒരിററാല്യൻ മാസികയിൽ രണ്ടു ലേഖനങ്ങളെഴുതി. അവയിലൊന്നു് ഇററലിമുതൽ ഇൻഡ്യവരെയുള്ള യാത്രയിൽ തനിക്കുണ്ടായ അനുഭവങ്ങളെ വിവരിക്കുന്നതും മറേറതു തന്റെ മാനേജുമെൻറിലുള്ള വിദ്യാലയത്തെമാത്രം പരാമർശിക്കുന്നതുമാണ്. ഈ രണ്ടു ലേഖനങ്ങളിലും ഇൻഡ്യയിലെ രാഷ്ട്രീയസ്ഥിതിഗതികളെ സ്പർശിക്കുന്നതോ ഇന്ത്യൻ വിരുദ്ധപ്രചാരണമായി പരിഗണിക്കാവുന്നതോ ആയ യാതൊന്നുമുണ്ടായിരുന്നില്ല.

ഇക്കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ, മേൽപ്പറഞ്ഞ സ്കൂളുകളിലൊന്നിലെ ഒരദ്ധ്യാപകൻ കമ്മ്യൂണിസ്റ്റുകാരുടെ പിന്തുണയോടുകൂടി, ഫോർട്ടുകൊച്ചിയിലെ ഒരു വാർഡിൽനിന്നും സ്ഥാനാർത്ഥിയായി മത്സരിച്ചു. അതു മദ്രാസിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ചട്ടങ്ങൾക്കു വിരുദ്ധമാകയാൽ മാനേജുമെൻറ് അതിനു് അനുമതി നിഷേധിച്ചു. ഒരു കമ്മ്യൂണിസ്റ്റ് എം. എൽ. എ. യായ ശ്രീ ഗോപാലകൃഷ്ണൻ അദ്ധ്യാപകനുവേണ്ടി മാനേജുമെൻറിന്റെ പക്കൽ ശുപാർശചെയ്തു. ഡിപ്പാർട്ടുമെൻറു ചട്ടങ്ങൾക്കെതിരായി ഒരനുമതി നൽകാൻ മാനേജുമെൻറിനു യാതൊരു നിവൃത്തിയുമില്ലായിരുന്നു. അനുമതി നൽകിയാൽ ഗ്രാൻറു് നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. അദ്ധ്യാപകൻ മാനേജുമെൻറിന്റെ തീരുമാനത്തിനെതിരായി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിന്നതിനാൽ അദ്ധ്യാപകനെ സ്കൂളിൽനിന്നു പിരിച്ചുവിടേണ്ടിവന്നു. അതിനെത്തുടർന്നു കമ്മ്യൂണിസ്റ്റുകാർ സ്കൂളിലൊരു സ്ട്രൈക്കു നടത്തിച്ചു. അതും പരാജയമടഞ്ഞു. അക്കാലംമുതൽ അദ്ധ്യാപകൻ കമ്മ്യൂണിസ്റ്റുനേതാക്കളായി അടുത്ത സമ്പർക്കം പുലർത്തിവന്നു. ഒരു പ്രമുഖ കമ്മ്യൂണിസ്റ്റുകാരനായ ശ്രീ പി. ടി. പുന്നൂസ് സെപ്ററംബർ 1-ാംനു ജനസഭയിൽ ചോദിച്ച ചോദ്യം ഇതിന്റെയെല്ലാം പ്രത്യാഘാതമായിരുന്നുവത്രെ.

പരാതിയെപ്പററി മദ്രാസ് ഗവർമ്മെൻറ് നടത്തിയെന്നു പറയുന്ന അന്വേഷണവും വളരെ വിചിത്രമായിരുന്നെന്നു് റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. അങ്ങനെ ആരെങ്കിലും ആ പ്രദേശത്തുവന്നു് അന്വേഷണം നടത്തിയതായി അവിടെ ആർക്കും അറിവില്ല. പ്രസ്തുത മിഷനറിമാരോടാകട്ടെ, കൊച്ചി മെത്രാൻ തിരുമേനിയോടാകട്ടെ, ഫോർട്ടുകൊച്ചിയിലെ ഉത്തരവാദപ്പെട്ട വ്യക്തികളോടാകട്ടെ യാതൊരു അന്വേഷണവും ഈ അടുത്തനാൾവരെ ഉണ്ടായിട്ടില്ല. സി. ഐ. ഡി. വകുപ്പിലെ ഏതോ ഒരു ഉദ്യോഗസ്ഥൻ പരാതിക്കാരന്റെ വീട്ടിൽ വന്നിരുന്നുവെന്നും തിരിച്ചുപോയെന്നും ശ്രുതിയുണ്ടു്.

മിഷനറിമാരെപ്പററിയുള്ള ആരോപണങ്ങളുടേയും അന്വേഷണങ്ങളുടേയും സ്വഭാവം നമുക്കിതിൽനിന്നു് ഏതാണ്ടു നല്ലപോലെ ഗ്രഹിക്കാം. കൊച്ചിയിലെ മിഷനറിമാരെപ്പററിയുള്ള ആരോപണങ്ങളെ പ്രതിഷേധിച്ചു് സെപ്ററംബർ 14-ാംനു എറണാകുളത്തു കൂടിയ കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിററിയും, സെപ്ററംബർ 13-ാംനു സമ്മേളിച്ച ആംഗ്ലോ-ഇന്ത്യൻ കൺവെൻഷന്റെ പ്രവർത്തകസമിതിയും പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

* * *

### പുനരൈക്യഫണ്ടു്

"പുനരൈക്യജൂബിലിമഹം" എന്ന ശീർഷകത്തിൽ അന്യത്ര ചേർത്തിരിക്കുന്ന ലേഖനത്തിലേക്കു വായനക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ, "ഇതു സ്വീകാര്യമായ സമയവും രക്ഷയുടെ ദിവസ"വുമായിരിക്കുന്നു. നമ്മുടെ "മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവു"മായ യാക്കോബായ സഹോദരങ്ങളുടെ "പുനരൈക്യം" സാധിക്കുന്നതിനു് ഈയവസരത്തിൽ നാം സർവ്വാത്മനാ പരിശ്രമിക്കേണ്ടതാണ്. തദർത്ഥം ഒരു പുനരൈക്യഫണ്ടു് രൂപീകരിക്കണമെന്ന അഭിപ്രായം തികച്ചും സ്വാഗതാർഹമായിരിക്കുന്നു. ഇടവകകൾതോറും പ്രസ്തുത ഫണ്ടിന്റെ കൊച്ചുകൊച്ചു ഘടകങ്ങൾ രൂപവൽക്കരിക്കാൻ തീർച്ചയായും സാധിക്കും. ഈ വിഷയത്തിൽ ഇടവകകളിലെ സൊഡാലിററികളും മററു ഭക്തസംഘടനകളും മുൻകൈ എടുത്തു പ്രവർത്തിക്കുന്നതു ഏററവും ഉചിതമായിരിക്കുന്നതാണ്. അടുത്തവർഷത്തിൽ മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തതിന്റെ ശതാബ്ദജൂബിലി ആഘോഷിക്കുന്നതിനാൽ ഇതു മരിയാസഖ്യാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വിശേഷാവസരമാണ്. ഇടവകതോറും ഇപ്രകാരമൊരു പുനരൈക്യഫണ്ടു രൂപവൽക്കരിച്ചു് അകത്തോലിക്കരുടെ മാനസാന്തരത്തെ സഹായിക്കുന്നതു മാതാവിനു പ്രിയംകരമായിരിക്കും. ഇങ്ങനെ ഇടവകകളിൽ ശേഖരിക്കുന്ന തുകകൾ തിരുവനന്തപുരം അതിരൂപതയുടേയും തിരുവല്ലാ രൂപതയുടേയും വൈദികമേലദ്ധ്യക്ഷന്മാരുടെ പേൎക്കു് പ്രത്യേകനിയോഗങ്ങൾ ചൂണ്ടിക്കാണിച്ചു് അയച്ചുകൊടുക്കാവുന്നതാണ്.

## അടുത്തയാഴ്ചയിൽ

സെപ്ററംബർ

27 ഞാ: പന്തക്കുസ്താ 18-ാം ഞായർ

28 തി: വെഞ്ചസ്ലാവോസ്

29 ചൊ: മിഖായേൽ

30 ബു: ഇറോനിമ്മോസ്

ഒക്ടോബർ

1 വ്യാ: റെമീജിയോസ്

2 വെ: കാവൽമാലാഖ

3 ശ: കൊച്ചുത്രേസ്യ

## കൊടുങ്ങല്ലൂരിൽ

### മാർത്തോമ്മാസ്മാരകമന്ദിരം

മാർത്തോമ്മാശ്ലീഹാ കേരളക്കരയിൽ ആദ്യമായി കാലുകുത്തിയ സ്ഥലവും വി. ശ്ലീഹായുടെ പ്രഥമ മിഷൻവേലയുടെ ആസ്ഥാനവുമായ കൊടുങ്ങല്ലൂരിൽ പണിയുന്ന സ്മാരകമന്ദിരത്തിന്റെയും അതിനോടനുബന്ധിച്ചു സ്ഥാപിക്കുന്ന കർമ്മലീത്താ സന്യാസാശ്രമത്തിന്റെയും ശിലാസ്ഥാപനകർമ്മം തൃശ്ശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു സെപ്റ്റംബർ 14-ാംനു- തിങ്കളാഴ്ച സായാഹ്നത്തിൽ നിർവ്വഹിച്ചിരിക്കുന്നു.

## റിലീഫ് ഡിറക്ടർ

അമേരിക്കയിലെ നാഷനൽ വെൽഫെയർ കോൺഫറൻസിന്റെ വാർ റിലീഫ് സർവീസസ് എക്സിക്യൂട്ടീവ് ഡിറക്ടർ റൈററ് റവ. മോൺ. എഡ്വർഡ് ഇ സ്വാമ്പ്രേം, പ്രസ്തുത സ്ഥാപനത്തിന്റെ ഷിപ്പിംഗ് ഡിപ്പാർട്ടുമെന്റു ഡിറക്ടർ മി. പി. ജെ. കിന്നിയുമൊരുമിച്ച് ഇൻഡ്യയിലെത്തി പ്രധാനനഗരങ്ങൾ സന്ദർശിച്ചുവരുന്നു. പ്രസ്തുതസംഘടനയുടെ ആഭിമുഖ്യത്തിൽ വളരെയധികം ഭക്ഷ്യവിഭവങ്ങൾ ഇൻഡ്യയിലേക്ക് അയച്ചുതന്നിട്ടുള്ളതാണ്.

## തിരുക്കൊച്ചിവാർത്തകൾ

### 100 വർഷം

കൊച്ചിയിൽ അടിമസമ്പ്രദായം നിർത്തലാക്കിയിട്ട് സെപ്റ്റംബർ 15-ാംനു- നൂറുവർഷം തികഞ്ഞിരിക്കുന്നു.

### ശ്രീകണ്ഠൻനായരുടെ അയോഗ്യത നീക്കി

കേന്ദ്രപാർലമെന്റിലെ ഒരു തിരുക്കൊച്ചി മെമ്പറായ മി. ശ്രീകണ്ഠൻനായർക്ക് ഇലക്ഷൻ റിട്ടേൺസ് സമർപ്പിക്കുന്നതു സംബന്ധിച്ച അയോഗ്യതമൂലം പാർലമെന്റംഗത്വം നിഷേധിക്കപ്പെട്ടിരിക്കയായിരുന്നല്ലോ. പ്രസ്തുത അയോഗ്യത നീക്കം ചെയ്തിരിക്കുന്നതായി ഇപ്പോൾ ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ചിരിക്കുന്നു.

### മട്ടാഞ്ചേരിയിൽ

കൊച്ചി തുറമുഖത്തൊഴിലാളി യൂണിയനിൽപ്പെട്ട ജോലിക്കാരും ഐ. എൻ. ടി. യു. സി. യുടെ ആഭിമുഖ്യത്തിലുള്ള കൊച്ചിൻ പോർട്ട്‌വർക്കേഴ്സ് യൂണിയനിൽപ്പെട്ട തൊഴിലാളികളും തമ്മിൽ തൊഴിൽസംബന്ധമായി നടന്ന മത്സരം സെപ്റ്റംബർ 15-ാംനു- മട്ടാഞ്ചേരിയിൽവച്ച് പ്രത്യക്ഷസമരത്തിൽ കലാശിക്കുകയും അക്രമികളെ പിരിച്ചുവിടാൻ പോലീസ് വെടിവച്ചതിനെത്തുടർന്ന് രണ്ടുപേർ മൃതിയടയുകയും ചെയ്തിരിക്കുന്നു. ചില കമ്മ്യൂണിസ്റ്റ്നേതാക്കളാണ് വിപ്ലവത്തിനു കളമൊരുക്കിയതെന്നു പറയപ്പെടുന്നു. വിപ്ലവനേതാക്കളെ അറസ്റ്റ്ചെയ്തുകൊണ്ടുപോകയിൽ അക്രമികൾ പോലീസുകാരെ തടയുകയും കല്ലെറിയുകയും ചെയ്തതിനെത്തുടർന്നാണ് പോലീസ് വെടിവെക്കേണ്ടിവന്നത്. പോലീസുകാരുൾപ്പെടെ 60-ഓളംപേർക്ക് പരുക്കേററിട്ടുള്ളതായറിയുന്നു. അറസ്റ്റ്ചെയ്യപ്പെട്ടവരുടെകൂട്ടത്തിൽ ചില കമ്മ്യൂണിസ്റ്റ്നേതാക്കളും ഉൾപ്പെടുന്നുണ്ട്. സെ. 15-ാംനു-മുതൽ 15 ദിവസത്തേക്ക് മട്ടാഞ്ചേരി മുനിസിപ്പൽ പട്ടണാതിർത്തിയിലും കൊച്ചി തുറമുഖപ്രദേശത്തും യോഗം, ഘോഷയാത്ര മുതലായവ നിരോധിച്ചുകൊണ്ട് എറണാകുളം സ്പെഷൽ ഒന്നാംക്ലാസ് മജിസ്ട്രേററ് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

### മന്ത്രി നാടാർ രാജി സമർപ്പിച്ചു

തമിഴ്നാട്ടു കോൺഗ്രസ് ജനറൽബോഡിയുടേയും പാർലമെന്ററി പാർട്ടിയുടേയും സംയുക്തസമ്മേളനത്തിലെ തീരുമാനമനുസരിച്ച് തിരുക്കൊച്ചി മന്ത്രി മി. ചിദംബരനാഥനാടാർ സെപ്റ്റംബർ 15-ാംനു- തന്റെ മന്ത്രിസ്ഥാനം രാജിവച്ചിരിക്കുന്നു. 1952 മേയ്മാസത്തിലാണ് അദ്ദേഹം മന്ത്രിസ്ഥാനം സ്വീകരിച്ചത്.

### വിശ്വാസപ്രമേയം അവതരിപ്പിക്കും

സെപ്റ്റംബർ 22-ാംനു- സമ്മേളിക്കുന്ന നിയമസഭാ സമ്മേളനത്തിൽ കോൺഗ്രസ് പാർട്ടിയിൽനിന്നും ഒരു വിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ സെ. 18-ാംനു- മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കോൺഗ്രസ് പാർലമെന്ററി പാർട്ടി എക്സിക്യൂട്ടീവ് തീരുമാനിച്ചിരിക്കുന്നു. വിശ്വാസപ്രമേയം പാസാകാത്തപക്ഷം ഒരു പൊതുതിരഞ്ഞെടുപ്പ് ആവശ്യമായിവന്നേക്കാം.

## ഇൻഡ്യാ വാർത്തകൾ

### 1-ാം ക്ലാസ്സ് നിർത്തുകുന്നു

അടുത്ത ഒക്ടോബർ 1-ാംനു-മുതൽ ഇൻഡ്യൻ റെയിൽവേകളിൽ ഒന്നാംക്ലാസ് എന്നൊരു വകുപ്പ് ഉണ്ടായിരിക്കുന്നതല്ല. 1600 റെയിൽവേകളിൽ ഇപ്പോൾ ഒന്നാംക്ലാസുകളുണ്ട്. ഒക്ടോബർ 1-ാംനു-ക്കു ശേഷം 16 ട്രെയിനുകളിൽമാത്രം താല്ക്കാലികമായി ഒന്നാംക്ലാസ് തുടരുന്നതാണ്.

### ആന്ധ്രാ സ്റ്റേററ്

മദ്രാസ് പ്രവിശ്യയിലെ ആന്ധ്ര (തെലുങ്കു)പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു പ്രത്യേകസംസ്ഥാനം രൂപവൽക്കരിക്കണമെന്ന വാദം തദ്ദേശവാസികൾ തുടങ്ങിയിട്ട വളരെനാളായതാണല്ലോ. തൽക്കാര്യസാദ്ധ്യത്തിനായി നിരാഹാരസത്യാഗ്രഹം തുടങ്ങിയ മി. ശ്രീരാമുള്ള ഇക്കഴിഞ്ഞ ഡിസംബർ 15-ാംനു- മൃതിയടയുകയുംചെയ്തു. അതിനെത്തുടർന്നു സംസ്ഥാനരൂപീകരണം സംബന്ധിച്ച നടപടികൾ ത്വരിതപ്പെട്ടു. രാജസ്ഥാനിലെ ചീഫ്ജസ്റ്റിസായ മി വാഞ്ചു അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ നിയമിതനായി. ഇപ്പോഴിതാ തത്സംബന്ധമായ ബില്ല് കേന്ദ്രപാർലമെന്റിന്റെ ഇരുസഭകളിലും പാസ്സായിരിക്കുന്നു. ആഗസ്റ്റ് 13-ാംനു- അവതരിപ്പിച്ച പ്രസ്തുത ബില്ല്, ഒരു മാസത്തെ വാദപ്രതിവാദത്തിനുശേഷം, സെപ്റ്റംബർ 13-ാംനു-യാണു പാസ്സായതു്. "വലിയ വാദപ്രതിവാദം" (The Great Debate) എന്നാണ് ഡോ. കഡ്ജു അതിനെ വിളിച്ചതു്. സെപ്റ്റംബർ 14-ാംനു- ബില്ലിനു് പ്രസിഡന്റിന്റെ അംഗീകാരവും ലഭിച്ചു. ആന്ധ്രാസംസ്ഥാനത്തിന്റെ നേതാവു് ആരായിരിക്കണമെന്നതാണ് അടുത്തപ്രശ്നം. അതിനു് ഏററം പററിയ ആൾ ശ്രീ ടി. പ്രകാശമാണ്. എന്നാൽ അദ്ദേഹം കോൺഗ്രസ്സിൽനിന്നു പിരിഞ്ഞു, പി. എസ്. പി. അംഗമായിരിക്കുന്ന ആളാണ്. അദ്ദേഹത്തിനു ഗവർമ്മെന്റു രൂപവൽക്കരിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ടാകാൻവേണ്ടി സെ. 14-ാംനു- കൂടിയ ആന്ധ്ര പി. എസ്. പി. എക്സിക്യൂട്ടീവ് അദ്ദേഹത്തെ പാർട്ടിബാദ്ധ്യതകളിൽനിന്നു് ഒഴിവാക്കി. എന്നാൽ സെപ്റ്റംബർ 16-ാംനു- ന്യൂഡൽഹിയിൽ സമ്മേളിച്ച പി. എസ്. പി. യുടെ നാഷനൽ എക്സിക്യൂട്ടീവ് അതംഗീകരിച്ചില്ല.

### എസ്റ്റേററഡ്യൂട്ടി ബിൽ

ഒരാൾ മരിക്കുമ്പോൾ അയാളുടെ അവകാശികൾക്കു് ലഭിക്കുന്ന വസ്തുക്കളിന്മേൽ നികുതി ചുമത്തുന്നതു സംബന്ധിച്ച ബിൽ (എസ്റ്റേററഡ്യൂട്ടി ബിൽ) സെപ്റ്റം. 15-ാംനു- ജനസഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം കുറയ്ക്കുക, ഗവർമ്മെന്റിന്റെ പുരോഗമന പദ്ധതികൾക്കുവേണ്ടി വരവു വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ ബില്ലിന്റെ ലക്ഷ്യമെന്നു് ധനകാര്യമന്ത്രി ശ്രീ സി. ഡി. ദേശ്മുഖ് പ്രസ്താവിച്ചു. നികുതിയുടെ തോതു മററു രാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യയിൽ കുറവാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ നികുതി ഈടാക്കുന്നതു സംബന്ധിച്ച് പ്രായോഗികപഠനങ്ങൾ നടത്തുന്നതിനായി ആറുപേരെ ഇംഗ്ലണ്ടിലേക്കയക്കാൻ ഉദ്ദേശിക്കുന്നുണ്ടത്രെ.

### ജനസഭ പിരിഞ്ഞു

കേന്ദ്രജനസഭയുടെ ഇത്തവണത്തെ സമ്മേളനം സെപ്റ്റംബർ 18-ാംനു-യോടുകൂടി അവസാനിച്ചിരിക്കുന്നു.

### ജാപ്പനീസ് ഡലിഗേഷൻ

ഇൻഡ്യയിലെ ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും സാമൂഹ്യവുമായ നിലയെപ്പററി പഠിക്കുന്നതിനും ഇൻഡ്യയും ജപ്പാനും തമ്മിൽ സൗഹാർദ്ദം പുലർത്തുന്നതിനും ജപ്പാൻ പാർലമെന്റിൽനിന്നു നിയുക്തമായ ആറംഗങ്ങളടങ്ങിയ ഒരു ജാപ്പനീസ് ഡലിഗേഷൻ വിമാനമാർഗ്ഗം സെപ്റ്റംബർ 19-ാംനു- മദ്രാസിലെത്തിയിരിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിൽനിന്നു ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥംമൂലം ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കു നന്ദി.

വി. വി. മാത്യു, മഞ്ഞപ്ര

## വിദേശവാർത്തകൾ

### വിജയലക്ഷ്മിപണ്ഡിററ് യു. എൻ. പ്രസിഡണ്ട്

ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ ഇത്തവണത്തെ പ്രസിഡണ്ടായി മിസ്സിസ് വിജയലക്ഷ്മി പണ്ഡിററ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. വോട്ടിംഗിൽ 37 രാജ്യങ്ങൾ മിസ്സിസ് പണ്ഡിററിനനുകൂലമായും 22 രാജ്യങ്ങൾ എതിർസ്ഥാനാർത്ഥിയായ തായ്ലണ്ടിലെ പ്രിൻസ് വാനിനുവേണ്ടിയും വോട്ടുചെയ്തു. ഐക്യരാഷ്ട്ര അസംബ്ലിയുടെ 8-ാമത്തെ പ്രസിഡണ്ടുതിരഞ്ഞെടുപ്പാണ് ഇത്തവണ നടന്നതു്.

### ഫാത്തമി

ഇറാൻ വിദേശകാര്യമന്ത്രിയായിരുന്ന ഡോക്ടർ ഹുസ്സെയിൻ ഫാത്തമി കെയിറോവിൽ അഭയം തേടിയിരിക്കുന്നതായിട്ടാണ് ഒടുവിൽ കിട്ടിയ റിപ്പോർട്ടിൽ കാണുന്നതു്.

### ദക്ഷിണാഫ്റിക്കൻപ്രശ്നം ചർച്ചചെയ്യും

ദക്ഷിണാഫ്റിക്കൻ യൂണിയനിൽ ഇൻഡ്യക്കാരോടു് അനുവർത്തിക്കപ്പെടുന്ന വർണ്ണവിദ്വേഷപരമായനയം ഐക്യരാഷ്ട്ര അസംബ്ലി ചർച്ചാവിഷയമാക്കേണ്ടതാണെന്നുള്ള പ്രമേയം സെ. 18-ാംനു- സമ്മേളിച്ച ജനറൽ അസംബ്ലിയിൽ പാസ്സായിരിക്കുന്നു. 48 പേർ അനുകൂലിച്ചും ദക്ഷിണാഫ്റിക്കൻ പ്രതിനിധിമാത്രം എതിർത്തും വോട്ടുചെയ്യുകയുണ്ടായി.

### യു. എൻ. നിർദ്ദേശം നിരസിക്കപ്പെട്ടു

കൊറിയയിൽ സമരത്തിലേർപ്പെട്ടിരുന്ന ഇരുകക്ഷികളും റഷ്യയും ചേർന്നു് ഒരു പൊളിററിക്കൽ കോൺഫറൻസ് കൂടണമെന്നുള്ള ഐക്യരാഷ്ട്രസമിതിയുടെ നിർദ്ദേശം ഉത്തരകൊറിയയും ചൈനയും നിരസിച്ചിരിക്കുന്നു.

## ഇടവകവാർത്തകൾ

പേരൂർ: ഫ്റെഡറിക് ഒസ്സാനാമിന്റെ ചരമശതാബ്ദ്യുത്സവലി സ്ഥലത്തെ സെൻറ് സെബാസ്റ്റ്യൻസ് കോൺഫറൻസിന്റെ 2-ാമതുവാർഷികത്തോടനുബന്ധിച്ചു് സെപ്റ്റംബർ8-ാംനു- കോട്ടയംമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. യോഗത്തിൽ ബ്ര. ഡേവിഡ് മഠംപിള്ള ഒരു പ്രസംഗംചെയ്തു. ഏതാനും സാധുക്കൾക്കു് അന്നു് ഉച്ചഭക്ഷണം നൽകുകയുമുണ്ടായി.

—കോടിക്കുളം: ചെറുപുഷ്പവായനശാലയുടെ പൊതുയോഗത്തിൽവച്ച് അടുത്തകൊല്ലത്തെ പ്രസിഡണ്ടായി ഡോക്ടർ ടി. ഐ. ഇട്ടനേയും സെക്രട്ടറിയായി മി. സി. വി. കുര്യനേയും തെരഞ്ഞെടുത്തിരിക്കുന്നു.

—നെടിയകാട്: സെപ്റ്റംബർ 13-ാംനു- റവ. ഫാദർ ജോസഫ് പ്ലാത്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ചു് ചെറുപുഷ്പമിഷൻ ലീഗിന്റെ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—അയർക്കുന്നം: നരിവേലി സെൻറു് വിൻസെൻറു് ഡിപോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ26-ാംനു- രാവിലെ 8 മണിമുതൽ വൈകിട്ടു് 4 മണിവരെ സഖ്യാംഗങ്ങളെ ഉദ്ദേശിച്ചു് ഒരു സ്റ്റഡിക്ലാസ് നടത്തുവാനിരിക്കുന്നതായറിയുന്നു.

—കാളകെട്ടി ഹൈസ്കൂളിലെ സൊഡാലിററിയുടെ പ്രഥമവാർഷികം ചങ്ങനാശ്ശേരിമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു.


—നീറിക്കാട്: സൊഡാലിററിയുടെ ദ്വിതീയവാർഷികവും ഒസ്സാനാമിന്റെ ചരമവാർഷികവും ഏകോപിച്ചു് സെ. 13-ാംനു- റവ. ഫാ. തോമസ് വെട്ടിമററത്തിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ബ്ര. എം. ചാക്കോ, ബ്ര. എം. പി. ലൂക്കോസു് എന്നിവർ പ്രസംഗിച്ചു.

—പൊൻകുന്നം: സത്യദീപം ഏജൻസി ഓഫീസ് ബസ്സ്റ്റാൻറിനടുത്തുള്ള പുത്തമ്പറമ്പു ബിൽഡിംഗ്സിലേക്കു മാററി സ്ഥാപിച്ചിരിക്കുന്നു.

—മരങ്ങാട്ടുപിള്ളി: ഒസ്സാനാമിന്റെ ചരമദിനം സ്ഥലത്തെ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ കൊണ്ടാടപ്പെട്ടു.

—മോനിപ്പള്ളി: ഒസ്സാനാമിന്റെ ചരമശതാബ്ദ്യുത്സവലിപ്ര


For favours received



Sr. Alphonsa, I.C.

M. A. Devasia,
Muthuplakal, Nediakad


മാണിച്ച് സെ.8-ാംനു- റവ. ഫാ. ജേക്കബ്ബ് മുടക്കാലിൽഅവർകളുടെ അദ്ധ്യക്ഷതയിൽകൂടിയയോഗത്തിൽ റവ. ഫാ. എബ്രാഹം കൊച്ചുപറമ്പിൽ പ്രസംഗിച്ചു. സ്ഥലം ലീജിയർ ഓഫ് മേരിയുടെ വാർഷികവും അന്നേദിനംതന്നെ റവ. ഫാ. എബ്രാഹം കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെടുകയുണ്ടായി.

—കവീക്കുന്നുപള്ളിയിലെ പുതിയ അൾത്താരയിലേക്കു് വി. ഫിലോമിനാ പുണ്യവതിയുടെ 5 അടി ഉയരംവരുന്ന ഒരു രൂപം അപ്രേം കദളിക്കാട്ടിൽ അവർകൾ സംഭാവനചെയ്തിരിക്കുന്നു.

## ചരമം

കുമരകം വള്ളാറപ്പള്ളി ഇടവക പള്ളിത്തറ പോത്തൻ അവർകൾ സെ.12-ാംനു- നിര്യാതനായിരിക്കുന്നു.

—പള്ളിപ്പുറം: പരേതനായ കുമ്പയിൽ ശ്രീ വർക്കിയുടെ ഭാര്യ മറിയം 70-ാമത്തെ വയസ്സിൽ നിര്യാതയായി.

—കടപ്ലാമററം: നന്തികാട്ടിൽ ചുമ്മാരു റോസ 78-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചു.

—വായ്പൂർ, പുത്തൻപള്ളി ഇടവക മേലഴകാത്തു് ശ്രീ തോമസിന്റെ പുത്രി ശ്രീമതി ത്രേസ്യാമ്മ 24-ാമത്തെ വയസ്സിൽ സെ. 2-ാംനു- നിര്യാതയായി.

—മുണ്ടൂർ: ക്ലാരിസ്റ്റു മഠത്തിലെ ഒരംഗമായ റവ. സി. മേരി ലൂർദ്ദ് (മററംപള്ളി ഇടവക എടക്കളത്തൂർ തോമക്കുട്ടി മകൾ കുഞ്ഞില) സെപ്റ്റംബർ 17-ാംനു- 28-ാമത്തെ വയസ്സിൽ നിര്യാതയായി.

—ചേന്നാട്: കപ്പലുമാക്കൽ ഉലഹന്നാൻ ത്രേസ്യാ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം സെപ്റ്റംബർ 11-ാംനു- ചരമം പ്രാപിച്ചു.

R. I. P.

## വിവാഹം

മേവെള്ളൂർ: ഇരുമ്പയത്തു അരഞ്ഞാണി പുത്തൻപുരയിൽ ശ്രീ മാത്യുവിന്റെ പുത്രൻ അഡ്വക്കററു് ശ്രീ പി. എം കുര്യാക്കോസും കൈനടി കണ്ടക്കുടിയിൽ ശ്രീ എസ്സ്. ഈപ്പന്റെ പുത്രി ശ്രീമതി അന്നക്കുട്ടിയും തമ്മിലുള്ള വിവാഹം സെപ്റ്റംബർ 14-ാംനു- മേവെള്ളൂർ പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

# ജീവദായകൻ

## ആ മനുഷ്യൻെറ സന്ദേശം

[ക്രിസ്തുവിനേയും ക്രിസ്തുമതത്തേയുംപററി ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്ന അനേകരുണ്ടു് ഇക്കാലത്തു്. അവരുടെ അജ്ഞതയാണു് അതിനുള്ള മൂലകാരണം. ആകയാൽ നാം അവരോടു പരിഭവിച്ചിട്ടാവശ്യമില്ല. അവരുടെ അജ്ഞത ദൂരീകരിക്കാൻ ശ്രമിക്കുകയാണു വേണ്ടതു്. ഈ ഉദ്ദേശ്യത്തെ മുൻനിത്തി റവ. ഫാദർ സെൻടാഗ് എസ്. ജെ. രചിച്ചിട്ടുള്ള ഒരു പ്രസിദ്ധ ഗ്രന്ഥമാണു് The Way that is Life (ജീവൻെറവഴി) എന്നതു്. ഈ ഗ്രന്ഥത്തെപ്പററി 1953 ഏപ്രിൽ 29-ാംനുയിലെ മുഖപ്രസംഗത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നു. അതു മലയാളത്തിലേക്കു വിവത്തനം ചെയ്തു പ്രസിദ്ധംചെയ്യുന്നതിനു ഫാദർ സെൻടാഗ് സദയം അനുമതി നൽകിയതനുസരിച്ചു് അതു ഞങ്ങൾ സത്യദീപത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയിരിക്കുകയാണു്. പത്രലോകത്തിനു സുപരിചിതനും ഒരു നല്ല സാഹിത്യകാരനുമായ ശ്രീ എ. വി. തോമസ് (ബോംബെ) ആണു വിവത്തകൻ. മൂലഗ്രന്ഥം ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ 1 രു. 6ണ. വിലയ്ക്കു ലഭിക്കുന്നതാണു്. Institute for Home Study, De Nobili College, Poona—6
പത്രാധിപർ]

ഏതാണ്ടു് രണ്ടായിരംവർഷംമുമ്പു് ഗ്രാമീണനായ ഒരാശാരിയുടെ പണിപ്പുരയിൽനിന്നും ഒരു സന്ദേശവുമായി ഒരു മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. ലോകത്തിൽ വലുതായ പരിവത്തനമുളവാക്കിയ ആ സന്ദേശം ഇങ്ങനെയായിരുന്നു: "മനുഷ്യക്കു ജീവൻനൽകുന്നതിനുവേണ്ടി ഞാൻ വന്നിരിക്കുന്നു."

ഇതു വളരെ വിചിത്രമായി പലക്കും തോന്നിയേക്കാം. വലുതായ സാമ്രാജ്യങ്ങൾ ഉത്ഭവിക്കുകയും വളരുകയും ചെയ്തുകഴിഞ്ഞു. ഒന്നിലധികം പുരാതനവഗ്ഗങ്ങൾ അനന്തരതലമുറകളുടെ ബുദ്ധിവൈഭവത്തേയും കലാവൈദഗ്ദ്ധ്യത്തേയും വെല്ലുവിളിക്കുവാൻ പയ്യാപ്തമായവിധം സാംസ്കാരികമായ അഭ്യുന്നതിയെ പ്രാപിച്ചുകഴിഞ്ഞു. എന്നിട്ടും മനുഷ്യക്കു ജീവൻ ലഭിച്ചിട്ടില്ലെന്നോ? തീർച്ചയായും ജീവിക്കുവാൻ അവർ നേരത്തെ പഠിച്ചുകഴിഞ്ഞു. പക്ഷേ ഇപ്പോൾ ഈ ഗ്രാമീണനായ ഒരു മരപ്പണിക്കാരൻ —അതും പലസ്തീനായിലെ ഒരു കുഗ്രാമമായ നസ്രസ്സിൽനിന്നും— എങ്ങനെയാണു ജീവൻ പ്രാപിക്കേണ്ടതെന്നു് മനുഷ്യരെ പഠിപ്പിക്കുവാൻ വന്നിരിക്കുന്നു.

### ജീവൻ

ലോകത്തിൽ മനുഷ്യൻ ആഗ്രഹിക്കുകയും അനുഭവംകൊണ്ടു സ്നേഹിക്കുകയും ചെയ്യുന്ന പലതുമുണ്ടു്. പക്ഷേ ജീവനെപ്പോലെ ആകർഷകവും അഭികാമ്യവുമായി മറെറാന്നില്ല. നമ്മുടെ പുരുഷാത്മകമായ വ്യക്തിത്വത്തോടു് ഇത്ര ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതും എന്നാൽ നമ്മുടെ ഗ്രഹണശക്തിക്കു് ഇത്രമാത്രം അജ്ഞേയവുമായി മറെറാന്നില്ല. ജീവനില്ലാത്ത ഒരു അനന്തതന്നെയും അജ്ഞേയമായ അനവധി രഹസ്യങ്ങൾ നിറഞ്ഞതാണെന്നുള്ളതിൽ സംശയമില്ല. പക്ഷേ നാം ജീവനെന്നു വിളിക്കുന്നതിനോ അതിനെ മനുഷ്യനെക്കാൾ വലുതായ ഒരു ശക്തി നിജ്ജീവവസ്തുവിൽ നിവേശിപ്പിക്കുമ്പോൾ രഹസ്യാകീണ്ണമായ ഒരു നവീനലോകത്തിൻെറ ചക്രവാളത്തിൽ മനുഷ്യൻ അത്ഭുതസ്തബ്ധനായി നിന്നുപോകുന്നു.

### മനുഷ്യജീവനെക്കാൾ ശ്രേഷ്ഠമായ ജീവൻ

വിവിധതരത്തിലുള്ള ജീവികൾ ഉള്ളതുപോലെ വിവിധതരത്തിലുള്ള ജീവനുമുണ്ടെന്നു് അനുഭവത്തിൽനിന്നു ഗ്രഹിക്കുന്നു നാം. വർദ്ധമാനമായിവരുന്ന പരിപൂണ്ണതയുടെ വിവിധനിലകളിലായി കാണിക്കുന്നതിനു ജീവികളെ നാം കാണുന്നു. സസ്യജീവിതത്തിൻെറ ഏററം താണനിലമുതൽ ജീവൻെറ പരിപൂണ്ണതയിൽ മനുഷ്യൻവരെ നാം ദശിക്കുന്നു. എപ്പോഴും എല്ലായിടത്തും അതു് നിഗൂഢരഹസ്യങ്ങൾ നിറഞ്ഞിരിക്കുന്നു. പക്ഷേ എവിടെയെല്ലാം ഏററം പൂണ്ണമായിരിക്കുമെന്നു നാം പ്രതീക്ഷിക്കുന്നുവോ അവിടെ, മനുഷ്യനിൽ, ഒരു കുഴപ്പം കാണുന്നുവെന്നതു് വിചിത്രമായി തോന്നിയേക്കാം. മറെറല്ലാ ജീവികളും, ഏററം താണതുമുതൽ മനുഷ്യൻവരെ, അവയുടെ നൈസർഗ്ഗികമായ സകല ആഗ്രഹങ്ങളുടേയും പ്രവണതകളുടേയും പൂരണത്തിനു ആവശ്യമായതെല്ലാം കണ്ടെത്തുന്നു. മനുഷ്യൻെറ ശാരീരികമായ ആവശ്യങ്ങളും എല്ലാം അപ്രകാരംതന്നെ നിവത്തിക്കപ്പെടുന്നു —അതും ദൃശ്യസൃഷ്ടിയുടെ രാജാവെന്ന നിലയിൽ അവനുള്ള സ്ഥാനൗന്നത്യത്തിനു് അനുയോജ്യമായവിധം സുഭിക്ഷതയുടെ പാരമ്യത്തിൽ തന്നെ. എന്നിരുന്നിട്ടും ഇത്രമാത്രം സുഭിക്ഷതയുടെ മദ്ധ്യത്തിൽപ്പോലും തികച്ചും സ്ഥിരമായും തൃപ്തനായ ഒരു മനുഷ്യൻ ഒരിക്കലെങ്കിലും ജീവിച്ചിരുന്നിട്ടുണ്ടോ? ലോകംമുഴുവൻ ശക്തിമത്തായ ഭാഷയിൽ മറുപടിപറയുന്നു "ഇല്ലാ"എന്നു്. ലോകത്തിൻെറ സന്തോഷങ്ങൾക്കും ധനാഢ്യതയ്ക്കും സംതൃപ്തിപ്പെടുത്തുവാൻ അസാദ്ധ്യവമായ ഒരാനന്ദതൃഷ്ണ മനുഷ്യനിൽ കുടികൊള്ളുന്നുണ്ടു്.

അതുപോലെതന്നെ അനിവാര്യമായ ഒരു നിരാശ മനുഷ്യജീവിതത്തെ ഗ്രസിക്കുന്നതായി നമുക്കനുഭവപ്പെടുന്നു. ഈ അനുഭൂതി ദൃശ്യസൃഷ്ടിയുടെ ഉടമസ്ഥൻ എന്ന നിലയിൽ മനുഷ്യൻെറ സ്ഥാനൗന്നത്യത്തിനു് അനുയോജ്യമായി തോന്നുന്നില്ല. "ലോകത്തിൽ വിശപ്പേറിയഹൃദയത്തോടുകൂടിയ ഏകസൃഷ്ടി മനുഷ്യനത്രെ" എന്നു് ഗുസ്റ്റീയർ പറഞ്ഞിരിക്കുന്നതു് എത്ര ശരിയായിരിക്കുന്നു!

അതേസമയംതന്നെ, ദൃശ്യമായ പ്രപഞ്ചത്തെ നാം വീക്ഷിക്കുമ്പോൾ അതിൽ സവ്വത്ര വിശേഷബുദ്ധിയുടെ —ഉദ്ദേശ്യപൂവ്വം പ്രവത്തിക്കുന്ന ഒരു ശക്തിയുടെ —പ്രവത്തനം നാം കാണുന്നു. ആ ശക്തി സജീവവും ആദ്ധ്യാത്മികവും ആയിരിക്കണം. അതു മനുഷ്യൻെറ ഏററം പൂണ്ണമായ ബുദ്ധിശക്തിയെപ്പോലും അതിശയിക്കുന്നതാണു്. മാത്രമല്ല എല്ലാക്കാലത്തുമുള്ള എല്ലാമനുഷ്യരുടേയും ബുദ്ധിവൈഭവവും ശക്തിയുംഒരുമിച്ചുകൂട്ടിയാലും അതിനോടു സമമാകുന്നതല്ല. ആകയാൽ ജീവികളുടെ ഉയന്നുവരുന്ന പടിയിൽ മനുഷ്യജീവിയെക്കാൾ ശ്രേഷ്ഠമായ ഒരു ജീവി ഉണ്ടായിരിക്കണം എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ നാം നിർബന്ധിതരായിത്തീരുന്നു. മനുഷ്യനു പുറമേ, മനുഷ്യനു് ഉപരിയായി മാനുഷികമായ അനുഭൂതികളെയെല്ലാം അനന്തമായവിധം അതിശയിക്കുന്ന ബുദ്ധിവൈഭവത്തോടും ശക്തിവിശേഷത്തോടുംകൂടിയ മററു ജീവികൾ അല്ലെങ്കിൽ ഒരു ജീവി ഉണ്ടായിരിക്കണം. സസ്യജീവികൾ സൂര്യപ്രകാശം അന്വേഷിച്ചു് സദാ മുകളിലേക്കു പോകുന്നതുപോലെ മനുഷ്യഹൃദയം അറിഞ്ഞോ അറിയാതെയോ ആഗ്രഹിക്കുകയും പ്രാപിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ശ്രേഷ്ഠമായ ഒരു ജീവിതം യഥാത്ഥത്തിൽ ഉണ്ടോ? ഉണ്ടെങ്കിൽ ആ ശ്രേഷ്ഠജീവിതം പ്രാപിക്കുവാൻ മനുഷ്യൻ പ്രാപ്തനാണോ? "അതേ" എന്നാണു അതിൻെറ ഉത്തരമെങ്കിൽ പിന്നെ എല്ലാ മനുഷ്യരേയും അഭിമുഖീകരിക്കുന്ന സവ്വപ്രധാനമായ പ്രശ്നം അതെങ്ങനെ പ്രാപിക്കാമെന്നുള്ളതാണു്.

ഞങ്ങളുടെ സ്ഥാപനത്തിൻെറ പേരു്

**കാളൻ**

എന്നാണെന്നും എഴുത്തുകൾ, മണിഓർഡർകൾ മുതലായവ അയക്കുന്നതിനുള്ള വിലാസം

**കാളൻ, നെല്ലായി**

എന്നു മാത്രമാണെന്നും, തിരുകൊച്ചി ഗവമ്മെൻറു് ഗസററിലും, പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ മുതലായവകളിലും അനേകംപ്രാവശ്യം പരസ്യംചെയ്തിട്ടുള്ളതിനുപുറമെ ഈ സ്ഥാപനംവക 500 പേജും 2 ക. വിലയുള്ളതുമായ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൻെറ മുഖവുരക്കു്ശേഷമുള്ള "മുഖ്യ അറിയിപ്പി"ൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ടു്. എന്നിട്ടും മേൽവിലാസം എഴുതുന്നതിൽ പലക്കും തെററു പററുന്നതായും അതുമൂലം കത്തുകൾ, മണിഓർഡറുകൾ മുതലായവ ഇവിടെ കിട്ടാതെ പോകുന്നതായും ഞങ്ങൾക്കറിയുവാൻ സാധിച്ചിട്ടുണ്ടു്. പത്രങ്ങളിലുംമററും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 100-ൽപ്പരം "അനുഭവസാക്ഷ്യങ്ങൾ"വഴി വിശ്വസിക്കത്തക്കവ എന്നും ഫലപ്രദങ്ങളെന്നും പൊതുജനസമ്മതി നേടിയിട്ടുള്ളതും സുപ്രസിദ്ധങ്ങളുമായ

**കാളൻ'സ്**
നിംബാസവം

**കാളൻ'സ്**
ദ്രാക്ഷാരിഷ്ടം

**കാളൻ'സ്**
ശാരിബാ തൈലം

എന്നീ സിദ്ധൗഷധങ്ങൾ മാത്രമേ ഇപ്പോൾ "കാളൻ" എന്ന സ്ഥാപനത്തിൽ സംസ്കരിക്കുന്നുള്ളു എന്നും, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഭരണങ്ങാനം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ കാളൻ'സ് സെയിൽസ് ഡിപ്പോകളും, മററു പ്രധാനസ്ഥലങ്ങളിലായി 70-ൽപ്പരം കാളൻ'സ് ഏജൻസികളും ഈ സ്ഥാപനത്തിനുണ്ടെന്നും, മേലിലെങ്കിലും എഴുത്തുകൾ മുതലായവ തെററിപ്പോകാതിരിക്കുവാനായി താഴെ കാണുന്ന വിലാസം മാത്രമേ എഴുതാവൂ എന്നും, അനുകരണങ്ങളെ സൂക്ഷിക്കണമെന്നുമുള്ള വിവരങ്ങൾ പൊതുജനങ്ങളെ ഈ അവസരത്തിൽ പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

**കാളൻ,** നെല്ലായി

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

മഴ മെല്ലെ മാറി. വെയിൽ തെളിഞ്ഞു. പൊന്നോണം വന്നു. പോയി. ചിങ്ങത്തിലെ പൂക്കലകൾ ഇപ്പോഴും തലയാട്ടിനിൽക്കുന്നു. ചിത്രശലഭങ്ങൾ പാറന്നുനൃത്തംവയ്ക്കുന്നതും അടയ്ക്കാക്കിളികൾ വളഞ്ഞ ചുണ്ടുമായി തേൻ നുകരുന്നതും തത്തകൾ പാടത്തെ കതിരുകൾ മുറിച്ചു കിഴക്കോട്ടു പറക്കുന്നതുമെല്ലാം നിങ്ങൾ കാണുന്നുണ്ടെന്നു കുഞ്ഞമ്മാവൻ വിശ്വസിക്കുന്നു.


പ്രകൃതി പുഞ്ചിരിച്ചുകൊണ്ടിരിക്കയാണു്. നിങ്ങളോ? മുല്ലപ്പൂവിടരുംപോലെ മന്ദഹസിച്ചുകൊണ്ടു് ജീവിതവിജയത്തിനുവേണ്ടി നിങ്ങളും മുന്നോട്ടുപോകണം.

കഴിഞ്ഞപ്രാവശ്യം കുഞ്ഞമ്മാവൻ പുകവലിയേയും പൊടിവലിയേയുംമററും കുറിച്ചു് എഴുതിയിരുന്നതു് നിങ്ങൾ വായിച്ചെന്നും കുറെ നല്ല കുഞ്ഞുങ്ങളെങ്കിലും അതനുസരിച്ചു് പ്രവൃത്തി ആരംഭിച്ചെന്നും വിശ്വസിക്കുന്നു. കുഞ്ഞമ്മാവൻ ഇതിനിടയ്ക്കു് കുറച്ചു് സർക്യൂട്ടു് നടത്തി. അതിൽ അനുഭവമായ ചില കാഴ്ചകളാണു് പറയാൻ പോകുന്നതു്.

ഒരിടത്തു് അഞ്ചെട്ടാളുകൾകൂടി ചീട്ടുകളിച്ചുകൊണ്ടിരുന്നു. ഓണക്കാലമായിരുന്ന തു കൊണ്ടു് ചീട്ടുകളിയിൽ പങ്കെടുക്കാൻ അതറിയാവുന്നവക്കു് ബഹു ഉത്സാഹമായിരുന്നു. ചീട്ടുകളി രസം പിടിച്ചു മുറുകി. ചുററും കൂടിയിരുന്നവർ ആഹ്ലാദംകൊണ്ടാർത്തുവിളിച്ചു. കളി കൊഴുത്തു മുറുകുന്നതിനിടയിൽ ജോർജ്ജും വർഗ്ഗീസുംതമ്മിൽ ചെറിയ ഒരു വാഗ്വാദംതുടങ്ങി. അങ്ങോട്ടുമിങ്ങോട്ടും ശകാരമായി. ശകാരത്തിൻെറ ശബ്ദം ഉയന്നു. അവർ ചീട്ടുകളെല്ലാം നിലത്തെറിഞ്ഞിട്ടെഴുന്നേററു. തക്കത്തിൻെറ മുഴക്കം ചുററുപാടുമുള്ള എല്ലാവക്കും കേൾക്കാമായിരുന്നു. ഒരാൾ ജോർജ്ജിനെ പിടിച്ചുമാററി ശാന്തനായിരിക്കാൻ പറഞ്ഞു. മറെറാരാൾ വർഗ്ഗീസിനേയും പിടിച്ചു മാററി. അന്തരീക്ഷം അല്പം ശാന്തമായി. അവിടെ കൂടിയിരുന്നവർ പതുക്കെ പിരിഞ്ഞുപോകാൻതുടങ്ങി. അതിനിടയിൽ ജോർജ്ജ് പിടിവിട്ടു് വർഗ്ഗീസിൻറടുത്തേക്കു് ഓടിയെത്തി. ചെന്നവഴി അയാൾ വർഗ്ഗീസിൻെറ പുറത്തേക്കു് ആഞ്ഞു് ആറിടി വച്ചുകൊടുത്തു. ഇടികൊണ്ട വർഗ്ഗീസിൻെറ മുഖം ചുമന്നു. പല്ലിറുമ്മി അയാൾ ജോർജ്ജിൻെറ മുടിക്കു പിടിച്ചു. വർഗ്ഗീസു് കഷണ്ടിയായിരുന്നതിനാൽ ജോർജ്ജിനു് തലയിൽ പിടികിട്ടിയില്ല. ജോർജ്ജ് വർഗ്ഗീസിനെ വട്ടംപിടിച്ചു് അനങ്ങാൻപാടില്ലാത്തവിധമാക്കി. കലികൊണ്ടു വിറയ്ക്കുന്ന വർഗ്ഗീസ് ആഞ്ഞുതിരി പിടി വിടുവിച്ചു് ജോർജ്ജിൻെറ കവിളത്തു പിടിച്ചൊരു കടി. കടികൊണ്ട ജോർജ്ജ് പിന്നെയും വർഗ്ഗീസിനെ ഇടിച്ചു. വർഗ്ഗീസ് ജോർജ്ജിനെ വിട്ടില്ല. അയാൾ തൻെറ എതിരാളിയുടെ കൈയും മുഖവും ചെവിയും മൂക്കും എല്ലാം തുടർച്ചയായി അമത്തി കടിച്ചുപൊട്ടിച്ചു. ഇത്രയുമായപ്പോൾ ജോർജ്ജിൻെറ ഭാര്യയും കുട്ടികളുമെല്ലാം ഓടിവന്നു. വഴക്കവസാനിച്ചു.

ജോർജ്ജ് ശരീരമാസകലം കടിയേററു് വച്ചുകെട്ടി ഇന്നു് കട്ടിലിൽ കിടക്കയാണു്. അയാളുടെ ദേഷ്യം വരുത്തിവച്ച ആപത്തു് ആരും കാണാതെന്നോർത്തു് കതകടച്ചിട്ടുകൊണ്ടാണയാൾ മുറിയിൽ കിടക്കുന്നതു്.

കുഞ്ഞമ്മാവൻ ഒരുദ്യോഗസ്ഥനെ കാണാൻ പോയി. മാളി



വർഗ്ഗീസ് ജോർജ്ജിൻെറ കൈയും മുഖവും ചെവിയും മൂക്കുമെല്ലാം കടിച്ചുപൊട്ടിച്ചു.

കമ്പുകളിലുള്ള ഓഫീസ് മുറിയിൽ അപ്പോൾ അദ്ദേഹമില്ലായിരുന്നു. അല്പം കഴിഞ്ഞ് ഓഫീസർ വന്നു. അദ്ദേഹം മുറിയുടെ എല്ലാ ഭാഗങ്ങളിലേക്കും കണ്ണോടിച്ചു ഒരു മൂലയിൽ വലിയ ഒരു ടക്ക പാത്രം ഇരിക്കുന്നതുകണ്ടു. പെട്ടെന്ന് അദ്ദേഹത്തിന്റെ മുഖം ചുവന്നു. "ഹാരെടാ ഇവിടെ ഈ പാത്രം വച്ചിരിക്കുന്നത്" എന്നലറിക്കൊണ്ട് പെട്ടെന്നു പാത്രം പൊക്കിയെടുത്ത് ജനാലവഴി പുറത്തേക്ക് ഒരേറുകൊടുത്തു. പാത്രം വട്ടംകറങ്ങി കൃത്യത്തിനു വീണതെവിടെയാണെന്നോ! ആ ഉദ്യോഗസ്ഥനെ കാണാൻവന്ന ഒരു കൺട്രാക്ടരുടെ കഷണ്ടിത്തലയിൽത്തന്നെ. തല പൊട്ടി, ചോരയൊലിപ്പിച്ചു കൊണ്ടയാൾ നിലവിളിച്ചു. ഉദ്യോഗസ്ഥൻ പുറത്തുവന്നപ്പോഴാണദ്ദേഹത്തിന്റെ പെട്ടെന്നുള്ള ദേഷ്യത്തിന്റെ ഫലം പൂർണ്ണമായി കണ്ടത്.

ഒടുക്കം ആ ദേഷ്യക്കാരൻ യജമാനൻ ആ കൺട്രാക്ടരുടെ കാലുപിടിച്ചു ക്ഷമായാചനം ചെയ്തു.

പിന്നീട് കുഞ്ഞമ്മാവൻ ഒരാശുപത്രിയിൽ പോവാനിടയായി. ഡോക്ടർ അകത്തു തിരക്കുപിടിച്ചു ജോലിയിലായിരുന്നതിനാൽ പുറത്ത് ആഫീസിനടുത്തിട്ടിരുന്ന ബെഞ്ചിൽ കുറെനേരം ഇരിക്കേണ്ടതായിവന്നു. അനവധി രോഗികളും രോഗികളുടെ ഉടമസ്ഥന്മാരും ഡോക്ടരുടെ വരവിനെ പ്രതീക്ഷിച്ച് ആഫീസിനടുത്ത് നില്ക്കുന്നുണ്ടായിരുന്നു. ബെഞ്ചിലിരുന്ന രണ്ടു മാന്യന്മാർ തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു. അവർ വീട്ടുകാര്യങ്ങളെക്കുറിച്ചും രോഗവിവരങ്ങളെക്കുറിച്ചും മററും സംസാരം തുടർന്നു. അല്പംസമയം ഇങ്ങനെ കഴിഞ്ഞപ്പോൾ അകത്തുനിന്നൊരു ഗർജ്ജനം. കണ്ണാടി ജനലിൽ ഒരിടി "ഛായ, ഇവിടിരുന്നു ജോലിചെയ്യാൻ വയ്യല്ലോ ഈ കാടന്മാരുകാരണം! ഹൊ! ഇവിടെ ശബ്ദിച്ചുകൂടെന്നറിഞ്ഞുകൂടെ? ഇതൊരാശുപത്രിയാണെന്നോർമ്മ വേണം" എന്നൊക്കെയാണാ ഗർജ്ജനത്തിൽ ഉണ്ടായിരുന്ന വാക്കുകൾ. ദേഷ്യം മൂത്തപ്പോഴാണ് ഗ്ലാസ് ജനലിൽ ഇടിവീണത്. ഇടികൊണ്ടു കണ്ണാടിച്ചില്ലു തകർന്നു. ഇടിച്ചകൈകൾ മുറിഞ്ഞു രക്തം ഒലിച്ചുതുടങ്ങി. ഇപ്പോൾ കോപശീലനായ ആ കമ്പൗണ്ടർ കൈ വെച്ചുകെട്ടിക്കൊണ്ടു നടക്കയാണ്. ശമ്പളത്തിൽനിന്നും കണ്ണാടിജനാലയ്ക്കുള്ള വിലയും അയാൾ കൊടുക്കേണ്ടിവന്നു. അങ്ങനെ ദേഷ്യം അവിടെയും ഒരു നരകം സൃഷ്ടിച്ചു.


ഇങ്ങനെ പല ദേഷ്യക്കാരെയും കുഞ്ഞമ്മാവൻ കണ്ടുമുട്ടി. അവരുടെയെല്ലാം കഥകൾ പറയാൻ ഇവിടെ സ്ഥലം മതിയാകയില്ല. ഒരദ്ധ്യാപകൻ ഏതോ കാരണവശാലൊരു സദാശിവനെന്ന കുട്ടിയെ ഒന്നടിച്ചു. സദാശിവൻ കരഞ്ഞുകൊണ്ടോടി വീട്ടിലെത്തി. അച്ഛനായ ഗോപാലൻനായരോട് വിങ്ങിക്കരഞ്ഞുകൊണ്ട് കാര്യം പറഞ്ഞു. ഗോപാലൻനായർ കോപംകൊണ്ടു കുതിച്ച് സ്കൂളിലേക്കോടി. അദ്ധ്യാപകന്റെ ചെകിട്ടത്തു നാലടികൊടുത്തു. പാവപ്പെട്ട അദ്ധ്യാപകന്റെ പല്ലുകൾ ചോരയോടുകൂടി ക്ലാസിൽ വീണു.

അതൊരു കേസായി. ഇന്നു ഗോപാലൻനായർ അയാളുടെ ദേഷ്യത്തെ പഴിച്ചുകൊണ്ട് ജയിൽമുറികളിൽ മൂട്ടകളുടെ ഇടയിൽ കഴിഞ്ഞുകൂടുകയാണ്.

എന്താ, കോപശീലം വളരെ നല്ലതാണെന്നു പ്രിയപ്പെട്ട കുഞ്ഞുങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾ എളുപ്പം ദേഷ്യംവരുന്ന ആളുകളെ കണ്ടിട്ടുണ്ടോ? നിങ്ങളുടെ വീട്ടിൽത്തന്നെ കോപശീലക്കാർ ഉണ്ടായിരിക്കും. ഒരു കാര്യം ഓർമ്മിക്കുക. പെട്ടെന്നു വരുന്ന കോപം നമ്മെ പല അവിവേകങ്ങളും ചെയ്യാൻ പ്രേരിപ്പിക്കും. അതിന്റെ ഫലം മിക്കവാറും പശ്ചാത്താപവും വമ്പിച്ച നഷ്ടവും ആയേക്കാം.

കുഞ്ഞുങ്ങൾ കോപശീലമുള്ളവരായിത്തീരരുതെന്നു കുഞ്ഞമ്മാവൻ ആശിക്കുന്നു. നിങ്ങൾ ശാന്തസ്വഭാവമുള്ള നല്ല കുഞ്ഞുങ്ങളായിത്തീരുക.

എന്നു സ്നേഹപൂർവ്വം
സ്വന്തം കുഞ്ഞമ്മാവൻ



ഉദ്യോഗസ്ഥൻ പുറത്തുവന്നപ്പോഴാണ് അദ്ദേഹത്തിന്റെ പെട്ടെന്നുള്ള ദേഷ്യത്തിന്റെ ഫലം പൂർണ്ണമായി കണ്ടത്.

വേദശാസ്ത്രപംക്തി

# ആംഗ്ലിക്കൻപട്ടം അസാധുവാണ്

ആംഗ്ലിക്കരുടെ പട്ടം വളരെ ഒച്ചപ്പാടിനിടയാക്കിയിട്ടുള്ള ഒരു വിഷമപ്രശ്നമാണ്. 1845-ൽ കാർഡിനൽ ന്യൂമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനുശേഷം റോമൻ കത്തോലിക്കാസഭയും ആംഗ്ലിക്കൻ സഭയും തമ്മിലുള്ള വിടവു നികത്താൻ പല വിഫലശ്രമങ്ങളും നടന്നിട്ടുണ്ട്. 1894-ൽ ഹാലിഫാക്സ് പ്രഭുവിന്റെ നേതൃത്വത്തിൽ അത്തരമൊരു ശ്രമം നടന്നു. തദവസരത്തിൽ ആംഗ്ലിക്കരുടെ പട്ടത്തിന്റെ സാധുത്വം സംബന്ധിച്ച പ്രശ്നം വീണ്ടും ചർച്ചാവിഷയമായി.

ആംഗ്ലിക്കൻ വൈദികർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുമ്പോൾ, അവർ പുരോഹിതവൃത്തി തുടരാൻ ആഗ്രഹിക്കുന്നപക്ഷം, അവർക്ക് വീണ്ടും പട്ടം കൊടുക്കുക എന്നതായിരുന്നു സഭയിൽ നിലവിലിരുന്ന പതിവ്. അതനുസരിച്ച് കാർഡിനൽ ന്യൂമൻപോലും വീണ്ടും അഭിഷേകം സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ കാലഘട്ടത്തിൽ ഫ്രാൻസിലെ ഒരുഗണം വേദശാസ്ത്രജ്ഞന്മാർ, അബെ പോർട്ടലിന്റെ നേതൃത്വത്തിൽ, ആംഗ്ലിക്കരുടെ പട്ടം വാസ്തവമാണ് എന്ന അഭിപ്രായം പുറപ്പെടുവിക്കുകയുണ്ടായി. തന്നിമിത്തം, അന്നു മാർപ്പാപ്പയോടെ വാണിരുന്ന ഹൃദയവിശാലനായ 13-ാം ലെയോ മാർപ്പാപ്പാ ഈ വിഷയം സൂക്ഷ്മമായി പഠിക്കുന്നതിനു എട്ടുപേരടങ്ങിയ ഒരു കമ്മീഷനെ നിയമിച്ചു. അവർ ഏകകണ്ഠമായ ഒരഭിപ്രായത്തിലെത്തി. അതിനെ അംഗീകരിച്ചുകൊണ്ട് 1896 സെപ്റ്റംബർ 13-ാംനു- ലെയോ മാർപ്പാപ്പാ "അപ്പസ്തോലിക്കാ ക്യൂരേ" എന്ന വിഖ്യാതമായ ബൂള പ്രസിദ്ധപ്പെടുത്തി. അതിൽ തിരുമനസ്സുകൊണ്ടു, ആംഗ്ലിക്കൻമുറപ്രകാരമുള്ള പട്ടങ്ങൾ തികച്ചും അസാധുവായിരുന്നെന്നും ഇപ്പോഴും ആണെന്നും, യാതൊരു സന്ദേഹത്തിനും മേലിൽ ഇടകൊടുക്കാത്തവിധത്തിൽ, ഖണ്ഡിതമായി പ്രഖ്യാപിച്ചു. തദനന്തരം തിരുമേനി പാരീസിലെ റിച്ചേർഡ് മെത്രാപ്പോലീത്തയ്ക്കെഴുതിയ ഒരു കത്തിൽ, പ്രസ്തുതവിധി "ഇളക്കമില്ലാത്തതും സ്ഥിരീകരിക്കപ്പെട്ടതും മാററമില്ലാത്തതു"മാണെന്നു പ്രസ്താവിക്കുകയുണ്ടായി.

"അപ്പസ്തോലിക്കാ ക്യൂരേ" എന്ന തിരുവെഴുത്ത് ആംഗ്ലേയവൃത്തങ്ങളിൽ ഒരു കോളിളക്കമുളവാക്കി. താമസംവിനാ ആലോചിച്ച് ആംഗ്ലിക്കരുടെ നാമത്തിൽ, കാൻറർബറിയിലെയും യോർക്കിലെയും മെത്രാപ്പോലീത്തമാർ ചേർന്നു "മറുപടി" (Responsio) എന്ന ഒരു "വിശ്വലേഖനം" പ്രസിദ്ധപ്പെടുത്തി. "കത്തോലിക്കാസഭയിലെ എല്ലാ മെത്രാന്മാരോ"ടുമാണ് അതു സംബോധനചെയ്തിരുന്നത്. മാർപ്പാപ്പാ ആംഗ്ലിക്കരുടെ ഓർഡിനൽ (മെത്രാൻപട്ടവും വൈദികപട്ടവും സംബന്ധിച്ച കർമ്മാനുഷ്ഠാനവിധികളടങ്ങിയ ഗ്രന്ഥം) തെററിദ്ധരിച്ചിരിക്കുകയാണെന്നും താദൃശമായ ഒരു വിധിപ്രസ്താവംകൊണ്ടു മാർപ്പാപ്പാ റോമാസഭയുടെ അടിസ്ഥാനത്തെത്തന്നെ അപകടത്തിലാക്കുകയാണു ചെയ്തിരിക്കുന്നതെന്നും പ്രസ്തുത ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു. അതിനുശേഷം പ്രസ്തുത രണ്ടു മെത്രാപ്പോലീത്തമാരുംകൂടി തനിക്കയച്ച ഒരു കത്തിനു മറുപടിയായി വെസ്റ്റ്മിൻസ്റ്റർ മെത്രാപ്പോലീത്ത കാർഡിനൽ വോൺ 1898-ൽ "അപ്പസ്തോലിക്കേ ക്യൂരേ എന്ന ബൂളയുടെ സാധൂകരണം" (Vindication of the Bull 'Apostolicae Curae') എന്ന ഒരു ലേഖനം പ്രസിദ്ധംചെയ്തു.

അനന്തരകാലങ്ങളിൽ മറെറാരു പുനരൈക്യശ്രമംകൂടി നടന്നു, ബെൽജിയത്തിലെ മലിൻസിൽവച്ച്. "മലിൻസ് സംഭാഷണങ്ങൾ" (Malines Conversations) എന്ന പേരിലാണ് അതറിയപ്പെടുന്നതു. അവിടത്തെ മെത്രാപ്പോലീത്ത കാർഡിനൽ മെഴ്സിയേ (Mercier) ആയിരുന്നു കത്തോലിക്കാ പക്ഷത്തെ നേതാവ്. ആംഗ്ലിക്കൻ പക്ഷത്തെ നേതാവ് പഴയ ഹാലിഫാക്സ് പ്രഭുവും. ആ ഘട്ടത്തിലാണ് "യഥാർത്ഥപുനരൈക്യ"ത്തെ അധികരിച്ചുള്ള "മോർത്താലിയും ആനിമോസ്" എന്ന വിശ്വലേഖനം 11-ാം പിയൂസ് മാർപ്പാപ്പാ പ്രസിദ്ധം ചെയ്തതു. 1928 ജാനുവരി 6-ാംനു- പുറത്തുവന്ന ആ ലേഖനത്തിന്റെ തർജ്ജിമ സത്യദീപം 26-ാം പുസ്തകം 26, 27 എന്നീ ലക്കങ്ങളിൽ പ്രസിദ്ധംചെയ്തിട്ടുണ്ട്. വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഒത്തുതീപ്പിനും സ്ഥാനമില്ലെന്നു പ്രസ്തുത വിശ്വലേഖനം വിശദമാക്കിയിരുന്നതിനാൽ, അത്തരത്തിലുള്ള പുനരൈക്യശ്രമങ്ങൾ പിന്നീടു നടക്കുകയുണ്ടായില്ല.

13-ാം ലെയോ മാർപ്പാപ്പായുടെ "അപ്പസ്തോലിക്കാ സേദിസ്" എന്ന വിശ്വലേഖനം തങ്ങളുടെ സഭയ്ക്കു ലഭിച്ച ഒരടിയായി ആംഗ്ലിക്കൻകാർ പരിഗണിച്ചു. തങ്ങളുടെ പട്ടം ക്രൈസ്തവലോകത്താൽ അംഗീകരിക്കപ്പെടുവാൻ വേണ്ടി അവർ അശ്രാന്തപരിശ്രമം തുടങ്ങി. ഗ്രീക്കശീശ്മസഭയിലേക്കാണ് അവർ ദൃഷ്ടികൾ തിരിച്ചതു പ്രധാനമായും. ആ സഭയുടെ വകയായി, 1922-ൽ കോൺസ്റ്റൻറിനോപ്പോളിൽ കൂടിയ ഒരു സൂനഹദോസ് ആംഗ്ലിക്കരുടെ പട്ടത്തിനു അംഗീകാരം നൽകി. ഗ്രീക്കശീശ്മക്കാർ അങ്ങനെ അനധികൃതമായ ഒരംഗീകാരം നൽകിയെങ്കിലും ആംഗ്ലിക്കർ പൂർണ്ണമായും തൃപ്തരായിട്ടില്ല; അവർക്കു പൂർണ്ണമായ സംശയനിവാരണമുണ്ടായിട്ടുമില്ല. ആകയാൽ അടുത്തകാലങ്ങളിൽ, ചില ആംഗ്ലിക്കർ യഥാർത്ഥപട്ടത്തമുള്ള ശീശ്മസഭക്കാരുടെ പക്കൽ ചെന്നു പട്ടം സ്വീകരിക്കാൻ ശ്രമിച്ചുവരുന്നതായി പറയപ്പെടുന്നു. എങ്ങനെയായാലും കത്തോലിക്കാസഭയുടെ നിലയിൽ യാതൊരു വ്യതിയാനവും സംഭവിക്കുന്നതല്ല. ലെയോ മാർപ്പാപ്പായുടെ തീരുമാനം അവസാനത്തേതായിരിക്കുന്നു. ക. സഭ ആംഗ്ലിക്കരുടെ പട്ടം അസാധുവായി പരിഗണിക്കാനുള്ള ന്യായങ്ങളെപ്പററി വഴിയേ പ്രസ്താവിക്കുന്നതാണ്.

# "സത്യമീയായുദ്ധം"

(കെ. ആർ. പൗലോസ്, ചെവ്വൂർ)

(കേക)

ആരിവൻ ലോകത്തിന്റെ ഘോരമാം വിപത്തോർത്തു
പോരിനായൊരുങ്ങി. തൻ യുദ്ധവൈദഗ്ദ്ധ്യം നോക്കാം
ഇല്ലൊരു വാളും തോക്കും ബോംബുമിപ്പടയാളി-
ക്കില്ലൊരു പോർച്ചട്ടയും; കൊല്ലുവാൻ വന്നോനല്ല
ഇല്ലുവന്നാരും ഭുവിൽ വൈരിയെന്നോർക്കാനായി-
ട്ടില്ലവന്നൊട്ടുംനേരം യുദ്ധമില്ലാതെയോർത്താൽ
മർത്ത്യർതന്നധമത്വം സ്വന്തധർമ്മത്തോടേല്ലും
യുദ്ധമിപ്പടയാളിക്കിന്നു ലകുന്നുണ്ടാവാം.
സ്നേഹസൂക്തങ്ങൾചൊല്ലി, സ്നേഹത്തിൻ ഗാനം പാടി
സ്നേഹിപ്പാൻ പഠിപ്പിക്കയാണു തൻ നയം പോരിൽ
ശത്രുവെ സ്നേഹിപ്പാനും ദൈവത്തെ സേവിപ്പാനും
മാത്രമാം ചട്ടം കാൺമൂ; നൂതന രണതന്ത്രം!
ദൈവത്തിന്നീശത്വത്തോടേല്ക്കുവാൻ വെമ്പും സാത്താൻ
മർത്ത്യരെ പാപച്ചേററിലാഴ്ത്തുവാൻ തക്കംനോക്കെ
"മക്കളേ കലങ്ങാതെ; നിങ്ങളെത്താങ്ങാം ഞാനെ"-
ന്നെപ്പോഴുമോർമ്മിപ്പിക്കും നൽത്താതനിപ്പോരാളി.

ഇപ്പടയാളിചൊൽവൂ. "രാജനാണഹമെന്റെ
രാജ്യമോ സ്നേഹാദ്രിപ്പും സ്വർഗ്ഗസാമ്രാജ്യംതന്നെ".
എന്തിതിൽ ഭുവാഴുന്ന മന്നരെ നിഷേധിച്ചി-
തെന്തൊരു രാജ്യദ്രോഹം ചെയ്തിതപ്പോർവീരൻതാൻ.
സോദരവധംചെയ്തച്ചുന്നിണമാററിൻമദ്ധ്യേ
തന്നിഷ്ടക്കളിത്തോണി നിഷ്കൃപം തുഴയുന്നോർ
സ്വസ്ഥാനഹാനിക്കേതും കാരണമെഴാസ്ഥാനായ്
സത്വരം കല്പിച്ചാരീ യോദ്ധനെ കൊല്ലാൻ, കഷ്ടം!!

സ്നേഹിച്ചു സ്നേഹിപ്പാനായ് മർത്ത്യരെ പഠിപ്പിച്ചു
സ്നേഹമൂലമാംമൃത്യു കൈവരിച്ചാലേപോരു
ദേഹവും വെടിഞ്ഞിമ്പാ! മർത്ത്യരിൽ സ്നേഹത്തിന്റെ
തങ്കമുദ്രണംചെയ്തു തൻ ജീവരക്തത്താലെ
ജയിച്ചു ഗാഗുൽത്തായിൽ നാട്ടീയ കൊടിക്കൂറ
ഭവിച്ചു മർത്ത്യർക്കെല്ലാമാശ്വാസമാകാരനന്നും
നമ്മൾക്കു പ്രതിസ്നേഹക്കാററിനാൽ പാറിപ്പാറി
നില്ക്കണം ഏതാംവാനിലിക്കൊടി മങ്ങാതെന്നും
ദ്രോഹത്തെയെന്നും സ്നേഹംകൊണ്ടു നാം നേരിട്ടാലേ
ശാന്തി ലോകത്തിലെന്നു! സത്യമീയായുദ്ധം!!!

(4-ാംപേജ് തുടർച്ച)

പറയാറുണ്ട്. ഈ നീരു കട്ടിയായതും ചൂടുള്ളതുമായിരിക്കും. കൈകൊണ്ടു മർദ്ദിച്ചാൽ നീരുള്ളഭാഗം മർദ്ദനത്തിനു വഴങ്ങുകയില്ല. ഈ രോഗത്തിന്റെ ഏററവും പ്രധാനലക്ഷണം വായിൽ കാണുന്ന രക്തമയമായ ചുവപ്പുനിറമാണ്. (Haemarrhagic Deep Red Colour). ചില അവസരങ്ങളിൽ നാക്കു സാധാരണരീതിയിലും മററു ചില സന്ദർഭത്തിൽ നീർക്കോളോടുകൂടിയും കാണപ്പെടുന്നു. നാഡിയടി വളരെ വേഗത്തിലായിരിക്കും. തുടർച്ചയായ ഉമിനീർപ്രവാഹം ദൃശ്യമാകും. വയററുവേദനയുടെ ഫലമായി മൃഗം കൂടെക്കൂടെ പിൻഭാഗത്തേക്കു നോക്കുകയും പല്ലുകടിക്കുകയും ചെയ്യും. വയററിളക്കവും സാധാരണയാണ്. ശ്വാസോച്ഛ്വാസം വളരെ വിഷമത്തോടുകൂടിയായിരിക്കും നടക്കുന്നതു. ഈവക ലക്ഷണങ്ങൾ കണ്ടുകഴിഞ്ഞാൽ ഏതാണ്ട് 24 മണിക്കൂറിനിടയിൽ മൃഗം ചാകും. സാധാരണയായി രോഗം ബാധിച്ചതിൽ 80 മുതൽ 100 ശതമാനംവരെയും ചാകുകയാണ് പതിവ്.

ഈ രോഗത്തിനു ഫലപ്രദമായ മരുന്നു ഇനിയും കണ്ടുപിടിച്ചിട്ടില്ല. എങ്കിലും ഇതിന്റെ പകർച്ചയെ തടയുന്നതിനുപയുക്തമായ "സീറം" ഇന്നു സുലഭമാണ്. എവിടെയെങ്കിലും ഈ രോഗം കണ്ടാലുടനെ വിവരം അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിച്ചാൽ സൗജന്യമായി കുത്തിവയ്പ് നടത്തുന്നതായിരിക്കും. സീറവും വാക്സിനും ഉപയോഗിച്ച് ഇതിന്റെ ആക്രമണത്തെ തടയാവുന്നതാണ്. അടുത്തപടിയായി ചെയ്യേണ്ടതു മൃഗങ്ങളെ പുതിയസ്ഥലത്തേക്കു മാററുക എന്നുള്ളതാണ്. രോഗംബാധിക്കാത്തവയെ ബാധിച്ചവയിൽ നിന്നും മാററി സൂക്ഷിക്കേണ്ടതാണ്. ഏകദേശം ഒരുമാസത്തേക്ക് പഴയതൊഴുത്തിൽ യാതൊരു മൃഗത്തേയും പ്രവേശിപ്പിച്ചുകൂടാ. ചത്തമൃഗങ്ങളെ ഉടനെതന്നെ മറവുചെയ്യണം.

(F. C. Kunnappally,
Chirakadavoo)

# * ഒരു മാതൃകാപിതാവ്

(പി. കെ. കുമാരൻ, ബി. എ; ബി. എൽ.)

പിതാവ്, അപ്പൻ, ഹാ എത്ര മധുരമായ ഒരു പദം! ഏതൊരു ഭാഷയിലായാലും അപ്പൻ, അമ്മ എന്നീ രണ്ടു പദങ്ങളോളം ഭംഗിയേറിയതും ആകർഷകത്വം തുളുമ്പുന്നതുമായ വേറൊരു പദവും കാണുന്നതല്ല. നിത്യവചനം മാംസമായി രൂപമെടുത്ത തിരുവവതാരസുദിനത്തിൽ ഒരു പിതാവ് വിശുദ്ധ മറിയത്തോടൊരുമിച്ചു മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ട്. എന്തിനുവേണ്ടി? ലോകത്തിലുള്ള സർവ്വപിതാക്കന്മാരുടേയും പ്രാതിനിധ്യം വഹിച്ചുകൊണ്ട് അവരുടെ പാപപരിഹാരത്തിനും നിത്യശാന്തിക്കും വേണ്ടി. ഇത്രമേൽ പ്രാധാന്യമർഹിക്കുന്നവനും എന്നാൽ ഇത്ര തുച്ഛമായി അറിയപ്പെടുന്നവനുമായ മറ്റൊരു പിതാവും ഇല്ല തന്നെ.

നമ്മുടെ കർത്താവിനെപ്പറ്റിയാണെങ്കിൽ പുൽത്തൊട്ടിമുതൽ സ്വർഗ്ഗാരോഹണംവരെയുള്ള സംഭവപരമ്പരകളെ സവിസ്തരം വിവരിക്കുന്ന ഒട്ടനവധി ഗ്രന്ഥങ്ങളുണ്ട്. വിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതത്തേയും അപദാനങ്ങളേയും പ്രകീർത്തിക്കുന്ന ഗ്രന്ഥങ്ങളും വളരെയേറെയാണ്. "ഒരു നീതിമാനായ മനുഷ്യൻ" എന്നല്ലാതെ പുതിയ നിയമത്തിൽ വിശുദ്ധ ജോസഫിനെപ്പറ്റി മറ്റു യാതൊരു സൂചനയും കാണുന്നില്ല. തന്റെ വളർത്തുപുത്രന്റെയും ഭാര്യയുടെയും അഭൗമമായ പ്രഭാപ്രസരത്തിൽ മങ്ങിമറഞ്ഞു കിടക്കുകയാണ് ഈ പുണ്യവാൻ.

താടിനീട്ടി വളർത്തിയ, എന്നുവെച്ചാൽ കാറ്റിലുലഞ്ഞാടുന്ന താടിയോടുകൂടിയ ഒരു വൃദ്ധൻ—ഇപ്രകാരമാണ് ഐതിഹ്യവഴിക്ക് നാം വിശുദ്ധ ജോസഫിന്റെ രൂപം വിഭാവനം ചെയ്യുന്നത്. ഗാർഹസ്ഥ്യജീവിതപ്രായം തരണംചെയ്ത ഒരാളായിരുന്നാൽ അദ്ദേഹം കന്യകാമറിയത്താൽ ആകർഷിക്കപ്പെട്ടിരിക്കാനിടയില്ലല്ലോ. ഈ അഭിപ്രായഗതിയായിരിക്കാം അദ്ദേഹത്തെ ഇങ്ങനെ ഒരു വയസ്സനായി ചിത്രീകരിക്കാൻ കാരണം. താടി ഒരു പുരുഷന്റെ വളർച്ചയുടെ ബാഹ്യമായ ലക്ഷണമാണെങ്കിൽ നീണ്ടുവളർന്ന്, കാറ്റിലുലഞ്ഞാടുന്ന താടി അവൻ ആർജ്ജിച്ചുവച്ചിരിക്കുന്ന പരിപക്വജ്ഞാനത്തിന്റേയും കാര്യകാരണവിവേചനശക്തിയുടേയും മറ്റും ചിഹ്നമാണെന്നു പറയാം. ആ സ്ഥിതിക്ക് തന്റെ ഭാര്യയുമായുള്ള വിവാഹബന്ധം പൂർത്തീകരിക്കുന്നതിനുമുമ്പായിത്തന്നെ അവൾ ഒരു ഗർഭിണിയായി കാണപ്പെട്ടു എന്നിരിക്കട്ടെ. അതൊട്ടും തന്നെ അദ്ദേഹത്തിന്റെ മനസ്സിൽ അമർഷമോ ക്ഷോഭമോ ജനിപ്പിക്കാനിടയില്ല. യഥാർത്ഥ സംഭവങ്ങൾ സൂക്ഷ്മദൃഷ്ട്യാ ഗ്രഹിക്കാൻ കഴിയുമായിരുന്ന ആ ദിവ്യജ്ഞൻ ആ സ്ത്രീരത്നത്തെ തന്റെ ഭാര്യ എന്ന നിലയിൽ സ്വീകരിക്കുന്നതിനെക്കാൾ കൂടുതലായി തന്റെ ഓമനയായ മകൾ എന്നു മാത്രമേ കണക്കാക്കുമായിരുന്നുള്ളു.

വിശുദ്ധ ജോസഫ് ഒരു വയോവൃദ്ധനായിരുന്നു എന്ന ധാരണ തികച്ചും അടിസ്ഥാനരഹിതമാണ്. നസ്രേത്തിലെ ഒരു ഗ്രാമത്തിലുണ്ടായ തിരുവവതാര മഹാസംഭവം, അവിടെനിന്ന് തെക്കോട്ടുതിരിച്ച് ആദ്യം ബെത്‌ലഹമിലേക്കും പിന്നീട് ഈജിപ്തിലേക്കും ചെയ്ത ദീർഘയാത്രകൾ, ഒടുവിൽ അവിടെനിന്നു വീണ്ടും നസ്രേത്തിലേക്കുതന്നെയുള്ള തിരിച്ചുവരവ്, ഈ സംഭവങ്ങളിലെല്ലാം വിശുദ്ധ ജോസഫ് സുപ്രധാനമായ ഒരു പങ്ക് വഹിച്ചിരുന്നതാണല്ലോ. ഇന്നത്തെപ്പോലെ വിമാനങ്ങളോ മോട്ടോർകാറുകളോ മറ്റു വിധത്തിലുള്ള യാത്രാസൗകര്യങ്ങളോ ഒന്നുംതന്നെ അക്കാലത്തുണ്ടായിരുന്നില്ല. ഒന്നുകിൽ കാൽനടയായി അല്ലെങ്കിൽ കഴുതപ്പുറത്തുകയറിയാണ് അന്നു യാത്ര ചെയ്യേണ്ടിയിരുന്നത്. വിശുദ്ധ ജോസഫ് നാം ധരിച്ചുവരുന്ന തരത്തിലുള്ള ഒരു വൃദ്ധനായിരുന്നെങ്കിൽ വളരെ കായക്ലേശങ്ങൾക്കിടയാക്കുന്ന ഈ ദീർഘയാത്രകൾ അദ്ദേഹം നിർവ്വഹിക്കുമായിരുന്നോ?

ആശാരിപ്പണിയാണല്ലോ ഇദ്ദേഹത്തിന്റെ തൊഴിൽ. ഇന്നത്തെപ്പോലെയുള്ള യാന്ത്രികസാമഗ്രികളുടെ സഹായമൊന്നുംതന്നെ അന്നത്തെ മരപ്പണിക്കാർക്കുണ്ടായിരുന്നില്ല. മരം വെട്ടിമറിക്കണം, തോളിൽ ചുമന്നു പണിസ്ഥലത്തെത്തിക്കണം, കഷണങ്ങളാക്കി തിരിക്കണം, പണിത്തരങ്ങളാക്കി രൂപാന്തരപ്പെടുത്തണം. ഇതിനുള്ള ആയുധങ്ങളോ മഴു, കോടാലി, ഉളി എന്നിങ്ങനെയുള്ള കേവലം പ്രാകൃതോപകരണങ്ങൾമാത്രം. തികഞ്ഞ ശരീരശക്തിയുള്ളവർക്കു മാത്രമേ ഇത്തരം അദ്ധ്വാനപ്രവൃത്തികൾ ചെയ്യാൻ സാധിക്കയുള്ളു. ഇങ്ങനെ ആലോചിച്ചാലും വിശുദ്ധ ജോസഫ് ഒരു യുവാവായിരുന്നു എന്ന അനുമാനത്തിൽ നാമെത്തിച്ചേരുന്നു.

ഇദ്ദേഹം ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട ഒരു രാജകുമാരനാണ്. അതേ ഗോത്രത്തിൽ പിറന്ന ഒരു കന്യക തന്റെ പത്നിയായി ദൈവത്താൽത്തന്നെ തിരഞ്ഞെടുക്കപ്പെട്ടതാണ്. മിശിഹായുടെ വളർത്തപ്പന്റെ നിലയിൽ ബാലനെ പരിചരിച്ചു വളർത്തിക്കൊണ്ടുവരുന്നതിനുള്ള ദൈവാനുഗ്രഹങ്ങളെല്ലാം വിശുദ്ധ ജോസഫിൽ കേന്ദ്രീകരിച്ചിരുന്നു. അദ്ദേഹം കന്യകാമറിയത്തോടു പ്രകടിപ്പിച്ചിരുന്നതു കേവലം പുത്രീനിർവ്വിശേഷമായ സ്നേഹം മാത്രമല്ല. ആ സ്ത്രീരത്നം പരിശുദ്ധ പ്രേമത്തിന്റെ മൂർത്തീകരണമാണ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ. അതെ, സർവ്വശക്തന്റെ വിശുദ്ധാവാസരംഗമായിത്തീരാനുള്ള പാവനമോഹനമായ ആ തിരുവുടലിൽനിന്നു വഴിഞ്ഞൊഴുകുന്ന ദിവ്യപ്രേമത്തിന്റെ—ആ പ്രേമത്തിന്റെ കൊച്ചലകൾ തട്ടി ജോസഫിന്റെ ഹൃദയാന്തർഭാഗങ്ങൾ വേലിയേറ്റംകൊണ്ടിരിക്കാം. എന്നാൽ മറിയം നിത്യകന്യകാവ്രതം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ജോസഫിനു് ഇതറിയാം. ഈ സംഗതി അദ്ദേഹത്തിനു അവളിൽ അങ്കുരിച്ച പ്രേമം കൊഴുത്തുതളിർത്തു വളരാൻ പര്യാപ്തമായിത്തീർന്നു. അതിന്റെ ഫലമായി അദ്ദേഹവും ബ്രഹ്മചര്യവ്രതം തന്നെ കൈക്കൊണ്ടു. നസ്രേത്തിൽ ഇവരുടെ വീടാകുന്ന അൾത്താരമേൽ ദൈവപുത്രന്റെ വിശുദ്ധോത്ഭവാലയത്തിന്റെ സന്നിധിയിൽ രണ്ടു തിരുവിളക്കുകളായി ഇവർ മിന്നിത്തിളങ്ങുകയാണ്.

മറിയത്തിന്റെ പ്രേമവാഹകൻ, ബ്രഹ്മചാരിയായ ഭർത്താവ്, ആശാരിപ്പണിക്കാരൻ, മറിയത്തേയും ബാലനായ ക്രിസ്തുവിനേയും പുലർത്തുന്ന കുടുംബനാഥൻ, മിശിഹായുടെ വളർത്തപ്പൻ, ഉപാദ്ധ്യായൻ — ചുരുക്കിപ്പറഞ്ഞാൽ സർവ്വവിധനന്മയുടേയും മഹത്വത്തിന്റേയും മൂർത്തീകരണം തന്നെയാണ് ഈ പുണ്യവാൻ. കുടുംബത്തിലെ സൈ്വരജീവിതത്തിനും ബാലനായ ക്രിസ്തുവിന്റെ വിദ്യാഭ്യാസനത്തിനും സംരക്ഷണത്തിനും വേണ്ടിയിരുന്ന എല്ലാ സൽഗ്ഗുണങ്ങളും ഈ വിശുദ്ധനിൽ കേന്ദ്രീകരിച്ചില്ലായിരുന്നുവെങ്കിൽ ഇദ്ദേഹത്തെ ഈശോയുടെ രക്ഷകർത്താവായി ഭൂമിയിൽ നിയോഗിക്കുമായിരുന്നില്ല.

ദൈവത്തിന്റെ തിരുവുള്ളത്താൽ തന്റെ പുത്രനെ ദൈവദൂതന്മാരെക്കൊണ്ടു വളർത്തിക്കാനുംകൂടി നിഷ്പ്രയാസം കഴിയും. പക്ഷെ ദൈവപുത്രൻ ദൈവവും മനുഷ്യനും കൂടിയാണ്. അതുകൊണ്ടു മനുഷ്യരിൽവെച്ചു ശ്രേഷ്ഠതയുടെ പരമോന്നതസ്ഥാനം വഹിച്ച വിശുദ്ധ മറിയത്തിനാണ് അദ്ദേഹത്തിന്റെ മാതൃപദമലങ്കരിക്കാനുള്ള വരപ്രസാദം ലഭിച്ചതു്. നന്മകളെല്ലാം ഒത്തിണങ്ങിയിരുന്ന വിശുദ്ധ ജോസഫ് ആ മഹിളാമണിയുടെ വരനായും നിയുക്തനായി. ദൈവപുത്രന്റെ വളർത്തുപിതാവെന്ന പുണ്യമേറിയ പദവിക്ക് അദ്ദേഹംതന്നെയാണ് സർവ്വഥാ അർഹനും.

ഇതാണ് വിശുദ്ധ ജോസഫിന്റെ യഥാർത്ഥചിത്രം—എല്ലാ പിതാക്കന്മാരുടേയും ഭർത്താക്കന്മാരുടേയും ഉത്തമമാതൃക. അദ്ദേഹത്തെപ്പോലെ ഈ ലോകത്തിൽ ഒട്ടധികം പിതാക്കളും ഭർത്താക്കന്മാരും തങ്ങളുടെ കുട്ടികളുടേയും ഭാര്യമാരുടേയും പിന്നണിയിലേക്ക് നീങ്ങിയൊതുങ്ങി വിസ്മൃതിയിലാണ്ടുകിടപ്പുണ്ട്. നസ്രേത്തിലെ ഒരു ചെറുകുടുംബം വിനീതനിലയിൽ പുലർത്തിപ്പോന്ന ഈ ഗൃഹനാഥനു് നമ്മുടെയെല്ലാം വിഷമതകളും പ്രയാസങ്ങളും നന്നായി ഗ്രഹിക്കാൻ കഴിവുണ്ട്. ലോകത്തിലുള്ള കുടുംബങ്ങളുടെയെല്ലാം രക്ഷാധികാരിയായ അദ്ദേഹത്തിന്റെ മുമ്പിൽ നമ്മുടെ വിഷമപ്രശ്നങ്ങളെ ഉണർത്തിക്കാം. അദ്ദേഹം സൈ്വരജീവിതവും ശാശ്വതസമാധാനവും അനുഗ്രഹിച്ചരുളുമാറാകട്ടെ.

— —

# പുസ്തകാഭിപ്രായം

## എന്റെ തീർത്ഥയാത്ര

(തച്ചിൽ ലോനൻ വറിയതു്. മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം. പേജ് 161)

പതിനൊന്നാം പീയൂസ് പാപ്പാ തിരുമനസ്സിലെ പൗരോഹിത്യ സുവർണ്ണജൂബിലി പ്രമാണിച്ച് പ്രഖ്യാപിതമായ വിശുദ്ധ വത്സരത്തിൽ ഗ്രന്ഥകാരൻ നടത്തിയ തീർത്ഥയാത്രയുടെ കുറിപ്പുകൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതാണ് ഈ ഗ്രന്ഥം. കാണ്ടി, റോമ, ബൊളോഞ്ഞ, പാദുവ, ടൂറിൻ, പരെലെമോനിയ, ലൂർദ്, ലണ്ടൻ, പാരിസ്, ജറുസലം മുതലായ സ്ഥലങ്ങളിൽ ഗ്രന്ഥകാരൻ സന്ദർശിച്ച സ്ഥാപനങ്ങളുടേയും അവിടെ അദ്ദേഹത്തിനുണ്ടായ വിവിധാനുഭവങ്ങളുടേയും വിവരണങ്ങളാണ് ഇതിലെ ഉള്ളടക്കം. ചിരപരിചിതനായ ഒരു സ്നേഹിതൻ വിദേശങ്ങളിൽ പര്യടനം നടത്തിയശേഷം തന്റെ അനുഭവങ്ങൾ രസകരമായി നമ്മെ വിവരിച്ചു കേൾപ്പിക്കുന്ന അനുഭൂതിയാണ് ഈ ഗ്രന്ഥം വായിക്കുമ്പോൾ നമുക്കുണ്ടാകുന്നതു്. വളരെ ലളിതവും ശുദ്ധവുമായ ഭാഷയിൽ വിരചിതമായിരിക്കുന്ന ഈ ഗ്രന്ഥം ആർക്കും നിഷ്പ്രയാസം വായിച്ചു രസിക്കാവുന്നതാണ്. നല്ല കടലാസിൽ പല ബ്ലോക്കുകളോടുകൂടി ഭംഗിയായി അച്ചടിച്ചിരിക്കുന്ന ഈ ഗ്രന്ഥം ആകപ്പാടെ ആകർഷകമായിരിക്കുന്നു.

A. V. T.

## ഭാരതസഭാ ചരിത്രസംഗ്രഹം

(എസ്. ജെ. പൈനിക്കളം. എൽ. എഫ്. മിഷൻ പബ്ലിക്കേഷൻസ്, ഭരണങ്ങാനം. നമ്പർ 4. പേജ് V + 171. വില രൂ. 1—6—0)

ഭാരതക്രൈസ്തവസഭയുടെ ഒരു സംക്ഷിപ്ത ചരിത്രമാണ് ഈ ഗ്രന്ഥം. തോമാശ്ലീഹായുടെ ആഗമനംമുതൽ ഇതേവരെ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവസഭയ്ക്കുണ്ടായിട്ടുള്ള വളർച്ചയുടേയും ദശാപരിണാമങ്ങളുടേയും ഒരു സാമാന്യപ്രതിപാദനം ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ഗവേഷണത്തിനോ നിരൂപണത്തിനോ മുതിരാതെ അങ്ങിങ്ങായി കിടന്നിരുന്ന ചരിത്രവസ്തുതകളെ സാധാരണക്കാർക്ക് നിഷ്പ്രയാസം വായിച്ചു ഗ്രഹിക്കത്തക്കവിധം കോർത്തിണക്കുകയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നതു്. കേരളക്രൈസ്തവസഭയുടെ ചരിത്രം സംബന്ധിച്ച അനവധി ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ടെങ്കിലും ഭാരതസഭയെ ആകമാനം സ്പർശിച്ചുകൊണ്ടുള്ള ഒരു ചരിത്രഗ്രന്ഥം കൈരളിയിൽ ഇതാദ്യമായിട്ടാണെന്നു തോന്നുന്നു. ഇതിന്റെ പാരായണംമൂലം ഭാരതസഭയെ സംബന്ധിച്ച ഒരു സ്ഥൂലജ്ഞാനം നമ്മുടെ വിദ്യാർത്ഥികൾക്കു ലഭിക്കുന്നതിനുപുറമേ കൂടുതൽ അവഗാഹമായ ജ്ഞാനം സമ്പാദിക്കുന്നതിനുള്ള ഔൽസുക്യം അവരിൽ സംജാതമാകുന്നതുമാണ്.

"ഭാരതകത്തോലിക്കരിൽ എൺപതു ശതമാനത്തോളംവരുന്ന കേരളീയേതരരുടെ ചരിത്രത്തിലേക്ക്....." എന്നു് ഗ്രന്ഥകാരൻ ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് ഒരു പ്രമാദമായിരിപ്പാനേ തരമുള്ളു. കേരളത്തിൽ ഭാരതകത്തോലിക്കരുടെ നാല്പതു ശതമാനത്തോളമുണ്ടെന്നു് ഗ്രന്ഥത്തിന്റെ അന്ത്യഭാഗത്തു കൊടുത്തിട്ടുള്ള കണക്കുകളിൽനിന്നുതന്നെ വ്യക്തമാണ്. പ്രഥമ ഇൻഡ്യൻ കർദ്ദിനാളിന്റെ പേർ "ഗ്രാഷ്യാസ്" എന്നു കൊടുത്തിട്ടുള്ളതു് Gracias എന്ന ഇംഗ്ലീഷ് വാക്കിന്റെ തെറ്റായ ഉച്ചാരണമാണ്. "ഗ്രേഷ്യസ്" എന്നാണ് ആ സംജ്ഞാനാമത്തിന്റെ ശരിയായ ഉച്ചാരണം.

യുവാവായ ഗ്രന്ഥകാരന്റെ അനുഗൃഹീതമായ തൂലികയിൽനിന്നും "ഭാരതസഭാ ചരിത്രസംഗ്രഹം"പോലെ ഉപയോഗപ്രദമായ അനവധി ഗ്രന്ഥങ്ങൾ കൈരളിക്കു ലഭിക്കുമെന്നു പ്രത്യാശിക്കുന്നു.

A. V. T.

## About The Catholic Church

"As a thinker and a metaphysician, I was always forced to pay the homage of my admiration to the logical consistency of the Roman Catholic Church."
—HEINE

"The (Catholic) priest speaks as one having authority, with the faith that knows no wavering. He will never lack hearers."
—THE INTER-OCEAN, CHICAGO

"It is a strange and lamentable fact that not one Protestant in ten thousand knows the truth about the teaching and practice of the Catholic Church."
—Rev. J. B. HEMMEON (Methodist)

"Time and place affect not the Church. It still thrills the world with its teachings and services."
—NEW YORK SUN

"The Church of Rome has always been a strong force in favour of public morals and the family… No church has held its people to the sanctity of the marriage bond as has the Church of Rome."
—Rev. B. B. DIMMICK (Methodist)

"The Roman Catholic Church is besmired from day to day with all possible calumnies."
—Dr. SCHAFF (Presbyterian)

"Among non-Catholics even men of education are woefully ignorant of the Catholic Church."
—Dr. WASHINGTON GLADDON (Congregationalist)

"Roman Catholics meet the real difficulty in education. Our Protestant churches utterly ignore it."
—PRESIDENT HARPER (Chicago University)

"That Church is a vast spiritual police force, a protection of society from the reckless apostles of self-will."
—THE OUTLOOK

"The Confessional fills a need of humanity."
—Judge E.B. LINDSAY (non-Catholic)

"In all fairness it must be admitted that popular ignorance, superficial knowledge, and malicious slander have misrepresented her (the Catholic Church's) teachings in many instances."
—Rev. T.B.THOMPSON (Congregationalist)

"Non-Catholics may properly express a high appreciation of the good influence of the Catholic Church in our community. …We can be very sure that those who are good Catholics are good citizens."
—WILLIAM HOWARD TAFT (ex-President of the United States)

---

* The Christian Family എന്ന മാസികയിലെ ഒരു ലേഖനത്തിൽനിന്നു സംഗ്രഹിച്ചതു്.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam September 23 1953 No. 6

## വിവിധവൃത്താന്തങ്ങൾ

### ജോർഡാൻരാജ്യത്തിലെ പുതിയ രാജാവ്

ഹസ്സെയിൻ രാജകുമാരന്റെ സ്ഥാനാരോഹണച്ചടങ്ങുകൾ ആഘോഷപൂർവ്വം നടന്നിരിക്കുന്നു. അമ്മാനിലെ പാർലമെന്റു മന്ദിരത്തിൽവച്ചു ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥപ്രമുഖന്മാരുടെയുംമദ്ധ്യേ, അദ്ദേഹം സാഡംബരം തന്റെ സത്യപ്രതിജ്ഞ നടത്തി. "ഭരണഘടനയനുസരിച്ചു വർത്തിക്കുന്നതിനും, ജനങ്ങളോടു വിശ്വസ്തതാപൂർവ്വം പെരുമാറുന്നതിനും ദൈവത്തിന്റെമുമ്പാകെ ഞാൻ സത്യം ചെയ്യുന്നു" എന്നു തെളിവുള്ള സ്വരത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു. ഹസ്സെയിൻ ജോർഡാന്റെ മൂന്നാമത്തെ രാജാവാണ്. പ്രഖ്യാതനായ ഒന്നാമത്തെ രാജാവായിരുന്ന അബ്ദുള്ള 1951 ജൂലൈ 21-ൽ വധിക്കപ്പെടുകയാണുണ്ടായത്. പുത്രനായ ടാലാൽ അനന്തരം സിംഹാസനാരോഹണംചെയ്തു. അസ്വാസ്ഥ്യം നിമിത്തം അദ്ദേഹത്തെ സ്ഥാനത്തുനിന്നു മാററി പുത്രനായ ഹസ്സെയിനെ രാജാവായി പ്രഖ്യാപിച്ചിരിക്കുകയാണ്. പുതിയ രാജാവിനു 18 വയസ്സു പ്രായമേയുള്ളു. ഇംഗ്ലണ്ടിലെ ഹാരോ, സാൻഡ്ഹഴ്സ്റ്റ് എന്ന പ്രശ്രുതകോളെജുകളിലാണ് വിദ്യാഭ്യാസം നടത്തിയതു്. പിതാവിനെയും പിതാമഹനെയുംപോലെ ക്രിസ്ത്യാനികളോടു് അനല്പമായ അനുഭാവം പുതിയ രാജാവിനുമുണ്ടു്. രാജകൊട്ടാരത്തിൽനിന്നും അധികം അകലെയല്ലാതെ ഫ്റാൻസിസ്കൻസിന്റെ ടേറാസാൻക്താ കോളെജു സ്ഥിതിചെയ്യുന്നു. രാജകുമാരന്മാരുടെ വിദ്യാഭ്യാസം അവിടെയത്രെ നടക്കുന്നതു്. മുപ്പത്തേഴായിരം ചതുരശ്രമൈൽ വിസ്താരമുള്ള ജോർഡാനിൽ 14 ലക്ഷം ജനങ്ങളുണ്ടു്. പഴയ ഓർശ്ലം നഗരവുംമററും ഇപ്പോൾ ജോർഡാന്റെ അതിർത്തിയിൽ പെടുന്നു.

### ഹിലെരി ബെല്ലക്കിന്റെ ഗ്രന്ഥശേഖരം

ബെല്ലക്കകൃതികളുടെ ഒരു പൂർണ്ണപട്ടിക ഇദംപ്രഥമമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 153 ഗ്രന്ഥങ്ങളുടെയും നിരവധി ലഘുഗ്രന്ഥങ്ങളുടെയും വിവരമാണ് ഈ പട്ടികയിൽ അടങ്ങിയിരിക്കുന്നതു്. പുസ്തകങ്ങൾ വിരചിതങ്ങളായ കാലങ്ങളെ ആസ്പദമാക്കി ലിസ്റ്റ് തയാറാക്കിയിട്ടുള്ളതു് പ്രത്യേകിച്ചും വിജ്ഞാനപ്രദമായിരിക്കുന്നു. 1911, 12 ഈ ആണ്ടുകളിൽ അദ്ദേഹം 17 ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്. 46 കൊല്ലത്തെ അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങൾക്കിടയിൽ ശരാശരി ആണ്ടിനാൽ മൂന്നു പുസ്തകംവീതം രചിച്ചിട്ടുള്ളതായി കാണാം. ഒരിക്കൽ ഒരാഴ്ചക്കാലംകൊണ്ടു് ഒരു വലിയ നോവൽ എഴുതിത്തീർത്തു. 1923-ൽ ചെസ്റ്റർട്ടൺ തന്റെ ആപ്തമിത്രമായ ബെല്ലക്കിനു് എഴുതിയ ദീർഘമായ ഒരു കത്തും ഈ കാററ്ലോഗിൽ ചേർത്തിട്ടുണ്ടു്.

### സ്പാനിഷ് മെത്രാപ്പോലീത്താ മുതലാളിമാർക്ക് താക്കീതു്

വലേൻസിയ മെത്രാപ്പോലീത്താ തൊഴിലാളിപ്രശ്നംസംബന്ധിച്ച ഒരു പണ്ഡിതപ്രബന്ധത്തിൽ പറയുന്നു: "ഞായറാഴ്ച ഒന്നു പള്ളിയിൽ പോയതുകൊണ്ടുമാത്രം തൊഴിലാളികളോടു കാണിക്കുന്ന അനീതികൾക്കു ദൈവതിരുമുമ്പാകെ പരിഹാരം ചെയ്യാമെന്നു നിങ്ങൾ കരുതരുതു്. തൊഴിലാളികൾ നിങ്ങളോടൊന്നിച്ചു് ഒരേ പള്ളിയിൽ കയറാൻ ഇഷ്ടപ്പെടുന്നില്ലെന്നു പറയപ്പെടുന്നു. ഇതു അടിസ്ഥാനരഹിതമാണെന്നു പറഞ്ഞുകൂടാ. ഒരു സ്പാനിഷ് നഗരത്തിൽവച്ചു ഈ ആരോപണം നാംതന്നെ ശ്രവിച്ചിട്ടുള്ളതാണ്." 1946-ൽ മെത്രാൻപദത്തിലേക്കു് ഉയർത്തപ്പെട്ടതുമുതൽ തൊഴിലാളികളുടെ ഉദ്ധാരണത്തിനായി അശ്രാന്തം പരിശ്രമിക്കുന്ന ഈ വന്ദ്യദേഹം തന്റെ സ്ഥാനമുദ്രയിൽ ഒരു തൊഴിലാളി ഫാക്ടറിയാണ് മുദ്രണംചെയ്തിരിക്കുന്നതു്.

### ആഫ്റിക്കൻസഭയ്ക്കു വീണ്ടും കൊയ്ത്തുകാലം

ആഫ്റിക്കൻ ഗോൾഡ്കോസ്റ്റ് രൂപതയിലേക്കായി ന്യൂയോർക്കിൽവച്ചു ഈയിടെ അഭിഷേകംചെയ്യപ്പെട്ട ബിഷപ്പ് ബെവ്വേഴ്സ് എന്ന അമേരിക്കൻ വൈദികാദ്ധ്യക്ഷൻ ഐക്യരാജ്യവാസികളോടു ഒരു പ്രക്ഷേപണപ്രസംഗത്തിൽ പറഞ്ഞു: "അഞ്ചാംശതാബ്ദംമദ്ധ്യംവരെ ആഫ്റിക്കയുടെ മെഡിററേനിയൻ തീരപ്രദേശങ്ങൾ സഭയുടെ മനോമോഹനങ്ങളായ ഉദ്യാനങ്ങളായിരുന്നു. തെർത്തുലിയൻ, സിപ്രിയൻ, അഗസ്റ്റിൻ ആദിയായ കമനീയകുസുമങ്ങൾ അവിടെയാണു പ്രശോഭിച്ചിരുന്നതു്. എന്നാൽ പല പ്രതികൂലസാഹചര്യങ്ങളാൽ സഭ അവിടെ നാമാവശേഷമായി. എങ്കിലും ആഫ്റിക്കൻ വൻകരയിൽ സത്യവേദം വീണ്ടും വികസിച്ചുതുടങ്ങിയിരിക്കയാണ്. കോംഗോ, മദ്ധ്യആഫ്റിക്ക മുതലായ പ്രദേശങ്ങളിൽ അത്ഭുതകരമായ വിളവാണു പ്രത്യക്ഷപ്പെടുന്നതു്. എല്ലാംകൊണ്ടും അന്ധകാരഭൂഖണ്ഡത്തിൽ വീണ്ടും കൊയ്ത്തുകാലം സമാഗതമായിരിക്കുന്നു."

### വി. ബർണ്ണാർദിനെ കണ്ടുപഠിക്കുക

ഈ മഹാവേദപാരഗന്റെ 8-ാം ശതകജൂബിലി സാഘോഷം കൊണ്ടാടിക്കഴിഞ്ഞു. പരിശുദ്ധ പിതാവിന്റെ ചാക്രികലേഖനം അതിനു മകുടംചാർത്തി. അദ്ദേഹത്തിന്റെ ജീവിതത്തെയും ഗ്രന്ഥങ്ങളെയും പററിയുള്ള പഠനം വിവിധപണ്ഡിതസമിതികളിലും നടന്നു. അവിടെനിന്നെല്ലാം ഉന്നതമായ ലോകത്തോടുണ്ടായ ആഹ്വാനം ഇതാണ്: "വി. ബെർണ്ണാർദിനെ കണ്ടുപഠിക്കുക." ബർഗ്ഗണ്ടിയിലെ ഒരു പ്രഭുകുടുംബത്തിൽ 1090-ാമാണ്ടു ഭൂജാതനായ ഈ വന്ദ്യൻ ലൗകികശാസ്ത്രപഠനങ്ങൾ പ്രശസ്തമായി നടത്തിയശേഷം, ഏകാന്തതയിൽ ദൈവത്തോടൊന്നിച്ചു ജീവിപ്പാനുള്ള ആഗ്രഹാധിക്യത്താൽ സന്യാസജീവിതം ആശ്ലേഷിക്കയാണു ചെയ്തതു്. എങ്കിലും കലങ്ങിമറിഞ്ഞുകിടന്നിരുന്ന അന്നത്തെ ലോകത്തിനുവേണ്ടി പല സേവനങ്ങളും അവിടെയും ദൈവം അദ്ദേഹത്തിൽനിന്നാവശ്യപ്പെട്ടു. ശീശ്മകൾ ആവിർഭവിച്ചപ്പോൾ അദ്ദേഹം സുധീരം വെളിക്കിറങ്ങി പോരാടി. രാഷ്ട്രങ്ങൾ തമ്മിൽ ഛിദ്രം മുഴുത്തപ്പോൾ സമാധാനദൂതനായി അദ്ദേഹം അവിടെ എത്തി. തിരുസ്ഥലങ്ങൾ വീണ്ടെടുക്കുന്നതിനുള്ള കുരിശുയുദ്ധത്തിൽ ഭടന്മാരെ ഉത്തേജിപ്പിക്കുന്നതിനു് അദ്ദേഹം രംഗത്തിറങ്ങി. അദ്ദേഹത്തിന്റെ സുകൃതവും വിജ്ഞാനവും വിവേകവും കണ്ടു ലോകം അദ്ദേഹത്തെ പൂജിച്ചു. എന്നാൽ എളിയവരിൽ എളിയവനാണെന്നുള്ള പൂർണ്ണബോധ്യത്തോടെ അദ്ദേഹം തന്നെത്തന്നെ താഴ്ത്തി. ദൈവജനനിയുടെ നേർക്കു് അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി അന്യാദൃശമെന്നേ പറയാനുള്ളു. "മറിയത്തിന്റെ തിരുനാമം നിന്റെ അധരങ്ങളിൽനിന്നു വിട്ടുമാറാതിരിക്കട്ടെ, നിന്റെ ഹൃദയത്തിൽനിന്നു അതു വേർപിരിവാൻ ഒരിക്കലും അനുവദിക്കരുതു്......മറിയം നിന്നെ നയിക്കുമ്പോൾ ഒരിക്കലും നീ വഴിതെററിപ്പോകയില്ല" ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനം. 1153-ൽ 63-ാമത്തെ വയസ്സിലാണ് വി. ബെർണ്ണാർദു് ദിവംഗതനായതു്. അതിനാൽ ചരമത്തിന്റെ 8-ാം ശതാബ്ദം ഇക്കൊല്ലം ആഘോഷിക്കപ്പെട്ടു.

### വിപ്ലവനേതാവ് മെത്രാപ്പോലീത്തായ്ക്കു കീഴടങ്ങി

തെക്കേ അമേരിക്കയിൽ ക്യൂബാ രാജ്യത്തു കുറേനാളായി ഒരു സംഘം വിപ്ലവകാരികൾ അനല്പമായ നാശങ്ങൾ വരുത്തിക്കൊണ്ടിരുന്നു. അവരെ കീഴടക്കുന്നതിനുള്ള ഗവർമ്മെന്റിന്റെ ശ്രമങ്ങൾ വിഫലമായതേയുള്ളു. ഒടുവിൽ സാൻറിയാഗോയിലെ മെത്രാപ്പോലീത്തായായ പേറെസ് സെറാന്തസ് എന്ന ദേഹം ഒരു ജീപ്പിൽ അവരുടെ സങ്കേതസ്ഥാനമായിരുന്ന മലമ്പ്രദേശത്തേക്കു പുറപ്പെട്ടു. 69 വയസ്സു പ്രായമുള്ള ആ വന്ദ്യവയോധികനോടൊന്നിച്ചു അദ്ദേഹത്തിന്റെ രണ്ടു വേലക്കാർമാത്രമേ ഉണ്ടായിരുന്നുള്ളു. വിപ്ലവനേതാവും 20 അനുയായികളും മെത്രാപ്പോലീത്തായുടെ മുമ്പാകെ വന്നു കീഴടങ്ങിയിരിക്കുന്നു. അദ്ദേഹം അവരെ ആശീർവ്വദിച്ചു. പടയാളികൾ അവരെ ജയിലിലേക്കു കൊണ്ടുപോകയുംചെയ്തു.

### കൊറിയൻ നേതാക്കന്മാർ അയർലണ്ടിൽ

കിരീടധാരണാഘോഷത്തിൽ സംബന്ധിക്കാൻ ലണ്ടനിലെത്തിയിരുന്ന പ്രമുഖരായ രണ്ടു കൊറിയൻ നേതാക്കന്മാർ മടക്കയാത്രയിൽ അയർലണ്ടിലെത്തിയിരുന്നു. ഷിനിക്കി കൊറിയൻ റിപ്പബ്ലിക്കിന്റെ നാഷനൽ അസംബ്ലിയുടെ ചെയർമനാണ്. അപരൻ, ഡോങ്ങ്സുങ്ങ്, നാഷനൽ അസംബ്ലിയുടെ അംഗവുമാണ്. യുദ്ധവിരാമസന്ധിയുടെ വാദപ്രതിവാദഘട്ടമായിരുന്നു അന്നു്. ഡബ്ലിനിൽ അവർക്കു ഹാർദ്ദമായ സ്വീകരണം നൽകപ്പെട്ടു. ഷിനിക്കി പത്രപ്രതിനിധികളുടെ ഒരു കോൺഫറൻസിൽ പറഞ്ഞു: ഈ 38-ാംപാരലൽ കൊറിയായെ ഞെക്കിക്കൊല്ലുകയാണു ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ കൊറിയായുടെ വ്യവസായങ്ങളെല്ലാം വടക്കാണ്; കൃഷി ഏറിയപങ്കു തെക്കും. അയർലണ്ടിന്റെ വിഭജനംപോലെതന്നെയായിത്തീരും കൊറിയ വെട്ടിപ്പങ്കിട്ടാൽ. "ഒന്നിച്ചാൽ നാം നിലനില്ക്കും, വിഭജിച്ചാൽ നാം അധഃപതിക്കും" എന്നുള്ള പ്രമാണത്തിനു ഒരിക്കലും അന്തരമുണ്ടാകയില്ല......ഞങ്ങളുടെ സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി വളരെ ത്യാഗങ്ങൾ നിങ്ങളുടെ നേതാക്കന്മാർ ചെയ്തുതന്നിട്ടുണ്ടു്. അതിനാൽ ഈ രാജ്യം സന്ദർശിക്കാനിടയായതിൽ ഞങ്ങൾക്കുള്ള സന്തോഷം അനല്പമാണ്. ദെവലേരാ ഉൾപ്പെടെ, നിങ്ങളുടെ രാജ്യത്തിന്റെ മോചനത്തിനായി അവസാനംവരെ പോരാടിയ ആ ധീരരാജ്യസ്നേഹികളെപ്പററി ഞങ്ങൾക്കുള്ള മതിപ്പു ചില്ലറയല്ല. കൊറിയാക്കാർ സമാധാനതല്പരരായ ഒരു ജനതയാണ്. എണ്ണത്തിൽ മൂന്നുകോടിയോളം വരുന്ന ഞങ്ങൾ ഏകജനമാകുന്നു—ഒരേ ഭാഷയും ഒരേ സമ്പ്രദായങ്ങളുമുള്ളവർ. അതു ഒന്നായിത്തന്നെ കിടക്കാതെ ഞങ്ങൾ അടങ്ങുകയില്ല......"

### മാനസാന്തരങ്ങൾ ഉണ്ടാകുന്ന വിധം

ആറുകൊല്ലം മുമ്പാണ്. എലിയനോർ ബ്രൗൺ എന്ന പെൺകുട്ടി ഓഹിയോയിൽ പെറു എന്ന ചെറുനഗരത്തിലെ ഒരു ഹൈസ്കൂളിൽ പഠിക്കയായിരുന്നു. സഹപാഠികളായ രണ്ടു കത്തോലിക്കായുവതികളുടെ സന്മാതൃകയാൽ ആകൃഷ്ടയായി അവൾ കത്തോലിക്കാസഭയിൽ പ്രവേശിച്ചു. ഇപ്പോൾ അവൾ വിവാഹിതയായി മിസ്സിസ് ക്ലാക്കഫിഷർ ആയിത്തീർന്നിരിക്കയാണ്. ഈയിടെ സ്ഥലത്തെ മെത്രാന്റെ പക്കൽ മുമ്പിലത്തെ ഒപ്രൂശ്മാ കൈക്കൊൾവാനായി അവൾ ചെന്നു. എന്നാൽ അവൾ തനിച്ചല്ല ആഗതയായതു്. അവളുടെ അപ്പൻ, അമ്മ, ഒരു സഹോദരി, സഹോദരീഭർത്താവു്, ഒരു സഹോദരൻ, അയാളുടെ ഭാര്യ, സഹോദരന്റെയും സഹോദരിയുടേയും പുത്രന്മാരും പുത്രിമാരുമായി അഞ്ചുപേർ, ഇത്രയുംപേരാണ് സ്ഥൈര്യലേപനത്തിനണഞ്ഞതു്. ഇവരെല്ലാവരും അവളുടെ സുകൃതദൃഷ്ടാന്തത്താൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ചവരാണ്.

### കർമ്മലീത്താ ആശ്രമത്തിനു ജലപ്രളയത്താലുണ്ടായ നഷ്ടം

വി. ശെമോൻസ്റ്റോക്കിനു ദൈവജനനി തിരുവുത്തരീയം നൽകിയതു് ഇംഗ്ലണ്ടിലെ അയിൽസ്ഫോർഡ് ആശ്രമത്തിൽവച്ചാണല്ലൊ. മതവിപ്ലവത്തോടെ നഷ്ടീഭവിച്ച ഈ പൂജ്യസ്ഥാനം കർമ്മലീത്തർ വീണ്ടും കൈവശപ്പെടുത്തിയിട്ടു് നാലുകൊല്ലമേ ആയിട്ടുള്ളു. പൂർവ്വസ്ഥിതിയിൽ അതിനെ ആക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള വേലകൾ ഊർജ്ജിതമായി നടന്നുവരികയായിരുന്നു. അപ്പോഴാണ് ഇക്കൊല്ലത്തെ ഭയങ്കരവെള്ളപ്പൊക്കമുണ്ടായതു്. മെഡ്വേ നദീതീരത്തു സ്ഥിതിചെയ്യുന്ന ആശ്രമത്തിനു ജലപ്രവാഹത്തിന്റെ ഹേമം കണക്കിലധികം തട്ടി. നാലുകൊല്ലക്കാലത്തിനിടയ്ക്കു കെട്ടിപ്പൊക്കിയ ഏടുപ്പുകൾ മിക്കതും നിലംപതിച്ചതായിട്ടാണ് അറിയുന്നതു്. വസ്തുവകകളുടെ നാശവും ചില്ലറയല്ല. ദൈവാനുഗ്രഹത്താൽ ആൾനാശംമാത്രം ഒന്നും അവിടെയുണ്ടായില്ല.

*Permissu Ecclesiastico*
Printed & Published by
K. I. Varkey
at the Mar Louis Memorial Press
Ernakulam—1

